www.malankaralibrary.com

# സ്മൃതിപഥം

## ഫാ. തോമസ് പടിഞ്ഞാറേക്കുറ്റ്
## 25-ാം ചരമ വാർഷികം





www.malankaralibrary.com



# ST. GEORGE MALANKARA CATHOLIC CHURCH

## CHENGAROOR, ARCHDIOCESE OF THIRUVALLA

Web: www.chengaroorcatholic.in

www.malankaralibrary.com

# ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ്



| | |
|---|---|
| ജനനം | : 03.03.1939 |
| വൈദികപട്ടം | : 26.03.1966 |
| മരണം | : 12.12.1993 |

## സ്മൃതിപഥം

Editorial Board
Chief Editor : Fr. Santhosh Azhakath
Associate Editor : Dominic Kurian Padinjarekuttu
Sub Editors : Fr. George Pathiparambil
Fr. Tony Kozhimannil
Johnson Paulose, Moovakottukunnel
Babuji Bathery
Managing Editors : Thomas Kurian Padinjarekuttu
George Thomas Padinjarekuttu

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# താളുകൾ മറിക്കുമ്പോൾ...


| | | |
|---|---|---|
| എഡിറ്റോറിയൽ | | |
| ആശംസകൾ | | |
| ആടുകളെ അടുത്തറിഞ്ഞിരുന്ന അജപാലകൻ | മോൺ. ചെറിയാൻ താഴമൺ | 8 |
| സേവന സരണികളിലെ കെടാവിളക്ക് | ഉമ്മൻ ചാണ്ടി | 12 |
| സഹോദരതുല്യൻ തോമസച്ചൻ | റവ. ഫാ. ജോൺ ഇരുമേട | 15 |
| അന്ത്യദിനം ഓർക്കുമ്പോൾ | ജോസഫ് എം. പുതുശ്ശേരി | 17 |
| മണ്ണിൽ അലിഞ്ഞിട്ടും മനസ്സിൽ ഇളകാതെ | വി. എസ്. സ്കറിയ | 21 |
| അജപാലകനായ തോമസച്ചൻ | സിസ്റ്റർ ഇമ്മാക്കുലേറ്റ് എസ്. ഐ. സി | 22 |
| അരികവത്കരിക്കപ്പെട്ടവരുടെ ആത്മമിത്രം | ബാബുജി ബത്തേരി | 24 |
| വിദ്യാഭ്യാസ വിചക്ഷണനായ വൈദികൻ | റവ. ഫാ. തോമസ് പുതിയവീട്ടിൽ | 27 |
| യുവജനങ്ങളുടെ സുഹൃത്തും വഴികാട്ടിയും | ജോമോൻ മനപ്പുറത്ത് | 31 |
| യഥാർത്ഥ പുരോഹിതൻ | വന്ദ്യ തോമസ് കൊടിനാട്ടുംകുന്നേൽ കോർ എപ്പിസ്കോപ്പാ | 35 |
| ഒരു സഹപാഠിയുടെ അനുസ്മരണകൾ | വന്ദ്യ തോമസ് താന്നിക്കാക്കുഴി കോർ എപ്പിസ്കോപ്പാ | 37 |
| കുടുംബ ബന്ധങ്ങളെ ഊട്ടി ഉറപ്പിച്ചിരുന്ന ജ്യേഷ്ഠ സഹോദരൻ | കുഞ്ഞുമോൻ പടിഞ്ഞാറേക്കൂറ്റ് | 41 |
| ജനഹൃദയങ്ങളിൽ എന്നും ഇടമുള്ള പ്രിയങ്കരൻ | റ്റി. സി. അലക്സാണ്ടർ | 45 |
| ചുങ്കപ്പാറയുടെ അസ്തമിക്കാത്ത സൂര്യൻ | റവ. ഫാ. ഡോ. ചെറിയാൻ കോട്ടയിൽ | 48 |
| വയനാടിന്റെ പ്രിയങ്കരൻ | പി. പി. മാത്തുക്കുട്ടി മാസ്റ്റർ | 51 |
| ഏവർക്കും പ്രിയങ്കരനായ തോമസ് പടിഞ്ഞാറേക്കൂറ്റച്ചൻ | വന്ദ്യ ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പാ | 53 |
| സ്നേഹത്തിന്റെ ദീപനാളം | അശ്വിൻ വി. ജോണി | 54 |
| മികച്ച സംഘാടകൻ | സിസ്റ്റർ ഡെൽഫിന എസ്. ഐ. സി | 56 |
| ഒരു കർമ്മയോഗിയുടെ കാൽപ്പാടുകൾ | വർഗീസ് ജോർജ്ജ് കിണറ്റുകര | 59 |
| ജീവിതമാകുന്ന യാത്രയിലൂടെ ഒരു ഇടയൻ | ബ്രദർ ജോർജ്ജ് വെച്ചൂർ | 61 |
| വിശ്വസ്തനും വിവേകിയുമായ പുരോഹിതൻ | ഇ. ജെ. ഫിലിപ്പ് | 62 |
| നന്ദിപൂർവ്വം | | 63 |

www.malankaralibrary.com

# എഡിറ്റോറിയൽ

പൗരോഹിത്യ ജീവിതത്തിൽ പൂർണ്ണതയുടെ പരിവേഷവും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും ഗന്ധവും ഉണ്ടാകണമെന്ന് ജീവിതംകൊണ്ട് പഠിപ്പിച്ച് നമുക്ക് മാതൃകയായി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ഒരു പുണ്യശ്രേഷ്ഠന്റെ സ്വർഗ്ഗം പൂകിയതിന്റെ കാൽനൂറ്റാണ്ടിന്റെ മധുരനൊമ്പരങ്ങൾ മനസ്സിൽ ചേക്കേറുമ്പോൾ കുറിക്കാൻ വാക്കുകൾ പോരാ...... സ്വാർത്ഥതയില്ലാത്ത സ്നേഹമൂർത്തിയായ ഒരു സ്നേഹിതൻ, പകരം വെക്കാനില്ലാത്ത ആദർശധീരൻ, പാവങ്ങളുടെ പക്ഷം ചേരുന്ന ഒരു സാമൂഹിക പ്രവർത്തകൻ, കൃത്യമായ നയങ്ങൾ ഉള്ള ഒരു നേതാവ്, കുടുംബബന്ധത്തിന്റെ ആഴമറിഞ്ഞ് സ്നേഹിച്ച സഹോദരൻ, യുവജനങ്ങളുടെ വഴികാട്ടി, മികച്ച സംഘാടകൻ, യഥാർത്ഥ അജപാലകൻ, വിദ്യാഭ്യാസ വിചക്ഷണനായ വൈദികൻ, എല്ലാറ്റിലുമുപരി കറപുരളാത്ത ജീവിതത്തിന്റെ ഉടമയായ ഒരു പുരോഹിതൻ ഇതാണ് ഞാൻ ബഹുമാന്യനായ തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചനിൽ ദർശിച്ച ഏതാനും ചില സവിശേഷതകൾ. അദ്ദേഹത്തിന്റെ 25–ാം ചരമ വാർഷികം ഏറെ അനുഗ്രഹപ്രദമായ രീതിയിൽ പ്രാർത്ഥനയുടെ നിറവിൽ ക്രമീകരിക്കുവാൻ കുടുംബാംഗങ്ങൾ തീരുമാനിച്ചത് എല്ലാ വിശ്വാസികൾക്കും മാതൃകയാണ്.

വന്ദ്യ പടിഞ്ഞാറേക്കൂറ്റ് തോമസച്ചന്റെ ജീവിതത്തിലേക്ക് വെളിച്ചം നൽകുന്ന ലേഖനങ്ങളുടെയും ഓർമ്മക്കുറിപ്പുകളുടെയും ഒരു സമാഹാരമായിട്ടാണ് 'സ്മൃതിപഥം' അണിയിച്ച് ഒരുക്കിയിരിക്കുന്നത്. ചിത്രങ്ങളും, ലേഖനങ്ങളും സമാഹരിക്കുവാൻ ഏറെ ത്യാഗവും, സമയവും, സന്മനസ്സും നൽകിയ ശ്രീ. ഡൊമിനിക് പടിഞ്ഞാറേക്കൂറ്റിന് ഏറെ നന്ദി. ലേഖനങ്ങളും, ഓർമ്മക്കുറിപ്പുകളും സമയബന്ധിതമായി രചിച്ച് നൽകിയ എല്ലാ പ്രിയപ്പെട്ടവരെയും നന്ദിയോടെ സ്മരിക്കുന്നു. വീരോചിതമായ പടിഞ്ഞാറേക്കൂറ്റച്ചന്റെ ജീവിതം നമുക്ക് തരുന്ന നുറുങ്ങ് വെട്ടങ്ങൾ നമ്മുടെ കാലടികൾക്ക് വിശ്വാസജീവിതത്തിനുള്ള വേഗത വർദ്ധിപ്പിക്കട്ടെ എന്ന പ്രാർത്ഥനയോടെ 'സ്മൃതിപഥം' സാദരം നിങ്ങൾക്കായി സമർപ്പിക്കുന്നു. കുറവുകൾ ഏറെയുണ്ടെന്നറിയാം സ്നേഹത്തോടെ നിങ്ങൾ സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു.

**ഫാ. സന്തോഷ് അഴകത്ത്**
(ചീഫ് എഡിറ്റർ)



www.malankaralibrary.com


# THE SYRO-MALANKARA CATHOLIC CHURCH
## MAJOR ARCHDIOCESE OF TRIVANDRUM

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA




ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചൻ ദിവംഗതനായിട്ട് കാൽ നൂറ്റാണ്ട് പിന്നിടുന്ന ഈ അവസരത്തിൽ ജനഹൃദയങ്ങളിൽ അച്ചന് ഇപ്പോഴും സ്ഥാനവും സ്നേഹവും ഉണ്ടെന്നറിയുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ബഹു. അച്ചൻ തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത് ബത്തേരി രൂപതയിലെ വളരെ പിന്നോക്കം നിന്ന ആദിവാസി മേഖലകളിലാണ്. ഈ പ്രദേശത്തെ ജനങ്ങളുടെ സുസ്ഥിതിക്കുവേണ്ടി ബഹു. അച്ചൻ കാർഷിക രംഗത്തുൾപ്പെടെ വിവിധ ക്ഷേമപദ്ധതികൾ ആരംഭിക്കുകയും അത് അനേകരുടെ ഉപജീവനത്തിന് ഉപകരിക്കുകയും ചെയ്തു. ബഹു. പടിഞ്ഞറേക്കൂറ്റ് അച്ചന്റെ വയനാട്ടിലെ സഭാശുശ്രൂഷകളെയും സാമൂഹ്യ പ്രവർത്തനങ്ങളെയും വളരെ നന്ദിയോടെ അനുസ്മരിക്കുന്നു. തിരുവല്ല അതിരൂപതയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് മാനേജർ എന്ന നിലയിൽ ഏറെ ദീർഘവീക്ഷണത്തോടെ അദ്ദേഹം പ്രവർത്തിച്ചു. പൊതുസമൂഹത്തിൽ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് മികച്ച പിന്തുണയും പ്രോത്സാഹനവും നൽകിയ അദ്ദേഹം സഹായം ആവശ്യമുള്ളവരെ ജാതി മത ഭേദ ചിന്തകളില്ലാതെ അകമഴിഞ്ഞ് സഹായിച്ചിരുന്നതും നന്ദിയോടെ സ്മരിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ സുവർണ്ണ ജൂബിലിയാഘോഷങ്ങളിൽ (1980) മികച്ച സംഘാടകനായി സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ചവെച്ചിട്ടുള്ളത്. സഭയുടെ ആരാധന കാര്യങ്ങളിൽ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ഓരോ ഇടവകയും സ്വയംപര്യാപ്തമാകണമെന്ന ലക്ഷ്യത്തോടെയാണ് ബഹു. പടിഞ്ഞാറേക്കൂറ്റച്ചൻ തന്റെ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ചത്. ബഹു. അച്ചന്റെ ദീപ്തമായ സ്മരണകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്മൃതിപഥം എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് ഞാൻ എല്ലാ ഭാവുകങ്ങളും നേരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച ബഹു. സന്തോഷ് അഴകത്തച്ചനും പടിഞ്ഞാറേക്കൂറ്റ് കുടുംബാംഗങ്ങൾക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

ദൈവം ഏവരേയും സമൃദ്ധമായ് അനുഗ്രഹിക്കട്ടെ.

+Baseliosecleemis

✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
പ്രസിഡന്റ്, ഭാരത കത്തോലിക്കാ മെത്രാൻ സമിതി (CBCI).

Official Tel: +91 471 2541642, 2541643, 2540446, Fax : +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: +91 471 2541331, Fax: +91 471 2533688, E-mail: baselioscleemis@gmail.com

www.malankaralibrary.com

# ARCHDIOCESE OF TIRUVALLA

**Dr. Thomas Mar Koorilos**
Metropolitan Archbishop



## സന്ദേശം

ബഹുമാനപ്പെട്ട ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ് ദിവംഗതനായിട്ട് 25 വർഷം തികയുന്നു. ഈ ധന്യ മുഹൂർത്തത്തിൽ അച്ചനെ അനുസ്മരിക്കുന്നതിനും അച്ചന്റെ സഭാ ശുശ്രൂഷയെയും ജീവിതത്തെയും ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. കുടുംബാംഗങ്ങളോടും ഇടവക മക്കളോടും ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനത്തിന്റെ പ്രഥമ വർഷങ്ങൾ പൂർത്തീകരിക്കുകയും തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു 1966 മാർച്ച് 26-ാം തീയതി തൃശ്ശിനാപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജെയിംസ് മെന്റോസയുടെ കൈവെയ്പ്പാൽ തൃശ്ശിനാപ്പള്ളി കത്തീഡ്രലിൽ വെച്ച് വൈദികനായി അഭിഷിക്തനായി. 1966-ൽ രൂപതയിൽ തിരികെ എത്തിയ അച്ചൻ മലബാർ മിഷൻ മേഖലയിൽ തന്റെ ആദ്യവർഷങ്ങളിൽ നിയമിതനായി. പിന്നീട് തിരുവല്ലയിലെ പല പള്ളികളിലും അച്ചൻ ശുശ്രൂഷിച്ചു. രൂപതയുടെ കീഴിലുള്ള സ്കൂളുകളുടെ മാനേജരായി സേവനം അനുഷ്ഠിച്ചു. പൊതു കാര്യപ്രസക്തനും എല്ലാവരാലും സുസമ്മതനുമായ അച്ചൻ നാടിന്റെ വിളക്കായി ശോഭിച്ചു.

തന്റെ ജനത്തിന്റെ സങ്കടങ്ങളിലും വ്യാകുലതകളിലും സമയമോ ആരോഗ്യമോ നഷ്ടമോ നോക്കാതെ മുഴുഹൃദയത്തോടെ പങ്കുപറ്റിയിരുന്ന ഒരു സഭാ ശുശ്രൂഷകൻ. തികഞ്ഞ ഒരു സാധാരണക്കാരനായി കാണപ്പെടുകയും അസാധാരണമായ നിഷ്ഠയോടെ വിശ്വാസം സംരക്ഷിക്കുകയും ചെയ്തു. അദ്ദേഹത്തെ പുണരുകയും അദ്ദേഹം പുൽകുകയും ചെയ്ത സഭയോട് അദ്ദേഹം 100 ശതമാനം ആത്മാർത്ഥത പുലർത്തി. വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെ ദൈവഭവനത്തിന്റെ കാവൽക്കാരനായി ശോഭിച്ച അച്ചന്റെ ഓർമ്മയുടെ മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ദൈവം ഈ ആചാര്യ ശ്രേഷ്ഠനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ബഹുമാനപ്പെട്ട അച്ചന്റെ കുടുംബാംഗങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ! ഈ വന്ദ്യ പുരോഹിതന്റെ അനുസ്മരണ നമ്മുടെ വിശ്വാസത്തെ ഉദ്ദീപിപ്പിക്കട്ടെ. ഈ സുവനീറിന്റെ പണിപ്പുരയിൽ ആയിരിക്കുന്ന ഏവർക്കും അഭിനന്ദനം അറിയിച്ചുകൊണ്ട് സ്നേഹാദരവുകളോടെ,

മേരിഗിരി,
09. 12. 2017

THOMAS MAR KOORILOS
Metropolitan Archbishop of Tiruvalla

✠ തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്,
തിരുവല്ല അതിഭദ്രാസനം.

Archbishop's House, Marygiri, P.B. No. 4, Tiruvalla - 689 101, Kerala, India.
Tel: 0091 469 2701319 (O), Fax : 0091 469 2600822 (O), E-mail : markoorilos@gmail.com, archtvla@gmail.com
Web : catholicarchdioceseoftiruvalla.com

www.malankaralibrary.com

# MALANKARA CATHOLIC CHURCH

## DIOCESE OF MUVATTUPUZHA

**Dr. Abraham Mar Julios Kackanatt**
Bishop of Muvattupuzha



### MESSAGE

*The tragic death of Rev. Fr. Thomas Padinjarekutt, though happened 25 years ago, stills remains like a fresh wound. The incident had shocked the whole Diocese and all people who were close to him.*

*Fr. Thomas was born in a family with strong ties to the Malankara Catholic Church. His father was a Catechist, who preached about the beauty of the Catholic and attracted many people to the Reunion Movement. He might have met with great opposition from several church groups present in Chengaroor and Mallappally areas. Fr. Padinjarekutt inherited this great zeal for the church and worked vigorously in all places where he was sent; he had been instrumental in starting some Mission Stations in Malabar and quite a few educational Institutions, especially at Chunkappara. He was himself the Corporate Manager of Schools.*

*Fr. Thomas was always a jovial priest with a keen sense of humour. He witnessed Christ till shedding of his blood. I wish and pray that his martyrdom may not be futile, but bring abundant fruits for the growth of the Church.*

*I congratulate all those who try to keep his memory alive, as an example for future generations. May his soul rest in Peace!*

+ Mar Julios

Abraham Mar Julios
Bishop of Muvattupuzha

Vimalagiri Bishop's House, Vazhappilly, Mudavoor P.O, Muvattupuzha - 686 669, Kerala, India.
Tel: (0484) 2816007, Mob: 9447163377, E-mail: kackanatt@hotmail.com amarjulios@gmail.com

www.malankaralibrary.com



മദർ ലിറ്റിൽ ഫ്ളവർ എസ്. ഐ. സി.
സുപ്പീരിയർ ജനറൽ

ആശംസ

ബഹുമാനപ്പെട്ട തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചന്റെ സ്വർഗ്ഗപ്രവേശനം രണ്ടര പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഓർമ്മയിൽ സൂക്ഷിക്കാൻ ഒത്തിരി ധന്യനിമിഷങ്ങളുണ്ട്. സഭാസ്നേഹി, വിദ്യാഭ്യാസ വിചക്ഷകൻ, ഏവർക്കും സംലഭ്യൻ, നീതിക്കും സത്യത്തിനും വേണ്ടി നിലകൊണ്ട് ക്രിസ്തു സാക്ഷ്യം കൊടുക്കുവാൻ യത്നിച്ച ആചാര്യ ശ്രേഷ്ഠൻ, വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് തിരുവല്ലാ രൂപതയുടെ സ്കൂൾ കോർപ്പറേറ്റ് മാനേജർ എന്ന നിലയിൽ വിദ്യാലയങ്ങളുടെ വളർച്ചയ്ക്കും അതുവഴി അക്ഷര ദീപ്തിയാൽ ഒരു പ്രദേശത്തെ മാത്രമല്ല, അവിടെനിന്ന് മറ്റുള്ളവരിലേയ്ക്കും മറ്റു പ്രദേശങ്ങളിലേയ്ക്കും പ്രകാശം പ്രസരിപ്പിക്കുവാൻ സാധിച്ച ശ്ലാഘനീയ വ്യക്തിത്വം. നന്ദിയോടെ, കൂപ്പുകൈകളോടെ ആ പാവനാത്മാവിന്റെ സ്മരണയ്ക്കു മുമ്പിൽ നമിക്കുന്നു. ഈ അവസരത്തിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷിക്കുന്നു. വന്ദ്യവൈദികന്റെ ആത്മീയ ഉപദേശത്തിലും നിർദ്ദേശങ്ങളിലും വളർന്നുവന്ന ബഥനി സന്യാസിനീ സമൂഹാംഗങ്ങളിൽ പലർക്കും ഈ ധന്യനിമിഷങ്ങളിൽ അച്ചന്റെ പ്രാർത്ഥനയും മാധ്യസ്ഥവും കോട്ടയായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈ സുവനീർ പ്രസിദ്ധീകരണത്തിന് തയ്യാറായ പടിഞ്ഞാറേക്കൂറ്റ് കുടുംബാംഗങ്ങൾക്ക് അഭിനന്ദനങ്ങളും അനുമോദനങ്ങളും. എല്ലാവിധ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

www.malankaralibrary.com





# ആടുകളെ അടുത്തറിഞ്ഞിരുന്ന അജപാലകൻ

## ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ്

## (03.03.1939 - 12.12.1993)



മോൺ. ചെറിയാൻ താഴമൺ
വികാരി ജനറാൾ, തിരുവല്ല അതിരൂപത

അഞ്ചരപ്പതിറ്റാണ്ടുകാലത്തെ ജീവിതം, ഇരുപത്തിയെട്ട് വർഷത്തെ വൈദിക ശുശ്രൂഷ കടന്നുപോയ സ്ഥലങ്ങളിലെല്ലാം പാദമുദ്രകൾ പതിക്കുകയും കണ്ടുമുട്ടിയവരുടെ ഹൃദയങ്ങളിലെല്ലാം ഇടം കണ്ടെത്തുകയും ചെയ്തിരുന്ന വൈദികൻ. കൈവച്ച സംരംഭങ്ങളെല്ലാം വിജയത്തിലെത്തിച്ച സംഘാടകൻ, പ്രവർത്തിച്ച മേഖലകളിലെല്ലാം സകലരുടെയും സഹകരണം നേടിയെടുത്ത നേതാവ്. മത, സമുദായ സഭാ പരിഗണനകൾക്കതീതമായി വ്യക്തിബന്ധങ്ങൾ പുലർത്തിയിരുന്ന പട്ടക്കാരൻ, ലക്ഷ്യം നേടുന്നതുവരെ വിശ്രമമില്ലാതെ പരിശ്രമം തുടർന്നിരുന്ന അദ്ധ്വാനി, മലങ്കര സുറിയാനി കത്തോലിക്കാ സഭയെ നെഞ്ചിലേറ്റിയിരുന്ന സഭാസ്നേഹി, അധികാരികൾക്ക് ഏത് ഉത്തരവാദിത്വവും ഉറപ്പോടെ ഏൽപ്പിക്കാമായിരുന്ന അജപാലകൻ, യുവജനങ്ങളുടെ ഉള്ളറിഞ്ഞു പ്രവർത്തിച്ചിരുന്ന ഇടയൻ, സ്വകാര്യതകളിൽപോലും സുതാര്യത ഉറപ്പാക്കിയിരുന്ന ഉത്തമ ഇടയൻ. ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചന്റെ വിശേഷണങ്ങൾ ഇങ്ങനെ അനവധിയാണ്. 2017 ഡിസംബർ 12-ാം തീയതി അദ്ദേഹത്തിന്റെ മരണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുന്ന സന്ദർഭത്തിൽ ആ ജീവിതത്തെയും ശുശ്രൂഷയെയും അടുത്തറിയുവാനൊരു ശ്രമം. വസ്തുതാപരമായ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്തലിനു വിധേയമാണെന്ന ഉറപ്പോടെ മുന്നോട്ടു നീങ്ങാം.......

www.malankaralibrary.com



യാക്കോബായ സഭയിൽ പാത്രീയാർക്കീസ് വിഭാഗത്തിന്റെ ശക്തനായ പ്രവർത്തകന്റെ മകനായിരുന്നെങ്കിലും വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കും തുടർന്നുണ്ടായ സഭാ ഭിന്നതയും സഭാസ്നേഹിയായ തോമസിന്റെ ഹൃദയത്തെ ഏറെ വേദനിപ്പിച്ചിരുന്നു എന്നു മാത്രമല്ല വേദപുസ്തകപഠനവും സഭാചരിത്ര പഠനവും അദ്ദേഹത്തിന്റെ മനസ്സിൽ ഗൗരവകരമായ ചില സംശയങ്ങളും ഉളവാക്കിയിരുന്നു. വേദപുസ്തകമനുസരിച്ച് അപ്പോസ്തല സംഘത്തിന്റെ തലവൻ പത്രോസ് ശ്ലീഹാ ആയിരിക്കണമെന്നത് യേശുനാഥന്റെ മാറ്റമില്ലാത്ത കല്പനയാണ്. നിഖ്യാ വിശ്വാസ പ്രമാണത്തിൽ സത്യസഭയുടെ ചതുർലക്ഷണങ്ങളായ ഏകവും വിശുദ്ധവും സാർവത്രികവും ശ്ലൈഹികവും പൂർണമായി ഉൾച്ചേർന്നിരിക്കുന്നത് വിശുദ്ധ പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ റീശ് പാത്രീയാർക്കീസ് റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നൽകുന്ന സാർവ്വത്രിക സഭയിലാണെന്നത് സഭാശാസ്ത്രപരമായി വ്യക്തമാണ്. യേശുനാഥൻ സ്ഥാപിച്ച അപ്പസ്തോല കൂട്ടായ്മയുടെ ഇടമുറിയാത്ത തുടർച്ച റോമാ മാർപാപ്പാ നേതൃത്വം നൽകുന്ന പരിശുദ്ധ കത്തോലിക്കാ സഭയാണെന്ന് ചരിത്രവും സാക്ഷിക്കുന്നു. ഈ തിരിച്ചറിവുകൾ പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ചങ്ങനാശ്ശേരി രൂപതയിലെ വേദ പ്രചാര ഡയറക്ടർ ആയിരുന്ന ബഹു. ഡൊമനിക് തോട്ടാശ്ശേരിൽ അച്ചന്റെ നേതൃത്വത്തിൽ മല്ലപ്പള്ളി പ്രദേശത്ത് നടന്നിരുന്ന പുനരൈക്യ പ്രേഷിത പ്രവർത്തനങ്ങൾ പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹത്തിന് അവസരവും നൽകി. അന്ത്യോക്യൻ ആരാധനാക്രമം അതിയായി ഇഷ്ടപ്പെട്ടിരുന്നെങ്കിലും സത്യസഭ പരിശുദ്ധ കത്തോലിക്കാ സഭയാണെന്നുള്ള തിരിച്ചറിവ് കാലവിളംബമെന്യേ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുവാൻ അദ്ദേഹത്തെ നിർബന്ധിച്ചു. അങ്ങനെ അദ്ദേഹം 1920 കളുടെ ഉത്തരാർദ്ധത്തിൽ പുനരൈക്യപ്പെട്ട് മല്ലപ്പള്ളി (നെടുങ്ങാടപ്പള്ളി) സെന്റ് അത്തനേഷ്യസ് കത്തോലിക്ക ഇടവകയിൽ അംഗമായി. ബഹു. ഡൊമനിക് തോട്ടാശേരിൽ അച്ചന്റെ വേദപ്രചാരക സംഘത്തിൽ പ്രവർത്തകനുമായി. സത്യസഭയിൽ എത്തിയതിന്റെ സന്തോഷം ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്നപ്പോഴും താൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന അന്ത്യോക്യൻ ആരാധനാക്രമം കൈവിട്ടുപോകുന്നതിന്റെ നഷ്ടം മനസ്സിൽ തങ്ങിനിന്നിരുന്നു. അന്ത്യോക്യൻ ആരാധനാക്രമവും പൈതൃകങ്ങളും അംഗീകരിച്ചുകൊണ്ടുള്ള പുനരൈക്യത്തിന് ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് 1926 നവംബർ ഒന്നാം തീയതി പ്രാരംഭ നടപടികൾ ആരംഭിച്ചതായും ബഥനിയുടെ മാർ ഈവാനിയോസിനെ അതിനായി ചുമതലപ്പെടുത്തിയതായുമുള്ള ശ്രുതികൾ അദ്ദേഹത്തിനു വലിയ പ്രതീക്ഷ നൽകിയിരുന്നു. 1930 സെപ്റ്റംബർ 20-ന് സഫലമായ പുനരൈക്യ സംഭവവും തുടർന്നുണ്ടായ മലങ്കര സുറിയാനി ഹയരാർക്കി സ്ഥാപനവും അദ്ദേഹത്തിന് വലിയ സന്തോഷം നൽകി. താൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന അന്ത്യോക്യൻ ആരാധനാക്രമം അനുഷ്ഠിച്ചു കൊണ്ട് പരിശുദ്ധ കത്തോലിക്കാ സഭയിൽ അംഗമായിരിക്കുവാനുള്ള സാധ്യത കൈവന്നിരിക്കുന്നു. എങ്കിലും തന്റെ താമസസ്ഥലത്തിനു സമീപത്ത് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക കൂട്ടായ്മ ഇല്ലാതിരുന്നതിനാൽ സീറോ മലബാർ സഭയിൽപെട്ട സെന്റ് അത്തനേഷ്യസ് ഇടവകയിൽ കുറച്ചുനാൾ കൂടി അംഗമായി തുടരേണ്ടി വന്നു. ചെങ്ങരൂർ പ്രദേശത്ത് പുനരൈക്യപ്പെട്ടവർക്കായി ഒരു താൽക്കാലിക പള്ളി 1938-ൽ പണി ആരംഭിച്ച് 1941 മെയ് എഴാം തീയതി വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ കൂദാശ ചെയ്തതോടുകൂടി പടിഞ്ഞാറേക്കൂറ്റ് തോമസും കുടുംബവും അവിടെ ഇടവക ചേർന്നു. അങ്ങനെ തന്റെ ആഗ്രവും സാധിച്ചു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശക്തനായ അല്മായ പ്രേഷിതനായി അദ്ദേഹം.

തോമസ് പടിഞ്ഞാറേക്കൂറ്റ് വൈദികനായതിന് ശേഷം ബഹു. ചെറിയാൻ മൈലക്കാട്ട് അച്ചന്റെ സഹായിയായി മാനന്തവാടി പ്രദേശത്തെ പ്രേഷിതവയലിലേക്കായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ അജപാലക നിയമനം, 'നടപ്പെടുന്നിടത്ത് പുഷ്പിക്കുക' എന്ന ജീവിതദർശനവുമായി 1966 മെയ് മാസത്തിൽ അദ്ദേഹം മാനന്തവാടിയിലെത്തി. ആറാട്ടുതറ എന്ന സ്ഥലത്ത് താമസിച്ചുകൊണ്ടായിരുന്നു കണിയാംപറ്റ, അഞ്ചുകുന്ന് (കമ്മന) കോറോം, മാനന്തവാടി തുടങ്ങിയ സമീപ സ്ഥലങ്ങളിലെല്ലാം പ്രേഷിത ശുശ്രൂഷ നടത്തിയിരുന്നത്. ബഹു. ചെറിയാൻ മൈലക്കാട്ട് അച്ചനോടൊത്തുള്ള താമസവും പ്രവർത്തനങ്ങളും അജപാലന ശുശ്രൂഷയുടെ പ്രായോഗിക പാഠങ്ങൾ പഠിക്കുവാൻ അവസരം നൽകിയിരുന്നതായി ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചൻ അനുമസ്മരിക്കാറുണ്ടായിരുന്നു. പ്രേഷിത ശുശ്രൂഷയോടൊപ്പം രൂപത വകയായി അവിടെ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്ത് ആദായകരമാക്കുന്നതിലും ബഹു.മൈലക്കാട്ട് അച്ചനോടൊപ്പം അദ്ദേഹം അദ്ധ്വാനിച്ചിരുന്നു. ഒരു വർഷത്തിനു ശേഷം ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചൻ അഞ്ച്കുന്ന്, കണിയാംപറ്റ, കോറോം ഇടവകകളുടെ വികാരിയായി ചുമതലയേറ്റു. ആറാട്ടുതറ, പന്നിച്ചാൽ ഇടവകകളുടെ ചുമതല ബഹു. തോമസ് പുതിയവീട്ടിൽ അച്ചനും. ഒരു നല്ല സംഘാടകനും സംരംഭകനുമായിരുന്ന ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചൻ തന്റെ സാമൂഹ്യപ്രവർത്തനങ്ങളുടെ ഭാഗമായി മാനന്തവാടി പട്ടണത്തിൽ ഒരു ഹോട്ടൽ ആരംഭിച്ച് ഏതാനും യുവാക്കൾക്ക് തൊഴിൽ നൽകാനുള്ള ഒരു പദ്ധതി

www.malankaralibrary.com



ആവിഷ്കരിച്ച് നടപ്പാക്കി. ഊർജ്ജസ്വലനായ യുവവൈദികന്റെ സേവനം നാട്ടിൽ ആവശ്യമാണെന്നു കണ്ട് അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമേനി അദ്ദേഹത്തെ നാട്ടിലേക്ക് തിരികെ വിളിച്ച് 1970-ൽ ഏതാനും കാലം പാണ്ടങ്കരി, തലവടി സൗത്ത് ഇടവകകളിൽ ചുമതല നൽകി. അദ്ദേഹത്തിന്റെ അടുത്ത നിയമനം പൂഴിക്കുന്ന്, തൃക്കോമല ഇടവകകളിലേക്കായിരുന്നു. 1971 മുതൽ 1975 വരെ നാല് വർഷക്കാലം റാന്നി മേഖലയിലെ പൊതു അജപാലന കാര്യങ്ങളിലും എക്യുമെനിക്കൽ പ്രവർത്തനങ്ങളിലും സജീവമായി സഹകരിച്ചിരുന്നു. ഈ കാലഘട്ടത്തിൽ പൂഴിക്കുന്ന്, തൃക്കോമല ഇടവകകളെ സൺഡേസ്കൂൾ, യുവജനസംഘടന എന്നിവയുടെ പ്രവർത്തനങ്ങളിൽ റാന്നി വൈദിക ജില്ലയിലെ ഏറ്റവും നല്ല യൂണിറ്റുകളാക്കുവാൻ അദ്ദേഹത്തിന്റെ നേതൃത്വം സഹായിച്ചു. അദ്ദേഹത്തിന്റെ അടുത്ത ശുശ്രൂഷാവേദി കോട്ടയം വൈദികജില്ലയിൽ കീച്ചാൽ, പുതുപ്പള്ളി, വാകത്താനം ഇടവകകളായിരുന്നു. 1975-ൽ കീച്ചാൽ, പുതുപ്പള്ളി ഇടവകകളുടെ വികാരിയായി നിയമിതനായി. കീച്ചാലിൽ താമസിച്ചുകൊണ്ട് പുതുപ്പള്ളി പള്ളിയുടെ ചുമതലയും, ഗാന്ധിനഗറിൽ മെഡിക്കൽ കോളേജിനു സമീപം ഇപ്പോൾ ഗുഡ് സമരിറ്റൻ ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ചുമതലയും അദ്ദേഹം വഹിച്ചിരുന്നു. ഒരു വർഷത്തിനുശേഷം 1976 മെയ് മാസത്തിൽ കീച്ചാൽ ഇടവകയുടെ ചുമതലയിൽ നിന്നും മാറി വാകത്താനം ഇടവകയുടെ വികാരി സ്ഥാനം ഏറ്റെടുക്കുകയും താമസം പുതുപ്പള്ളിയിലേക്ക് മാറ്റുകയും ചെയ്തു. ഗാന്ധിനഗറിലും പുതുപ്പള്ളിയിലുമുള്ള സ്ഥലങ്ങൾ മതിൽകെട്ടി സുരക്ഷിതമാക്കി റബറും കശുമാവും കൃഷി ചെയ്ത് ആദായകരമാക്കുവാൻ അദ്ദേഹം ശ്രമിച്ചു.

പുതുപ്പള്ളി പ്രദേശത്ത് ഇതര സഭാസമൂഹങ്ങളും സമുദായങ്ങളുമായി വളരെ നല്ല ബന്ധം വളർത്തുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കുടുംബവുമായി വളരെ അടുത്ത ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. അന്ന് എം. എൽ. എ. ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിൽ രൂപതയ്ക്കുള്ള സ്ഥലത്ത് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങാൻ അച്ചനോട് ആവശ്യപ്പെടാറുണ്ടായിരുന്നു. സർക്കാർ തലത്തിൽ നിന്നു ലഭിക്കേണ്ട അംഗീകാരങ്ങൾ വാങ്ങിക്കൊടുത്തുകൊള്ളാമെന്നും അദ്ദേഹം ഉറപ്പുകൊടുത്തിരുന്നു. എന്നാൽ സ്കൂൾ ആരംഭിക്കാനുള്ള നിർദ്ദേശത്തെ മാർ അത്തനാസിയോസ് തിരുമേനി നിരുത്സാഹപ്പെടുത്തുകയാണുണ്ടായത്. പുതുപ്പള്ളി ഓർത്തഡോക്സ് പള്ളിയിലെ വികാരിയുമായും കൈക്കാരന്മാരുമായും പുതുപ്പള്ളി നിലയ്ക്കൽ പള്ളിക്കാരുമായൊക്കെ വളരെ അടുത്ത ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചന്റെ പിൻഗാമിയായി പുതുപ്പള്ളി-വാകത്താനം പള്ളികളിൽ വികാരിയായി എത്തിയ എനിക്ക് അദ്ദേഹത്തിന്റെ ആ പ്രദേശത്തെ ബന്ധങ്ങൾ നേരിട്ടറിയുവാൻ സാധിച്ചിട്ടുണ്ട്. പുതുപ്പള്ളി പള്ളിയിൽ ഞാൻ വികാരിയായി എത്തിയിട്ടും ഏതാനും ദിവസങ്ങൾകൂടി ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചൻ അവിടെ ഉണ്ടായിരുന്നു. അവിടെ ചില വീടുകളിൽ അദ്ദഹത്തിന് യാത്രയയപ്പ് നൽകുന്ന അവസരത്തിൽ അതിൽ ഭാഗഭാക്കാകുവാൻ എനിക്കും സാധിച്ചു. ഞാൻ അവിടെ എത്തിയ അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കുടുംബവീട്ടിൽ അച്ചന് അത്താഴം ക്രമീകരിച്ചിരുന്നു. രണ്ടാംദിവസം പുതുപ്പള്ളി ഓർത്തഡോക്സ് പള്ളിയിലെ വികാരിയച്ചന്റെ ഭവനത്തിലായിരുന്നു അത്താഴം. മൂന്നാം ദിവസം അത്താഴം നിലയ്ക്കൽ പള്ളിയുടെ അടുത്ത് താമസിച്ചിരുന്ന ഓർത്തഡോക്സ് സഭാംഗമായിരുന്ന കൈപ്പനാട്ട് കുഞ്ഞൂച്ചായൻ എന്ന ആളുടെ ഭവനത്തിലായിരുന്നു. ഈ സന്ദർഭങ്ങളിലും തുടർന്നും ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചന് ആ നാട്ടുകാരുടെ ഇടയിൽ ഉണ്ടായിരുന്ന സ്വാധീനവും ബന്ധവും ബോധ്യപ്പെട്ടിട്ടുണ്ട്. ചുങ്കപ്പാറയുടെ ഹൃദയം അറിഞ്ഞ ഇടയനായി പ്രവർത്തിച്ചു.



www.malankaralibrary.com



ഇടവകയെ സഭാജീവിതത്തിൽ സജീവമാക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവം ഒന്നു പ്രത്യേകമായിരുന്നു. സൺഡേസ്കൂൾ, എം.സി.വൈ.എം., സെന്റ് വിൻസന്റ് ഡി. പോൾ സഖ്യം തുടങ്ങിയ സംഘടനകൾ ഇടവകയിൽ ആ കാലത്ത് വളരെ സജീവമായിരുന്നു. അദ്ദേഹം ആരംഭിച്ച ചുങ്കപ്പാറ ബൈബിൾ കൺവൻഷൻ അദ്ദേഹത്തിന്റെ സുവിശേഷ ആഭിമുഖ്യത്തിന്റെ സ്മാരകമായി ഇന്നും സജീവമായി തുടരുന്നു. ചുങ്കപ്പാറ ഇടവകയിലെ ചുമതലകളോടൊപ്പം മുക്കട ഇടവകയുടെ വികാരി സ്ഥാനവും പുന്നവേലി ഇടവകയുടെ ചുമതലയും കുറേക്കാലം അദ്ദേഹം വഹിച്ചിരുന്നു. എഴുമറ്റൂർ കേന്ദ്രമാക്കി ഒരു ഇടവക കൂട്ടായ്മ തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ അദ്ദേഹം നടത്തുകയും അതിനായി ഒരു വസ്തു രൂപതയ്ക്കു വേണ്ടി വാങ്ങുകയും ചെയ്തിരുന്നു. പ്രതീക്ഷിച്ചത്ര വിജയ സാധ്യത കാണായ്കയാൽ പിന്നീട് പ്രസ്തുത സ്ഥലം വിൽക്കുകയും ചെയ്തു. എഴുമറ്റൂർ കേന്ദ്രമാക്കി ഇടവക കൂട്ടായ്മ ആരംഭിക്കുവാൻ നടത്തിയ പരിശ്രമങ്ങളാണ് പിന്നീട് അരീക്കൽ ഇടവകയുടെ രൂപീകരണത്തിന് സഹായകമായത്. രൂപതയിലെ ദളിത് വിദ്യാർത്ഥികൾക്ക് സൗജന്യ സ്കൂൾ പഠനം ലഭ്യമാക്കുവാനായി അഭിവന്ദ്യ ഗീവർഗീസ് മാർ തിമൊത്തിയോസ് മെത്രാപ്പോലീത്തായുടെ ആഗ്രഹമനുസരിച്ച് ചുങ്കപ്പാറ ക്രിസ്തുരാജ സ്കൂളിനോടനുബന്ധിച്ച് പ്രത്യേക ബോർഡിംഗ് സൗകര്യം ക്രമീകരിക്കുവാൻ അദ്ദേഹം കാണിച്ച താല്പര്യം അദ്ദേഹത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ പ്രകടമായ അടയാളമായിരുന്നു.

അദ്ദേഹത്തിന്റെ അടുത്ത നിയമനം തോട്ടഭാഗം ഇടവകയുടെ വികാരിയും തിരുവല്ല രൂപതയുടെ വിദ്യാഭ്യാസ ഏജൻസിയുടെ കോർപറേറ്റ് മാനേജരും ആയിട്ടായിരുന്നു. 1991 ഫെബ്രുവരി 17-ാം തീയതി മുതൽ ഈ രണ്ട് ചുമതലകളും അദ്ദേഹം ഏറ്റെടുത്തു. ഏതാണ്ട് മൂന്ന് വർഷത്തോടടുത്ത കാലംകൊണ്ട് തോട്ടഭാഗം ഇടവക സമൂഹത്തെ സഭാപരമായി സജീവമാക്കാൻ അദ്ദേഹത്തിന് സാധിച്ചു. സൺഡേസ്കൂളും എം.സി.വൈ.എം. സംഘടനയും സജീവമാക്കാൻ അദ്ദേഹത്തിന് സാധിച്ചു. പാടത്തുപാലത്ത് വേളാങ്കണ്ണി മാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരുന്ന കുരിശടിയിൽ പ്രതിവാര വിശുദ്ധ കുർബ്ബാനയും മദ്ധ്യസ്ഥപ്രാർത്ഥനയും കൂടുതൽ ജനകീയമാക്കി. വൈദികമന്ദിരം നവീകരിക്കുകയും അതിനോടനുബന്ധിച്ച് ഒരു മിനി ഓഡിറ്റോറിയം നിർമ്മിക്കുകയും ചെയ്തു. ആധുനിക കവിയൂരിന്റെ ശില്പി എന്ന് വിളിക്കപ്പെടാവുന്ന കലേക്കാട്ടിൽ വന്ദ്യ തോമസ് അച്ചന്റെ സ്മാരകമായി തോട്ടഭാഗം പള്ളിയങ്കണത്തിൽ ബൃഹത്തും മനോഹരവുമായ ഓഡിറ്റോറിയം നിർമ്മിക്കുകയും പള്ളിമുറ്റത്തുണ്ടായിരുന്ന വിശുദ്ധ അന്തോണിയോസിന്റെ കുരിശടി നവീകരിക്കുകയും ചെയ്തു. യുവജനങ്ങളെ സജീവമാക്കുന്നതിനും അവരെ ഇടവക ജീവിതത്തിൽ ഉൾച്ചേർക്കുന്നതിലും അദ്ദേഹം താല്പര്യമെടുത്തിരുന്നു. പള്ളിയും പള്ളിമേടയും അനുബന്ധ സൗകര്യങ്ങളും യുവജനങ്ങളുടെ കൂടിവരവിനും

"സൺഡേസ്കൂൾ, എം.സി.വൈ.എം., സെന്റ് വിൻസന്റ് ഡി. പോൾ സഖ്യം തുടങ്ങിയ സംഘടനകൾ ഇടവകയിൽ ആ കാലത്ത് വളരെ സജീവമായിരുന്നു."

പ്രവർത്തനങ്ങൾക്കും സർവസ്വതന്ത്രമായി അദ്ദേഹം അനുവദിച്ചുകൊടുത്തിരുന്നു. ചിലപ്പോഴൊക്കെ ഇടവകയിലെ ചില മുതിർന്നവർക്ക് വ്യത്യസ്ഥ അഭിപ്രായം ഉണ്ടായിരുന്നെങ്കിലും യുവജനങ്ങൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുക അദ്ദേഹത്തിന്റെ ഒരു അജപാലന സവിശേഷതയായിരുന്നു.

തുറയിൽ കുടുംബത്തിലൂടെ പകലോമറ്റം തറവാടിന് മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ലഭിച്ച വിശ്വാസത്തിന്റെ ദൃഢതയും പാറയ്ക്കൽ കുടുംബത്തിലൂടെ ലഭിച്ച സഭാസ്നേഹവും സംയുക്തമായി സമ്മേളിച്ചിരുന്ന വ്യക്തിത്വമായിരുന്നു ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചന്റേത്. അടുത്തറിഞ്ഞവരെല്ലാം അദ്ദേഹത്തെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി 1991-ൽ തന്റെ ജന്മ നാട്ടിൽ ചെങ്ങരൂർ ഇടവകയിലും കർമ്മ നാട്ടിൽ ചുങ്കപ്പാറ ഇടവകയിലും ജാതിഭേദമെന്യേ സകലരും ചേർന്ന് സാഘോഷം കൊണ്ടാടിയത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും ശുശ്രൂഷകളെയും സമൂഹം എപ്രകാരം അംഗീകരിച്ച് ആദരിച്ചിരുന്നു എന്നതിന്റെ അടയാളമായിരുന്നു. അദ്ദേഹത്തിന്റെ ആകസ്മിക വേർപാടിൽ തന്റെ പ്രധാന കർമ്മ മേഖലയായിരുന്ന ചുങ്കപ്പാറ ദേശവാസികൾ ഒന്നടങ്കം ഹർത്താൽ ആചരിച്ചത് അദ്ദേഹത്തിന്റെ ആചാര്യ ശുശ്രൂഷയെ ജനം എത്രമാത്രം ആഴത്തിൽ അംഗീകരിച്ചിരുന്നു എന്നതിന്റെ പ്രകടമായ തെളിവായിരുന്നു. ചരമത്തിന്റെ രജതജൂബിലിയായിട്ടും അദ്ദേഹത്തിന്റെ ഓർമ്മ ജനഹൃദയങ്ങളിൽ ഇന്നും സജീവം. നിയതിയുടെ നിശ്ചയത്തിനു മുമ്പിൽ നമ്രശിരസ്കരാകാം.

www.malankaralibrary.com







ഉമ്മൻ ചാണ്ടി

# സേവന സരണികളിലെ കെടാവിളക്ക്

സർവതല സ്പർശിയായ ജീവിതം പൂർത്തിയാക്കിയ മഹദ്വ്യക്തിത്വമായിരുന്നു റവ. ഫാ. തോമസ് പടിഞ്ഞാറേക്കുറ്റിന്റേത്. സ്നേഹമസൃണമായ പെരുമാറ്റം കൊണ്ടു മാനവകുലത്തിനു മാതൃകയായ അദ്ദേഹം പുതുപ്പള്ളി-പാമ്പാടി ദേശങ്ങളിൽ വിദ്യാഭ്യാസപരമായ നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. റവ. ഫാ. തോമസ് പടിഞ്ഞാറേക്കുറ്റ്, ഇന്നും എന്റെ മനസ്സിൽ ഒരു ദുഃഖസ്മരണയാണ്. അച്ചന്റെ മരണം സൃഷ്ടിച്ച ദുഃഖവും ഞെട്ടലും 25 കൊല്ലം കഴിയുമ്പോഴും ഓർമ്മയിൽ നിറഞ്ഞു നിൽക്കുകയാണ്. സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടി മാത്രം പ്രവർത്തിച്ച അച്ചന്റെ വേർപാട് എല്ലാ തലങ്ങളിലുമുള്ള മനുഷ്യ ഹൃദയങ്ങളിൽ വേദന പരത്തി. 1975-ൽ കീച്ചാൽ -പുതുപ്പള്ളി ഇടവകകളുടെ വികാരിയായി നിയമിക്കപ്പെട്ടപ്പോൾ മുതലാണ് പടിഞ്ഞാറേക്കുറ്റ് അച്ചനുമായി അടുത്ത ബന്ധം പുലർത്തുവാൻ സാധിച്ചത്. എല്ലാവരുമായി ഏറ്റവും നല്ല ബന്ധം പുലർത്തിയിരുന്ന

www.malankaralibrary.com



അച്ചൻ ചുരുങ്ങിയ സമയം കൊണ്ട് സ്നേഹാദരങ്ങൾ പിടിച്ചുപറ്റി എല്ലാവരുടെയും ഹൃദയങ്ങളിൽ സ്ഥാനം നേടി. കീച്ചാൽ-പുതുപ്പള്ളി-വാകത്താനം പള്ളികളിൽ വികാരിയായിരുന്നപ്പോൾ മലങ്കര കത്തോലിക്കാ സഭയ്ക്ക് ശക്തമായ ഒരു അടിത്തറ ഉണ്ടാക്കുവാൻ സാധിച്ചു. എല്ലാവരുമായി സൗഹാർദ്ദം പുലർത്തിക്കൊണ്ടാണ് അച്ചൻ തന്റെ ദൗത്യം വിജയകരമായി നിർവ്വഹിച്ചത്. ഓർത്തഡോക്സ് സഭയ്ക്കു സ്വാധീനമുള്ള പുതുപ്പള്ളി -വാകത്താനം പ്രദേശങ്ങളിൽ അച്ചന്റെ പ്രവർത്തനം എല്ലാ സഭക്കാരും സ്വാഗതം ചെയ്തു. പടിഞ്ഞാറേക്കൂറ്റ് അച്ചന്റെ സ്വതസിദ്ധമായ ഊഷ്മളമായ സമീപനം എല്ലാവരിലും പ്രത്യേക മതിപ്പും മമതയും ഉളവാക്കി. മലങ്കര കത്തോലിക്കാ സഭയുടെ പ്രത്യേകിച്ച് തിരുവല്ലാ രൂപതയുടെ വിദ്യാഭ്യാസ വകുപ്പിന്റെ സാരഥിയായി പടിഞ്ഞാറേക്കൂറ്റ് അച്ചൻ നിയോഗിക്കപ്പെടുന്നതോടെയാണ് സമൂഹത്തിനു മുഴുവൻ ഗുണകരമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ അച്ചൻ മുന്നിട്ടിറങ്ങുന്നത്.

പുതുപ്പള്ളിയിൽ നിന്നും 8 കി. മീറ്റർ മാത്രം അകലമുള്ള കോട്ടയത്തു എല്ലാവിധത്തിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും പുതുപ്പള്ളി-പാമ്പാടി പ്രദേശങ്ങളിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളോ, കോളേജുകളോ ഉണ്ടായിരുന്നില്ല. ഇതു ഒരു വലിയ കുറവായിട്ടാണ് എനിക്ക് എപ്പോഴും തോന്നിയത്. ഇടത്തരം കുടുംബങ്ങൾ തങ്ങളുടെ കുട്ടികൾക്കു ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കണമെന്നു ആഗ്രഹിക്കുന്ന കാലമായിരുന്നു അത്. പൊതുപ്രവർത്തകനായ എന്റെ ചെറുപ്പകാലത്ത് കുട്ടികൾക്കു ലഭ്യമല്ലാതിരുന്ന അവസരം ഞാൻ എം. എൽ. എ. ആയിരിക്കുമ്പോൾ എന്റെ നാട്ടിൽ സൃഷ്ടിക്കണമെന്നു ഞാൻ അതിയായി ആഗ്രഹിച്ചു. അതിനായി ഞാൻ സമീപിച്ച രണ്ടു വ്യക്തികൾ പാമ്പാടി ദയറായിലെ ബഹുമാനപ്പെട്ട യോഹന്നാൻ റമ്പാച്ചനും പുതുപ്പള്ളി മലങ്കര കത്തോലിക്ക സഭയിലെ ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചനും ആയിരുന്നു.





പാമ്പാടിയിൽ ഇംഗ്ലീഷ് മീഡിയം സ്കൂളും കോളേജും ഉണ്ടായി. പുതുപ്പള്ളിയിൽ പടിഞ്ഞാറേക്കൂറ്റ് അച്ചൻ വളരെ ഏറെ ശ്രമിച്ചെങ്കിലും അച്ചന്റെ കാലഘട്ടത്തിൽ സാധിച്ചില്ല.

1982-ൽ സെന്റ് ജോർജ്ജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന പേരിൽ ആരംഭിച്ച വിദ്യാലയം പിന്നീട് ഫാ. കെ. ഡി. ജോസഫിന്റെ നേതൃത്വത്തിൽ 1991-ൽ ഡോൺ ബോസ്കോ എന്ന നാമധേയം സ്വീകരിക്കുകയുണ്ടായി. ഇന്ന് അതിബൃഹത്തായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുമ്പോൾ അതിന്റെ പിന്നിലുള്ള പ്രേരണയും അതിനാവശ്യമായ അടിസ്ഥാന ശിലകൾ ഇട്ടതും 1975-78 കാലത്ത് റവ.ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റിന്റെ പ്രവർത്തനമാണ്. ഒരു നാടിന്റെ അഭിമാനമായി, ഗുണനിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനമായി ഡോൺ ബോസ്കോ സ്കൂൾ നിലകൊള്ളുമ്പോൾ അത്തരമൊരു ആശയത്തിനുവേണ്ടി പ്രതീക്ഷയോടെ പ്രവർത്തിച്ച പടിഞ്ഞാറേക്കൂറ്റ് അച്ചനെ ഞാൻ സ്മരിക്കുന്നു. സി. ബി. എസ്. ഇ., കേരള സിലബസുകളായി ഡോൺ ബോസ്കോ സ്കൂൾ 2500-ൽ അധികം വിദ്യാർത്ഥികളുമായി വളരുമ്പോൾ പടിഞ്ഞാറേക്കൂറ്റ് അച്ചന്റെ സ്വപ്നം പൂവണിഞ്ഞതായി മനസ്സിലാക്കാവുന്നതാണ്. എല്ലാവരുടെയും സ്നേഹം മൂലധനമാക്കി മറ്റുള്ളവരുടെ നന്മ മാത്രം ലാക്കാക്കി പ്രവർത്തിച്ച അച്ചൻ വളരെ നാളുകൾ നമ്മോടൊപ്പം ഉണ്ടാകുമെന്നു നാം പ്രതീക്ഷിച്ചു. അതിലേറെ നാം ആഗ്രഹിച്ചു. പക്ഷെ വിധിയുടെ ക്രൂരത അച്ചനെ നമ്മിൽ നിന്നകറ്റി. പുതുപ്പള്ളിയിൽ നിറസാന്നിദ്ധ്യമായിരുന്നു ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ്. അച്ചൻ ലോകത്തോട് വിടപറഞ്ഞിട്ട് 25 വർഷം ആകുന്നു. അച്ചന്റെ ഇടവകയും നാടും ഓർമ്മകൾ പുതുക്കുന്ന അവസരത്തിൽ ആ ഓർമ്മകൾക്കു മുന്നിൽ എന്റെ ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

www.malankaralibrary.com



# സഹോദരതുല്യൻ തോമസച്ചൻ



റവ. ഫാ. ജോൺ ഇരുമേട

1950-60 വർഷങ്ങളിൽ ചെങ്ങരൂർ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ഇടവകയിലെ ചെറുപ്പക്കാരുടെ ഇടയിൽ പ്രത്യേകം ശ്രദ്ധ ആകർഷിച്ചിരുന്ന ഒരു വ്യക്തി ആയിരുന്നു പടിഞ്ഞാറേക്കൂറ്റ് ശ്രീ. പി. റ്റി. തോമസ്. ശുഭ്രവസ്ത്രധാരിയായി എപ്പോഴും സന്തോഷവാനായി ഏവരോടും സ്നേഹപൂർവ്വവും സ്വതസിദ്ധമായ ഒരു പ്രത്യേക സമീപനരീതിയിലൂടെ ഞങ്ങളിലൊക്കെ വലിയ മതിപ്പ് ഉളവാക്കിയ ഒരു ജ്യേഷ്ഠ സഹോദരൻ. ഒരു വൈദിക വിദ്യാർത്ഥിയായി അദ്ദേഹം മൈനർ സെമിനാരിയിൽ ചേർന്നപ്പോൾ ഞങ്ങൾക്കൊക്കെ അത് ഒരു വലിയ സംഭവമായിരുന്നു. ആ കാലത്ത് തിരുവല്ല രൂപതയിലെ അതിപ്രഗത്ഭരായ ബഹു. ജേക്കബ് വലിയപറമ്പിൽ അച്ചന്റെയും ബഹു. അലക്സാണ്ടർ അറക്കപ്പറമ്പിൽ അച്ചന്റെയും ആത്മീയ നേതൃത്വം ഇടവകയെ നയിച്ചിരുന്ന ഒരു കാലമായിരുന്നു. ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചന്റെ മൈനർ സെമിനാരി പ്രവേശന സമയത്ത് ബഹു. വികാരി അച്ചൻ സണ്ടേ സ്കൂൾ വിദ്യാർത്ഥികളായിരുന്ന ഞങ്ങളെ വിളിച്ചുകൂട്ടി അദ്ദേഹത്തിനു നൽകിയ യാത്രയയപ്പ് സമ്മേളനവും ദൈവവിളിയുടെ പ്രാധാന്യത്തെക്കുറിച്ച് അന്ന് നൽകിയ പ്രസംഗങ്ങളും ഇന്നും ഒളിമങ്ങാത്ത പ്രശോഭയോടെ ഓർമ്മയിൽ അവശേഷിക്കുന്നു.

അവധിക്കാലത്ത് ഇടവകയിലെത്തുമ്പോൾ സെമിനാരി ജീവിതത്തെക്കുറിച്ചും വൈദികപരിശീലനത്തെക്കുറിച്ചും വളരെ സരസമായി ഞങ്ങളോടു പങ്കുവെയ്ക്കുന്നതും വൈദീക ജീവിതാന്തസ്സിലേക്കു ഞങ്ങളെ ഉത്തേജിപ്പിക്കുന്നതും സത്സ്മരണകളായി ഇപ്പോഴും മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. ഭാഗ്യസ്മരണാർഹനായ ബഹു. അലക്സ് പയ്യമ്പള്ളിൽ അച്ചന്റെയും ഈ ലേഖകന്റെയും പൗരോഹിത്യ ദൈവവിളിക്ക് ഒരു പരിധിവരെ സ്വാധീനം ചെലുത്തിയത് ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചനായിരുന്നു എന്ന സത്യം ഇവിടെ രേഖപ്പെടുത്തട്ടെ.

> **'ശുഭ്രവസ്ത്രധാരിയായി എപ്പോഴും സന്തോഷവാനായി ഏവരോടും സ്നേഹപൂർവ്വവുംസ്വതസിദ്ധമായ ഒരു പ്രത്യേക സമീപനരീതിയിലൂടെ ഞങ്ങളിലൊക്കെ വലിയ മതിപ്പ് ഉളവാക്കിയ ഒരു ജ്യേഷ്ഠ സഹോദരൻ'**

www.malankaralibrary.com



തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിലെ ഈശോ സഭാ വൈദികരുടെ മേൽനോട്ടത്തിൽ കിട്ടിയ വൈദിക പരിശീലനം അദ്ദേഹത്തെ പ്രാർത്ഥനാ ജീവിതമുള്ള ശക്തമായ മിഷനറി ചൈതന്യം നിറഞ്ഞ ഒരു ഉത്തമ വൈദികനായി തീരുവാൻ ഏറെ സഹായിച്ചു. തീക്ഷ്ണ മതിയായ ഒരു യുവവൈദികനായി അദ്ദേഹം തിരുവല്ലയിൽ തിരിച്ചെത്തി. മലബാർ, വയനാട് പ്രദേശങ്ങളിൽ അദ്ദേഹത്തിന്റെ ശുശ്രൂഷകൾ, പ്രത്യേകിച്ച് മാനന്തവാടി കേന്ദ്രമാക്കി അദ്ദേഹം ചെയ്ത സേവനങ്ങൾ തദ്ദേശവാസികൾ ഇന്നും നന്ദിയോടെ അനുസ്മരിക്കുന്നു. കാർട്ടികുളം എസ്റ്റേറ്റ് രൂപതയ്ക്ക് ഒരു വലിയ സാമ്പത്തിക സ്രോതസ്സായി മാറ്റുന്നതിൽ അച്ചൻ വഹിച്ച പങ്ക് നിർണ്ണായകമായിരുന്നു. ചുങ്കപ്പാറ ക്രിസ്തുരാജ സ്കൂൾ മാനേജർ എന്ന നിലയിൽ അതിന്റെ പ്രാരംഭകാല അരിഷ്ഠതകൾ തരണം ചെയ്യുവാൻ അദ്ദേഹം ചെയ്ത അക്ഷീണ പരിശ്രമങ്ങൾ ആർക്കു മറക്കാൻ കഴിയും. രൂപതാ സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജർ എന്ന നിലയിലും സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ചവെച്ചത്. ബഹു. അച്ചൻ ഞങ്ങളുടെ അയൽവാസിയും കുടുംബസുഹൃത്തും അതിലുപരിയായി ബന്ധുവും ആയിരുന്നു. എന്റെ പിതൃസഹോദര ഭാര്യ അദ്ദേഹത്തിന്റെ മാതൃ സഹോദരിയാണ് ഈ അടുപ്പവും സ്നേഹവും ഞങ്ങൾ എന്നും നിലനിർത്തിയിരുന്നു. അച്ചൻ എനിക്ക് എന്നും സ്വന്തം സഹോദരനെ പോലെയായിരുന്നു. എല്ലാവരോടും സ്നേഹമായി ഇടപെടുകയും എല്ലാവരെയും സ്വന്തം സഹോദരങ്ങളെപ്പോലെ കരുതുകയും, എല്ലാവരോടും ഉള്ളുതുറന്നു സംസാരിക്കുകയും എല്ലാവരെയും വിശ്വാസത്തിലെടുക്കുകയും ചെയ്ത അദ്ദേഹത്തിന്റെ അപ്രതീക്ഷിത വേർപാട് രൂപതയിലും സമൂഹത്തിലും, പ്രത്യേകിച്ച് ചെങ്ങരൂർ ഇടവകയിലും ഉണ്ടാക്കിയ ആഘാതവും നഷ്ടബോധവും ഇന്നും നമ്മെ വേദനിപ്പിക്കുന്നു. ബഹു. അച്ചന്റെ 25-ാം ചരമവാർഷികം അനുസ്മരിക്കുന്ന ഈ അവസരത്തിൽ ബഹു. അച്ചന്റെ ആത്മാവിനു നിത്യസൗഭാഗ്യം നേരുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.





www.malankaralibrary.com





# അന്ത്യ ദിനം ഓർക്കുമ്പോൾ..



ജോസഫ് എം. പുതുശ്ശേരി

ക്രൈസ്തവസമൂഹത്തിനു ശ്രേഷ്ഠരായ വൈദികരെ സംഭാവന ചെയ്തിട്ടുള്ള ഇടവകയാണ് ചെങ്ങരൂർ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാപ്പള്ളി. ആ വൈദിക ഗണത്തിൽ ഇടവകയ്ക്കും സഭയ്ക്കും സമൂഹത്തിനും എല്ലാക്കാലത്തും ചില നല്ല സ്മരണകൾ ബാക്കിവെച്ചയാളാണ് ദിവംഗതനായ ബഹുമാനപ്പെട്ട തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചൻ. മലങ്കര കത്തോലിക്കാ സഭയുടെ തിരുവല്ല രൂപതയുടെ കോർപ്പറേറ്റ് മാനേജർ ആയിരിക്കുമ്പോഴാണു അച്ചൻ ദൈവസന്നിധിയിലേക്കു വിളിക്കപ്പെടുന്നത്. മദ്ധ്യതിരുവിതാംകൂർ മേഖലയിൽ മലങ്കര കത്തോലിക്കാ സഭയുടെ ചുമതലയിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനു അദ്ദേഹം തുടക്കമിട്ടു. പ്രാഥമിക വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരെ ബഹു. പടിഞ്ഞാറേക്കൂറ്റ് അച്ചന്റെ ധിഷണാപരമായ നേതൃത്വവും സേവനങ്ങളും ഏറെ വിലപ്പെട്ടതാണെന്നു കാലം തെളിയിച്ചു കൊണ്ടിരിക്കുന്നു.

ആതുരസേവന, മിഷൻ മേഖലകളിലും പടിഞ്ഞാറേക്കൂറ്റ് അച്ചൻ പതിറ്റാണ്ടുകളോളം പ്രവർത്തിച്ചിട്ടുണ്ട്. കോഴിക്കോട്, ബത്തേരി പ്രദേശങ്ങൾ തിരുവല്ല രൂപതയുടെ ഭാഗമായിരുന്ന കാലങ്ങളിൽ ഈ മേഖലകളിൽ സഹായ ഹസ്തവുമായി കടന്നുചെല്ലുവാൻ ബഹു. അച്ചനും സംഘത്തിനും കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെപ്പോലെ പുരോഗതി പ്രാപിച്ച അവസ്ഥയിലായിരുന്നില്ല അന്നത്തെ ഇടപെടലുകളെന്ന് ഓർക്കണം. കല്പറ്റ, ബത്തേരി തുടങ്ങി ആദിവാസി മേഖലകളിൽ വരെ അച്ചൻ നടത്തിയ സേവന പ്രവർത്തനങ്ങളെക്കുറിച്ച് ഈ പ്രദേശത്തുള്ളവരിൽ നിന്നു കേട്ടറിയാൻ കഴിഞ്ഞിട്ടുണ്ട്. അക്കാലത്ത് ഫാ. സിറിൽ മലഞ്ചരുവി (പിന്നീട് മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ) ലിനോടൊപ്പം പടിഞ്ഞാറേക്കൂറ്റ് അച്ചൻ അവിടെ സജീവ സാന്നിദ്ധ്യമായിരുന്നുവെന്നു കുടിയേറ്റ മേഖലയിലെ ചില സുഹൃത്തുക്കൾ സാക്ഷ്യപ്പെടുത്തുന്നു. എല്ലാവരെയും ഞെട്ടിപ്പിച്ച ഒരു സംഭവമാ

www.malankaralibrary.com



യിരുന്നു ബഹു. അച്ചന്റെ ആകസ്മിക മരണം. 1993 ഡിസംബർ 11 നു രാത്രിയിലാണു ദാരുണമായ ആ സംഭവം ഉണ്ടായത്. തോട്ടഭാഗം സെന്റ് മേരീസ് മലങ്കര കത്തോലിക്കാപ്പള്ളി വികാരിയായിരുന്ന അച്ചൻ പള്ളിമേടയിൽ ഉറങ്ങുമ്പോഴാണ് അതിദാരുണമായ ആ കൃത്യം അരങ്ങേറിയത്. പള്ളിയുടെ ആഡിറ്റോറിയം പണികൾ നടക്കുന്നതിനാൽ രാത്രി പത്തുമണിവരെ ഇടവക ഭാരവാഹികളുമായി സംസാരിച്ചിരുന്ന ശേഷമാണ് അച്ചൻ പള്ളിമേടയിലേക്കു പോയത്.

പിറ്റേന്നു ഡിസംബർ 12-നു രാവിലെ ഏഴുമണിയോടുകൂടിയാണ് പടിഞ്ഞാറേക്കൂറ്റ് അച്ചൻ കൊല്ലപ്പെട്ടുവെന്ന വാർത്ത പുറംലോകം അറിയുന്നത്. അന്നു മൊബൈൽ ഫോണോ സമാന സൗകര്യങ്ങളോ ഉള്ള കാലമല്ല. വീട്ടിലെ ലാന്റ് ഫോണിലൂടെയാണ് ഞാൻ ആ വിവരം അറിയുന്നത്. വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. കൃത്യം നടത്തിയവരെ പറ്റിയും ചില സൂചനകൾ അപ്പോൾതന്നെ പ്രചരിച്ചിരുന്നു. ഓഡിറ്റോറിയം പണികൾ നടക്കുന്നതിനാൽ അച്ചന്റെ പക്കൽ ധാരാളം പണം കാണുമെന്നു കരുതിയാണ് അച്ചന്റെ സ്നേഹവാത്സല്യങ്ങൾ ഏറ്റുവാങ്ങിയവർ തന്നെ ആ ക്രൂരകൃത്യത്തിനു മുതിർന്നതെന്നു പിന്നീട് കാലം തെളിയിച്ചു.

സംഭവം അറിഞ്ഞ ഉടൻ തന്നെ ഞാൻ തോട്ടഭാഗത്തെത്തി. പള്ളിയിലും പരിസരത്തും റോഡിലുമെല്ലാം വൻ ജനാവലി. അത്യാഹിതം എന്നതിനപ്പുറം പ്രിയപ്പെട്ട അച്ചനു എന്തു സംഭവിച്ചു എന്നറിയാതെയാണു പലരും അവിടേക്ക് ഓടിയെത്തിയത്. ഡി. ജി. പി.യെയും അടുപ്പമുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരെയും ഞാൻ ടെലിഫോണിൽ ബന്ധപ്പെട്ടു. വൻ പോലീസ് സന്നാഹമാണു പള്ളിയങ്കണത്തിലേക്കു എത്തിയത്. തിരുവല്ല എം.എൽ.എ. ആയിരുന്ന ശ്രീ. മാമ്മൻ മത്തായിയും സ്ഥലത്തെത്തി. പോലീസ് നടപടികൾ എല്ലാം പൂർത്തീകരിച്ചു. ഭൗതികശരീരം ഉച്ചയോടുകൂടി പോസ്റ്റുമോർട്ടത്തിനായി കോട്ടയം മെഡിക്കൽ കോളേജ്



ആശുപത്രിയിലേക്കു കൊണ്ടുപോയി ഞാനും, മാമ്മൻ മത്തായിയും, ചെറിയാൻ രാമനാലിൽ അച്ചനും എന്റെ വാഹനത്തിൽ ഒപ്പം പോയി. ഒട്ടേറെപേർ മറ്റു വാഹനങ്ങളിലും. അന്നു വാഴൂർ എം. എൽ. എ. ആയിരുന്ന ശ്രീ. കെ. നാരായണക്കുറുപ്പും മെഡിക്കൽ കോളേജിലെത്തിയത് ഞാൻ ഓർക്കുന്നു.

നടപടികൾ പൂർത്തിയായ ശേഷം ഭൗതികശരീരം വിലാപയാത്രയായി ചെങ്ങരൂരിലെ കുടുംബവീട്ടിൽ എത്തിയപ്പോൾ രാത്രി 11 മണി. വിവിധ സഭകളിലെ വൈദികരും വിശ്വാസികളും നാട്ടുകാരുമടക്കം വൻ ജനാവലി അവിടെ കാത്തു നിൽപ്പുണ്ടായിരുന്നു.

സംഭവം നടക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഡൽഹിയിലായിരുന്നു. അദ്ദേഹത്തെ വിവരമറിയിച്ചപ്പോൾ തന്നെ ഉന്നത പോലീസ് ഉദ്യോഗസ്ഥരെ വിളിച്ച് കേസിന്റെ പുരോഗതി വിലയിരുത്തുകയും സഭാ നേതൃത്വത്തെ കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ പ്രതികളെ പിടികൂടാൻ കഴിഞ്ഞു. കേസിന്റെ വിചാരണ വർഷങ്ങൾ നീണ്ടു. പത്തനംതിട്ട ജില്ലാ കോടതിയിലായിരുന്നു കേസ്. 78 പേരാണു സാക്ഷി പട്ടികയിൽ ഉണ്ടായിരുന്നത് ഇതിൽ 50 പേരെ വിസ്തരിച്ചു മറ്റുള്ളവരെ ആ ഘട്ടത്തിൽ ഒഴിവാക്കി. എല്ലാവരും പ്രതീക്ഷിച്ചിരുന്ന കോടതിവിധി എത്തി. പ്രതികൾ മൂന്നുപേർക്കും ജീവപര്യന്തം തടവുശിക്ഷയാണു കോടതി വിധിച്ചത്. ഒപ്പം രണ്ടായിരം രൂപ വീതം പിഴയും. പത്തനംതിട്ട ജില്ലാ ജഡ്ജി എ. ലക്ഷ്മിക്കുട്ടിയമ്മയാണ് വിധി പ്രസ്താവം നടത്തിയത്.

അച്ചൻ വിട പറഞ്ഞിട്ട് 25 വർഷങ്ങൾ ആവുന്നു എന്നത് വിശ്വസിക്കാൻ പ്രയാസം. എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ. അച്ചൻ ജ്വലിക്കുന്ന ഓർമ്മയായി ഇന്നും നമ്മുടെ മനസ്സുകളിൽ. അച്ചന്റെ കുടുംബാംഗങ്ങൾ ഏതാണ്ടു എല്ലാവരും എന്റെ അടുത്ത സുഹൃത്തുക്കൾ. സൗഹൃദത്തിന്റെ ആ ഇഴയടുപ്പം ഊഷ്മളമായ അനുഭവങ്ങളാണ് സമ്മാനിച്ചിട്ടുള്ളത്. നാട്ടുകാരൻ എന്ന നിലയിൽ അച്ചൻ എന്നോടുകാട്ടിയ സ്നേഹവാത്സല്യങ്ങളും എന്റെ ഓർമ്മച്ചെപ്പിലെ അമൂല്യമുത്തുകൾ; തീർച്ച.

www.malankaralibrary.com



# പത്ര താളുകളിലൂടെ.....



## തിരുവല്ലയിൽ വൈദികൻ

കോട്ടയം: തിരുവല്ല രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് മാനേജർ ഫാദർ തോമസ് പടിഞ്ഞാറേക്കൂറ്റ് (54) ഞായറാഴ്ച രാത്രി അജ്ഞാതരുടെ വെട്ടേറ്റു മരണമടഞ്ഞു.

ഇന്നലെ പുലർച്ചെ തോട്ടഭാഗം സെന്റ് മേരീസ് കത്തോലിക്കാപ്പള്ളിയോടു ചേർന്നുള്ള വൈദികൻ താമസിക്കുന്ന വീടിന്റെ മുറിയിൽ കഴുത്തിനു വെട്ടേറ്റു മരിച്ച നിലയിലാണ് ഫാ. തോമസിനെ കണ്ടെത്തിയത്.

സെന്റ് മേരീസ് പള്ളിയിലെ കപ്യാരും ഫാദർ തോമസിന്റെ സഹായിയുമായ [illegible] ജോസ്, ജോസിന്റെ സുഹൃത്തുക്കളായ [illegible] എന്നിവർ [illegible] ത്തിനു ശേഷം അറസ്റ്റ് ചെയ്തിട്ടുണ്ട്.

ഇവർ മൂന്നുപേരും ഇന്നലെ രാത്രിയിൽ സ്വന്തം വീടുകളിൽ നിന്ന് പോയതായിട്ടാണ് പറയുന്നത്. മൂവരും തിരുവല്ല സെന്റ് ജോസഫ് കോളേജിലെ പ്രീഡിഗ്രി വിദ്യാർത്ഥികളാണ്.

കപ്യാർ ജോസ് രണ്ടു വർഷമായി ഫാദർ തോമസിനോടൊപ്പമാണ് താമസം. എന്നാൽ, ജോസ് ഞായറാഴ്ച അച്ചനോടൊപ്പമില്ലായിരുന്നുവെന്നും അറിയുന്നു.

പുലർച്ചയ്ക്ക് കുർബാനയ്ക്കെത്തിയ കുഞ്ഞമ്മ എന്ന സ്ത്രീയാണ് അച്ചന്റെ ജഡം ആദ്യമായി കണ്ടതെന്നു പറയുന്നു. [illegible]

ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ്






## കൃതജ്ഞത

[illegible]

ചെങ്ങരൂർ,
15-12-93.



## രാഷ്ട്ര ദീപിക

## വൈദികവധം: [illegible]
## 3 പേർക്കും ജീവപര്യ[illegible]



### ഒന്നാം ചരമവാർഷികം

റവ. ഫാദർ തോമസ്
പടിഞ്ഞാറേക്കൂറ്റ്

[illegible]



### രണ്ടാം ചരമവാർഷികം
(12-12-95)

റവ. ഫാദർ തോമസ്
പടിഞ്ഞാറേക്കൂറ്റ്

[illegible]



### 3-ാം ചരമവാർഷികം
(14-12-'96)

റവ. ഫാദർ തോമസ്
പടിഞ്ഞാറേക്കൂറ്റ്


[illegible]



### 4-ാം ചരമവാർഷികം
(13-12-1997)

റവ. ഫാ. തോമസ്
പടിഞ്ഞാറേക്കൂറ്റ്

[illegible]



### 5-ാം ചരമവാർഷികം

Rev. Fr. Thomas
Padinjarekuttu

[illegible]



### 6-ാം ചരമവാർഷികം

റവ. ഫാ. തോമസ്
പടിഞ്ഞാറേക്കൂറ്റ്

[illegible]



### 7-ാം ചരമവാർഷികം

റവ. ഫാദർ തോമസ്
പടിഞ്ഞാറേക്കൂറ്റ്

[illegible]



### 8-ാം ചരമവാർഷികം

റവ. ഫാ. തോമസ്
പടിഞ്ഞാറേക്കൂറ്റ്

[illegible]



### 9-ാം ചരമവാർഷികം

റവ. ഫാദർ തോമസ്
പടിഞ്ഞാറേക്കൂറ്റ്

[illegible]



### 10-ാം ചരമവാർഷികം

റവ. ഫാദർ തോമസ്
പടിഞ്ഞാറേക്കൂറ്റ്

[illegible]

www.malankaralibrary.com








www.malankaralibrary.com



# മണ്ണിൽ അലിഞ്ഞിട്ടും മനസ്സിൽ ഇളകാതെ

ഒരു വൈദികൻ എന്നതിലുപരി അടുത്തു പരിചയപ്പെടുന്നവർക്കെല്ലാം ഒരു ജ്യേഷ്ഠ സഹോദരന്റെ സ്നേഹവും കരുതലും പകർന്ന് നൽകുന്ന സമാനതകളില്ലാത്ത കാര്യശേഷിയുടെ സമന്വയത്തിന്റെ പ്രതീകമായിട്ടാണ് പ്രിയ ബഹു. തോമസ് പടിഞ്ഞാറേക്കുറ്റിലച്ചൻ ഇന്നും മനസ്സിൽ കാറ്റിലിളകാത്ത ദീപനാളമായി പ്രശോഭിക്കുന്നത്. തിരുവല്ല അരമനയുടെ മുക്ത്യാറുകാരൻ എന്ന നിലയിൽ തിരുവല്ല രൂപതയിലെ ഓരോ വൈദികരോടും വ്യക്തിപരമായ അടുപ്പം ഉണ്ടായിരുന്ന എനിക്ക് പടിഞ്ഞാറേക്കുറ്റച്ചൻ എന്നും ഒരു അത്ഭുതവും അടുത്ത വ്യക്തി എന്ന നിലയ്ക്ക് ആ ബന്ധം ഒരു സമ്പത്തും ആയിരുന്നു. റാന്നി മേഖലയിലെ എന്റെ ഇടവകയായ തൃക്കോമലയിൽ വികാരിയായി അച്ചൻ എത്തിയപ്പോൾ ആ ബന്ധം ഏറ്റം വളർന്നു. അച്ചന് ആതിഥേയമരുളാൻ സാധിക്കുന്നത് ഒരു പുണ്യമായി ഇടവകയിലെ ഓരോ കുടുംബവും കണ്ടു. വട്ടത്തൊപ്പിയുമായി ഒരു സൈക്കിളിൽ മലമടക്കുകളിൽ കൂടി സഞ്ചരിച്ച അച്ചൻ മതത്തിന്നതീതനായി സർവ്വരാലും ആദരിക്കപ്പെട്ടിരുന്നു. ശൈവദശയിലായിരുന്ന തൃക്കോമല സെന്റ് മേരീസ് ദൈവാലയത്തിന്റെ സഭാതലത്തിലുള്ള വളർച്ചയുടെ നാന്ദി ബഹു. അച്ചനായിരുന്നു. സെമിത്തേരി ഇല്ലാതിരുന്ന ഇടവകയ്ക്ക് തർക്കങ്ങൾ പരിഹരിച്ച് സെമിത്തേരി നിർമ്മിച്ച് ആയതിന്റെ ക്രമീകരണങ്ങൾ ചെയ്തത് ബഹു. അച്ചനാണെന്ന് ഇടവകാംഗങ്ങൾ ഇന്നും നന്ദിയോടെ സ്മരിക്കുന്നു. പ്രാർത്ഥനാ കൂട്ടായ്മകളിലൂടെ ഇടവകാംഗങ്ങൾ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുവാനും പൊന്തൻപുഴ വനത്തിനിരുപുറമായി താമസിച്ചുവന്ന ഇടവകാംഗങ്ങളെ ഒരു സ്വരത്തിൽ സമന്വയിപ്പിക്കുവാനും അച്ചന് സാധിച്ചു. നക്സൽ ആക്രമണങ്ങൾ കേരളത്തിൽ 'ഭീതി' പരത്തിയ കാലഘട്ടത്തിൽ വയനാട് മലയിടുക്കുകളിൽ നിന്നും റാന്നിയിലെത്തിയ അച്ചൻ റാന്നിയുടെ വിവിധ പ്രദേശങ്ങളിൽ നക്സൽ വിരുദ്ധ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകി. കാക്കി ഷർട്ടും കാക്കി പാന്റ്സും ധരിച്ച ഒരുപറ്റം മദ്ധ്യവയ്സ്കരെ സംഘടിപ്പിക്കുന്ന പരിശീലനം നൽകുവാനും ഗ്രാമീണ മേഖലയിൽ ജാതി-മത-വർഗ-വരേണ്യ വ്യത്യാസമില്ലാതെ ഒരു സംഘം കെട്ടിപ്പടുക്കുവാനും അച്ചന് സാധിച്ചു. തൃക്കോമലയിലെ ഇതരമതസ്ഥർ ഇന്നും അങ്ങനെ ആദരവോടെ സ്മരിക്കുന്നു. ഒരു നാടിനു മുഴുവൻ പ്രതീകവും, വാക്ക് ആകാനും ഹൃദയങ്ങളെ നേടുവാനും പുരോഹിതനെന്ന നിലയിൽ ആളുകളെ ഇടവകയോടെ അടുപ്പിക്കുവാനും അച്ചന് സാധിച്ചു. ഇടവകയുടെ വിവിധ സഹായങ്ങൾ ഇടവകയ്ക്ക് പുറത്ത് അവശത അനുഭവിക്കുന്നവരിലേക്ക് എത്തിക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സൈക്കിൾ നിന്നും യെസ്ഡിയിലേക്ക് വാഹനം മാറ്റിയപ്പോഴും അച്ചൻ എല്ലാ പരിചയങ്ങളെയും പുതുക്കുന്നതിനും ഗതാഗതസൗകര്യം കുറവായിരുന്ന ആ കാലഘട്ടത്തിൽ വാഹനത്തിൽ ലക്ഷ്യത്തിൽ കൊണ്ടെത്തിക്കുന്നതിനും പ്രത്യേകം മനസ്സ് കാണിച്ചിരുന്നു.

പാവപ്പെട്ടവരോടും അശരണരോടും പ്രത്യേകം കരുണ കാണിച്ചിരുന്ന അച്ചൻ ഇടവകയുടെ അകത്തും പുറത്തുമുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പിരിവെടുത്തു പണം കണ്ടെത്തിയിരുന്നു. ഒരു സമയം കുറിച്ചാൽ കൃത്യസമയത്ത് ആ സ്ഥലത്ത് എത്തുന്നതിന് ശ്രദ്ധ കാണിച്ചിരുന്ന അച്ചന്റെ കൃത്യനിഷ്ഠ മുഴുവൻ സമൂഹത്തിനും ഒരു പാഠമായിരുന്നു. ഒടുവിൽ ദൈവനിയോഗത്തിന്റെ വേറിട്ട വഴികളിൽ അച്ചന്റെ ഘാതകർക്ക് ശിക്ഷ വാങ്ങി നൽകാൻ കേസ് നടത്തിപ്പിന്റെ എല്ലാ തലങ്ങളിലും ബഹു. കോടതിവിധി വാചകം ഉച്ചരിക്കുന്നതുവരെ ഇടതടവില്ലാതെ നിയമ വിദഗ്ദരോട് ഇടപെടുവാനും നീലമേഘങ്ങൾക്കപ്പുറം ഇരുന്നു കൊണ്ട് അച്ചൻ എന്നെ ഇടയാക്കി. അങ്ങനെ കല്ലറക്കപ്പുറം ആ കർമ്മബന്ധം വളർന്നതും ഇന്നും ഒരിറ്റ് കണ്ണീരിന്റെ നനവോടെ ഞാൻ ഓർമ്മിക്കുന്നു.



വി. എസ് സ്കറിയാ
(പാപ്പച്ചൻ)
വടക്കേത്തറ

www.malankaralibrary.com



# അജപാലകനായ തോമസച്ചൻ



Sr. Immaculate SIC

എസക്കിയേൽ പ്രവചനം 34:16 ൽ പറയുന്നു 'നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും വഴിതെറ്റിപ്പോയതിനെ ഞാൻ തിരികെ കൊണ്ടുവരും. മുറിവേറ്റതിനെ ഞാൻ വെച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും. കൊഴുത്തതിനെയും ശക്തിയുള്ളതിനെയും ഞാൻ സംരക്ഷിക്കും. നീതിപൂർവ്വം ഞാൻ അവയെ പോറ്റും.' ഈ വചനങ്ങൾ തന്റെ ജീവിതത്തിലൂടെ അന്വർത്ഥമാക്കിയ ഒരു വൈദിക ശ്രേഷ്ഠനായിരുന്നു ബഹുമാനപ്പെട്ട തോമസ് പടിഞ്ഞാറേക്കൂറ്റച്ചൻ. ആടുകൾക്കുവേണ്ടി ജീവൻ അർപ്പിച്ച നല്ല ഇടയനെപ്പോലെ തന്റെ അവസാനത്തെ തുള്ളി രക്തവും താൻ കരം പിടിച്ചുയർത്തിയവർക്കുവേണ്ടി ചൊരിഞ്ഞ രക്ത സാക്ഷിയായ മഹാനാണ് തോമസച്ചൻ. മുറിവേറ്റതിനെയും ബലഹീനമായതിനെയും തോളിലേറ്റുന്ന ഒരു നല്ല ഇടയനെപ്പോലെ സാധാരണക്കാരായ തന്റെ ഇടവകാംഗങ്ങളെ മാത്രമല്ല, തന്നോടിടപഴകുന്ന ഇതര മതസ്ഥരോടും കരുതലും സ്നേഹവും കാണിച്ചിരുന്ന ഒരു നന്മ നിറഞ്ഞ മനസ്സിനുടമയായിരുന്നു അദ്ദേഹം. സ്നേഹത്തിനും കരുതലിനും അതിർവരമ്പുകൾ നിശ്ചയിക്കാതെ വിവിധ ജാതി മതസ്ഥരെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നത് പ്രത്യേകം അനുസ്മരണീയമാണ്. എല്ലാവർക്കും എന്നും സ്വീകാര്യനും ജനസമ്മതിയുള്ളവനും നാനാജാതി മതസ്ഥർക്ക് ഒരു നല്ല ആത്മീയ പിതാവുമായിരുന്നു തോമസച്ചൻ. ഇപ്രകാരം ഇടപഴകിയതു മൂലം ജനങ്ങളുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റാൻ അദ്ദേഹത്തിന് സാധിച്ചു. സാധാരണക്കാരായ ജനങ്ങൾ അധിവസിച്ചിരുന്ന ചുങ്കപ്പാറ ഗ്രാമപ്രദേശത്തെ വിദ്യാഭ്യാസത്തിലൂടെ മാത്രമെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കൂ എന്ന് മനസ്സിലാക്കിയ തോമസച്ചൻ പാവപ്പെട്ടവർക്കും ഇടനിലക്കാർക്കും സ്വപ്നം കാണാൻ പോലും കഴിയാതിരുന്ന ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം കുറഞ്ഞ ചിലവിൽ പ്രാപ്യമാക്കിക്കൊടുത്തു. ഇത് അദ്ദേഹത്തിന്റെ ഒരു സ്വപ്ന സാക്ഷാത്കാരമായി കരുതാവുന്നതാണ്. വൈദികമന്ദിരത്തോട് ചേർന്ന് ദളിത് ആൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ തുടങ്ങിയത് അച്ചന് ദളിത് വിഭാഗക്കാരോടുള്ള അനുകമ്പയും കരുതലും സ്നേഹവും വ്യക്തമാക്കുന്നു. ബഹുമാനപ്പെട്ട തോമസച്ചനെക്കറിച്ചുള്ള നന്മ നിറഞ്ഞ ഓർമ്മകൾ ചുങ്കപ്പാറ ഇടവകയിൽ നിന്നുള്ള സന്യാസിനികൾക്കും എന്നും ഉന്മേഷവും പ്രചോദനവും ഏകുന്നു. സന്യാസ ജീവിതത്തിലേക്കുള്ള എന്റെ ആഗ്രഹം മനസ്സിലാക്കിയ തോമസച്ചൻ എല്ലാ രംഗങ്ങളിലും അതിനുവേണ്ടതായ




www.malankaralibrary.com





പ്രോത്സാഹനം നൽകിയിരുന്നു. ദൈവാലയത്തോടും ദൈവീക കാര്യങ്ങളോടും ഒരു ഹൃദയ അടുപ്പം ഉണ്ടാകാൻ ഇത് സഹായകമായി. ശനിയാഴ്ചകളിൽ നടത്താറുള്ള സൊഡാലിറ്റിയിൽ മുടങ്ങാതെ പങ്കെടുക്കുവാനും ദൈവാലയ പരിസരങ്ങൾ വൃത്തിയാക്കുവാനും പൂന്തോട്ടം നനയ്ക്കുവാനും കുട്ടികളെ പരിശീലിപ്പിച്ചിരുന്നത് ഓർക്കുന്നു. കുട്ടികളെ വെറുംകൈയ്യോടെ പറഞ്ഞയക്കാതെ അവർക്കെന്തെങ്കിലും മധുരപലഹാരങ്ങൾ കൈവശം ഉള്ളത് പങ്കുവെച്ച് നൽകിയിരുന്നത് പങ്കുവെയ്ക്കലിന്റെ അനുഭവം ഒരു മാതൃകയായി സ്വീകരിക്കാൻ ഞങ്ങൾക്കിന്ന് സാധിക്കുന്നു.

ഞായറാഴ്ചകളിൽ പ്രഭാതത്തിൽ 7 മണിമുതൽ 7:30 വരെയുള്ള സമയം തോമസച്ചന്റെ ക്ലാസ്സുകളായിരുന്നു. അപ്പോൾ ബൈബിൾ, സഭാചരിത്രം, പൊതുവിജ്ഞാനം എന്നീ വിഷയങ്ങൾ പഠനവിഷയങ്ങളായിരുന്നു. കുട്ടികൾ പഠിക്കുന്നുണ്ടോ എന്നറിയാൻ പരീക്ഷകൾ നടത്തുകയും സമ്മാനാർഹരായവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്തിരുന്നു എന്നും സ്മരണീയമാണ്. എത്രയധികം തിരക്കുകളുണ്ടായിരുന്നാലും ഒരു സാധാരണക്കാരനെപ്പോലെ ഭവനങ്ങളിൽ കടന്നുചെല്ലാനും അവരോടൊപ്പം സമയം ചെലവിടാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. തന്നോടിടപെടുന്ന ഒരു വ്യക്തിപോലും തനിക്ക് അന്യനല്ല എന്ന് തോന്നുംവിധം ആയിരുന്നു അദ്ദേഹത്തിന്റെ ഇടപെടലുകൾ. മലവെള്ളപ്പാച്ചിൽ പോലെ വരുന്ന ഏതു പ്രശ്നങ്ങളെയും സമചിത്തതയോടെ കൈകാര്യം ചെയ്യാനറിയാമായിരുന്ന ഒരു നല്ല ഇടയൻ. ദീർഘവീക്ഷണത്തോടെ തുടങ്ങിയിട്ട നിരവധി സംരംഭങ്ങൾ. ഒരു നല്ല അഡ്മിനിസ്ട്രേറ്റർ, എന്ത് ത്യാഗം അനുഷ്ഠിച്ചും തന്റെ ഇടവകജനങ്ങളെ ദൈവലായത്തോടു ചേർത്തു നിർത്താൻ തന്റെ ആരോഗ്യവും, ശരീരവും, മനസ്സും, ബുദ്ധിയും, കഴിവുകളും സമർപ്പിച്ച ഒരു മഹാത്മാവ്. കുട്ടികളിലെ ദൈവവിളി അത് പൗരോഹിത്യത്തിലേക്കായാലും സന്യാസത്തിലേക്കായാലും അതിനെ തിരിച്ചറിഞ്ഞ് അവരെ അതിനായി സജ്ജരാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഒരു നല്ല വൊക്കേഷൻ പ്രമോട്ടർ, ധനവാനെന്നോ പാവപ്പെട്ടവനെന്നോ വേർതിരിവില്ലാതെ ജനങ്ങളുടെ ആവശ്യം കണ്ടറിഞ്ഞ് കർത്തവ്യങ്ങൾ നിർവ്വഹിച്ചിരുന്ന ഒരു പുരോഹിതശ്രേഷ്ഠൻ. ഏശയ്യാ പ്രവചനത്തിൽ പറയുംപോലെ "You are a crown of beauty in the hands of God" നിരവധി ക്ലേശങ്ങൾക്ക് നടുവിലും ഷാരോണിലെ പുഷ്പം പോലെ ശിരസ്സുയർത്തി നിന്ന് രക്തസാക്ഷിത്വത്തിലൂടെ വിശുദ്ധനെന്ന് പ്രഖ്യാപിക്കപ്പെട്ടില്ലെങ്കിലും കത്തോലിക്കാ സഭയിലെ ലക്ഷക്കണക്കിന് രക്തസാക്ഷികളുടെ കൂട്ടത്തിൽ തോമസച്ചൻ ചേർക്കപ്പെട്ടു.



www.malankaralibrary.com



# അരികവത്ക്കരിക്കപ്പെട്ടവരുടെ ആത്മമിത്രം

സ്വന്തം പിതാവിൽ നിന്നും പകർന്നു കിട്ടിയ സഭാ സ്നേഹത്തിന്റെ പാദുകം സ്വയമേ എടുത്തണിഞ്ഞ സഭാസ്നേഹി. പ്രേഷിത പ്രവർത്തനങ്ങളെ പ്രണയഗീതങ്ങളാക്കി മറ്റുള്ളവരെ പ്രബോധിപ്പിച്ച പ്രേഷിത പ്രണയിനി. മണ്ണിനേയും, മനുഷ്യനേയും മാറോടു ചേർത്ത് പിടിച്ച മഹാപുരോഹിതൻ. കലയേയും, സാഹിത്യത്തേയും ഉപാസിച്ച കാലസ്നേഹി. അശരണരുടെയും, അവഗണിക്കപ്പെട്ടവരുടെയും അരികിലൂടെ നടന്ന അജപാലകൻ. ബേബിച്ചായൻ എന്ന ഓമനപ്പേരിൽ കുടുംബാംഗങ്ങൾ സ്നേഹപൂർവ്വം വിളിക്കുന്ന ബഹുമാനപ്പെട്ട തോമസ് പടിഞ്ഞാറേക്കൂറ്റച്ചൻ വാക്കുകൾക്കും, വരികൾക്കും വർണ്ണിക്കുവാൻ പരിമിതികളുള്ള ഒരു ഈടുറ്റ സാമൂഹിക, സാംസ്കാരിക പ്രവർത്തകനായിരുന്നുവെന്ന് പറഞ്ഞാൽ രണ്ട് പക്ഷമുണ്ടാവില്ല.



ബാബുജി ബത്തേരി

രണ്ട് വർഷത്തെ ഭാഷാപഠനത്തിനും, ആത്മീക ശുശ്രൂഷയുടെ പ്രാഥമിക പരിശീലനത്തിനും ശേഷം, തത്വ-ദൈവ ശാസ്ത്ര പഠനത്തിനായി ബ്രദർ തോമസ് തൃശിനാപ്പള്ളി സെമിനാരിയിൽ പ്രവേശനം നേടി. അക്കാലയളവിൽ അദ്ദേഹത്തെ നിരന്തരമായി അലട്ടിയിരുന്ന തലവേദന ജന്മനാ ലഭിച്ചിരുന്ന നേതൃത്വഗുണവും, സഹജമായിരുന്ന സഹാനുഭൂതിയിലും പരോപകാര പ്രദമായ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറുവാൻ ഒരു കാരണമായി കണക്കാക്കിയില്ല. പ്രദേശവാസികളായ തമിഴ് വംശജരുടെയും, സഹപാഠികളായ മലയാളികളുടെയും ഇടയിൽ സജീവമായി നടത്തിവരുന്ന സേവന പ്രവർത്തനങ്ങൾ കൗമാരം വിട്ടുമാറാത്ത ബ്രദർ തോമസിനെ അദ്ധ്യാപകരുടെയും അധികാരികളുടെയും സഹപാഠികളുടെയും ഇടയിൽ ഒരുപോലെ പ്രിയങ്കരനാക്കിത്തീർത്തു.

പഠനാനന്തരം 1966 മെയ് മാസത്തിൽ പഴയ തിരുവല്ല രൂപതയുടെ ഭാഗമായിരുന്ന വയനാട് ജില്ലയിലെ മാനന്തവാടിയിലേക്കായിരുന്നു അദ്ദേഹത്തിന്റെ അജപാലന ദൗത്യം. സമകാലികമായ സൗകര്യങ്ങൾ അനുഭവിക്കുവാൻ കഴിയുന്ന തിരുവല്ലാപട്ടണത്തിൽ നിന്നും, ദുർഘടസാഹചര്യങ്ങളാൽ പ്രക്ഷുബ്ദമായ വയനാടൻ മലമ്പ്രദേശത്തേക്കുള്ള പലായനം, ബഹുമാനപ്പെട്ട പടിഞ്ഞാറേക്കൂറ്റച്ചനെ സംബന്ധിച്ചിടത്തോളം ഒരു ദൈവീക പദ്ധതിയുടെ ഭാഗം മാത്രമായിരുന്നു. ഒപ്പം ഒരല്പം സന്തോഷത്തിന് വക നൽകുന്ന ഒരു കാരണം കൂടിയുണ്ടായിരുന്നു. ബഹു. അച്ചന്റെ ഏക സഹോദരി അമ്മിണിയെന്നു വിളിക്കുന്ന ശ്രീമതി അച്ചാമ്മ ശമുവേലും കുടുംബവും അക്കാലയളവിന് മുൻപ് തന്നെ മിലിട്ടറി കോളനി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാറിൽ സ്ഥിരതാമസം ആരംഭിച്ചിരുന്നു. മാനന്തവാടിയിൽ നിന്നും ഏകദേശം 60 കിലോമീറ്റർ അകലെ വടുവൻചാൽ എന്ന പ്രദേശത്തായിരുന്നു അവരുടെ താമസം. ആ പ്രദേശത്തെ പോസ്റ്റ്മാസ്റ്റർ ആയി സേവനം അനുഷ്ഠിച്ചിരുന്നത് സഹോദരീഭർത്താവായ പി.ജെ സാമുവേൽ ആയിരുന്നു എന്നതുകൊണ്ട് ബഹു. അച്ചന് ആശയവിനിമയ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുവാൻ കഴിഞ്ഞിരുന്നു. വാഹന സൗകര്യങ്ങളോ, മറ്റ് മോഹിപ്പിക്കുന്ന ഭൗതീക സാഹചര്യങ്ങളോ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ആറാട്ടുതറ എന്ന സ്ഥലത്ത് താമസിച്ചുകൊണ്ട് കണിയാംപറ്റ, കമ്മന, കോറോം, മാനന്തവാടി തുടങ്ങിയ സ്ഥലങ്ങളിലെല്ലാമാണ് അദ്ദേഹം പ്രേഷിത ശുശ്രൂഷ



www.malankaralibrary.com




നിർവ്വഹിച്ചത്. ഈ കാലയളവിൽ കൊടും തണുപ്പും, കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങളും വകവെയ്ക്കാതെ, കാൽനടയായി ഇടവക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും, ജാതി-മത വ്യത്യാസമെന്യേ, പ്രദേശവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങളിൽ കണ്ണിയാവുകയും ചെയ്തതാണ് ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റച്ചന്റെ സാമൂഹ്യ സപര്യയിലെ ഏറ്റവും മികവുറ്റ കാലഘട്ടം. എന്നും സമൂഹത്തിലെ സാധാരണക്കാരോടൊപ്പം സഞ്ചരിക്കുവാൻ ആഗ്രഹിച്ചിരുന്ന അച്ചന്റെ തന്റെ ചുറ്റുമുണ്ടായിരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ അവസ്ഥ പരിഗണിച്ച് ആരംഭിച്ച ഒരു സാമൂഹിക സംരംഭമായിരുന്നു മാനന്തവാടി ടൗണിൽ തുടക്കമിട്ട ഹോട്ടൽ ആന്റ് ടൂറിസ്റ്റ് ഹോം യൂണിറ്റ്. ഈ സംരംഭത്തിലൂടെ സമീപ പ്രദേശങ്ങളിലെ നിരവധി യുവാക്കൾക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു വെന്നതും, ഒപ്പം വയനാടൻ മല കയറി എത്തുന്ന വർക്ക് ഒരു ആശ്രയ കേന്ദ്രവുമായിരുന്നു. 1966 മുതൽ 1970 വരെയുള്ള 5 വർഷക്കാലം ബഹു. തോമസച്ചൻ പഴയ കോഴിക്കോടു ജില്ലയും, എന്നാൽ ഇന്ന് വയനാടൻ ജില്ലയായി അറിയപ്പെടുന്ന വയനാടൻ മലകളിലേക്ക് കുടിയേറിയ സാധാരണക്കാരായ വയനാടിന്റെ മക്കളായ ആദിവാസികളുടെ കണ്ണീ രൊപ്പുവാൻ കാർഷിക-സാമൂഹക രംഗത്ത് തുടങ്ങിവച്ച ചെറുതും വലുതുമായ നിരവധി പ്രവർത്ത നങ്ങൾ ബഹു. അച്ചന്റെ സാമൂഹിക ജീവിതത്തിലെ നനുത്ത ഓർമ്മകളായി ഇന്നും നിലനിൽക്കുന്നു.

യുവവൈദികന്റെ സേവനം രൂപതയോടു ചേർന്നുള്ള പ്രദേശങ്ങളിൽ ആവശ്യമാണെന്ന് മനസ്സിലാക്കിയ അഭി. മാർ അത്താനാസിയോസ് തിരുമേനി അദ്ദേ ഹത്തെ 1970-ൽ നാട്ടിലേക്ക് തിരികെ വിളിച്ചു. ആയ തിനുശേഷം അദ്ദേഹം ഇടവക ഭരണത്തോടൊപ്പം അജപാലന കാര്യത്തിലും പ്രത്യേകിച്ച് എക്യുമെനി ക്കൽ സഭാ പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീക രിക്കുവാൻ തുടങ്ങി. അക്കാലഘട്ടത്തിൽ കോട്ടയം ജില്ലയിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്ര വർത്തകരും, മറ്റിതര സഭാനേതാക്കളുമായും, ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റച്ചന്റെ ബന്ധം പിൻഗാമിക ളായ വൈദീകർക്കുപോലും പ്രചോദനമായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലുള്ളവരുമായി പുലർത്തിയ ആത്മബന്ധവും, അവരുമായി സഹകരിച്ച് നേതൃത്വം കൊടുത്ത സാമൂഹിക പ്രവർത്തനങ്ങളും, എക്യുമെ നിക്കൽ സംരംഭങ്ങളും ബഹുമാനപ്പെട്ട തോമസച്ചന്റെ വിശാലവും, വിസ്തൃതവുമായ സാമൂഹിക കാഴ്ച പ്പാടിന്റെ ഉത്തമ ഉദാഹരണങ്ങളായിരുന്നു. അക്കാല യളവിൽ പുതുപ്പള്ളി ഓർത്തഡോക്സ് പള്ളി വികാ രിയായിരുന്നു അദ്ദേഹത്തിന്റെ ഉറ്റ ചങ്ങാതി എന്നതും, ആ പ്രദേശത്തെ എക്യുമെനിക്കൽ പ്രസ്ഥാനത്തെ വളർച്ചയിലേക്ക് നയിക്കുന്നതിന് കാരണമായി. ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റച്ചന്റെ സാമൂഹിക സാംസ്കാരിക-വിദ്യാഭ്യാസ രംഗത്തെ നക്ഷത്രശോഭ യുള്ള കാലഘട്ടമായിരുന്നു ചുങ്കപ്പാറ പ്രദേശത്ത് സേവനം ചെയ്ത 12 വർഷക്കാലം. ഒരിടവകയിൽ തുടർച്ച യായി 12 വർഷക്കാലം സേവനം ചെയ്തു എന്നതും, ആ പ്രദേശവാസികളും, ഇടവകജനങ്ങളും പരാതികളും, പരിഭവവുമില്ലാതെ അദ്ദേഹത്തിന്റെ നേതൃത്വം അത്രയും കാലം അംഗീകരിക്കുക എന്നതും വൈദീക ജീവിതത്തിലെ തന്നെ വളരെ അപൂർവ്വം അവസരമായിരിക്കുമെന്നതിൽ സംശയമുണ്ടാവില്ല. അദ്ദേഹം നിരവധി പ്രവർത്തനങ്ങൾക്ക് അവിടെ നേതൃത്വം കൊടുത്തുവെങ്കിലും, ആ പ്രദേശ വാസികളുടെ ചിരകാല അഭിലാഷമായിരുന്ന ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ എന്ന ആശയത്തിന് സാക്ഷാത് കാരം നൽകിയതാണ് ജനമനസ്സിൽ ഇന്നും മായാതെ നിൽക്കുന്നത്. ഇടവകക്കാരുടെയും, മറ്റ് പ്രദേശവാസി കളുടെയും പൂർണ്ണ സഹകരണത്തോടെ ആരംഭിച്ച ക്രിസ്തുരാജ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഇന്നും ചുങ്കപ്പാറയ്ക്ക് ഒരു തിലകക്കുറിയായി വിളങ്ങുന്നു.

തിരുവല്ല രൂപത വിദ്യാഭ്യാസ ഏജൻസി കോർപ്പറേറ്റ് മാനേജരായി ചുമതലയേറ്റ ബഹുമാനപ്പെട്ട പടിഞ്ഞാറേക്കൂറ്റച്ചൻ തോട്ടഭാഗം ഇടവകയുടെ അധി കച്ചുമതല കൂടി വഹിച്ചിരുന്നു. ഹൈറേഞ്ച് മേഖ ലയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെയും, ചെങ്ങരൂരിൽ പിൽക്കാലത്ത് ആരംഭിച്ച് ബി.എഡ്. കോ ളേജിന്റെയും വിത്തുകൾ പാകിയത് ബഹു. അച്ചന്റെ ശ്രമ ഫലമായിരുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം ഇടവകയുടെ സമസ്ത മേഖലകളേയും പരിപോഷിപ്പിക്കു വാനുള്ള ശ്രമത്തിന്റെ ഭാഗമായി യുവജന സംഘടനാ പ്രവർത്തനങ്ങളെയും, മറ്റിതര പോഷക സംഘടനക ളെയും നിർലോഭം പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം ഒട്ടും മടി കാണിച്ചില്ല. അവർക്ക് വേണ്ടതിലേറെ സ്വാതന്ത്ര്യം നൽകുകയും, അവരുടെ സന്തത സഹചാരിയാകുകയും ചെയ്തു. അവരുമായി ആശയവും അന്നവും പങ്കുവെച്ച് അവരിലൊരാളായി ജീവിച്ച തോമസ് പടിഞ്ഞാറേക്കൂറ്റച്ചനെ ഒരു ഗദ്സമെൻ രാത്രിയിൽ യൂദാ സിനെപ്പോലെ അവരിലൊരാൾ ഒറ്റിക്കൊടുത്തു. കൈകാ ലുകൾ ബന്ധിച്ച് സ്വന്തം കിടപ്പറയിലെ കട്ടിലിൽ വരിഞ്ഞു മുറുക്കി ഇരുമ്പ് ദണ്ഡ് കൊണ്ട് ആ നീതിമാനായ വൈദി കനെ തല്ലിച്ചതച്ച് അതിക്രൂരമായി കൊലപ്പെടുത്തി. വി. ഗ്രന്ഥം പ്രതിപാദിക്കുന്നതുപോലെ അവന്റെ തലയോട്ടി പിളർന്ന് രക്തവും വെള്ളവും പുറത്തേക്കൊഴുകി. ഒരിറ്റ് വെള്ളത്തിനായി ആ നാവ് ആർത്തി പൂണ്ടു. കാൽവറിയിലെ ക്രൂശിൽ പിടഞ്ഞ് മരിച്ച ദൈവപുത്രനെ പ്പോലെ, സ്വന്തം കിടപ്പുമുറിയിലെ കട്ടിലിൽ ആ മനുഷ്യ പുത്രൻ വേദനയിൽ പുളഞ്ഞ് സ്വന്തം ജീവൻ വെടിഞ്ഞു. മദ്ധ്യതിരുവിതാംകൂറിന്റെ സാമൂഹ്യ മനഃസാക്ഷിയെ നടുക്കിയ ആ സംഭവം, സാമൂഹിക-ജീവകാരുണ്യ-വിദ്യാഭ്യാസ രംഗത്ത് നികത്താനാവാത്ത ഒരു വിടവ് സൃഷ്ടിച്ചു. അരികവത്കരിക്കപ്പെട്ട ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം ഒരു ആത്മമിത്രത്തെയാണ് അച്ചന്റെ വിയോഗത്തിലൂടെ നഷ്ടമായത്. ബഹുമാനപ്പെട്ട അച്ചന്റെ ജ്വലിക്കുന്ന ഓർമ്മകൾ സാമൂഹ്യപ്രവർത്തനങ്ങളിൽ മുഴുകുന്ന പുതുതലമുറയ്ക്ക് കൂടുതൽ ശക്തിയും കരുത്തും പകരട്ടെ.


www.malankaralibrary.com





www.malankaralibrary.com







റവ. ഫാ. തോമസ് പുതിയവീട്ടിൽ

# വിദ്യാഭ്യാസ വിചക്ഷണനായ വൈദികൻ.

1957 ജൂൺ മാസാരംഭത്തിൽ തിരുവല്ലാ രൂപതയുടെ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയുടെ മുറ്റത്ത് 2-ാം വർഷ വിദ്യാർത്ഥികളായ ഞങ്ങൾ അഞ്ചുപേർ കാത്തുനിൽക്കുമ്പോൾ വൈദികനാകാൻ വലിയ താല്പര്യത്തോടെ തോമസ് പടിഞ്ഞാറേക്കൂറ്റ് എന്ന യുവാവ് നടന്നുവന്നതും ഞങ്ങൾ സ്വാഗതം ചെയ്തതും ഓർമ്മയിലുണ്ട്. തിരുവല്ലാ രൂപതയിലെ പ്രധാന ഇടവകയായ ചെങ്ങരൂർ സെന്റ് ജോർജ്ജ് ഇടവകയുടെയും വിദ്യാഭ്യാസപരമായി ഉയർന്നു നിൽക്കുന്ന മല്ലപ്പള്ളി പ്രദേശത്തിന്റെയും പുത്രനായ ബ്രദർ തോമസ് പടിഞ്ഞാറേക്കൂറ്റ് എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ച ഒരു വിദ്യാർത്ഥി ആയിരുന്നു. സഹപാഠികളോടുള്ള ഇടപെടൽ മേലധികാരികളായ വൈദികരോടുള്ള ബഹുമാനം, രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിനോടുള്ള ആദരവ് എല്ലാം ബ്രദർ പടിഞ്ഞാറേക്കൂറ്റ് തോമസിന്റെ വ്യക്തിത്വത്തിന്റെ ആകർഷക ഘടകങ്ങളായിരുന്നു. അതോടൊപ്പം പഠനത്തിലുണ്ടായിരുന്ന ശുഷ്കാന്തിയും പ്രാർത്ഥനയിലും വിശുദ്ധ കുർബ്ബാനയിലും കാണിച്ച ഭക്തിയും മാതൃകാപരമായിരുന്നു. രണ്ടു വർഷത്തെ മൈനർ സെമിനാരി ജീവിതം അവസാനിപ്പിച്ചപ്പോൾ ഉപരിപഠനത്തിനായി ബ്രദർ തോമസ് തൃശ്ശിനാപ്പള്ളിയിലെ സെന്റ് പോൾസ് മേജർ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. ഈശോ സഭാ വൈദികർ നടത്തുന്ന മേജർ സെമിനാരി ആയിരുന്നു അത്. തമിഴ്നാട്ടിലെയും കേരളത്തിലെയും അയൽ സംസ്ഥാനങ്ങളിലെയും വിവിധ റീത്തുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സമ്പർക്കവും കൂട്ടായ്മയും, സഭാ വൈദികരുടെ മേൽനോട്ടവും ബഹു. ബ്രദർ തോമസിനെ ഭാവിജീവിതത്തിന് പ്രാപ്തനാക്കി വളർത്തി. ഏഴുവർഷത്തെ തൃശ്ശിനാപ്പള്ളി പഠന ശേഷം 1966-ൽ തിരിച്ചുവന്ന ശെമ്മാശൻ തോമസ് പടിഞ്ഞാറേക്കൂറ്റ് മാർച്ച് മാസത്തിൽ അഭിവന്ദ്യ ജയിംസ് മെന്റോൻസാ പിതാവിൽ നിന്ന് വൈദികപട്ടം സ്വീകരിച്ച് രൂപതാ ശുശ്രൂഷയ്ക്ക് അർഹനായിത്തീർന്നു. സ്വന്തപ്പെട്ടവരെയും ബന്ധുക്കളെയും സന്ദർശിക്കുവാനും തന്റെ സന്തോഷത്തിൽ പങ്കെടുപ്പിക്കുവാനുമായി രണ്ടുമാസത്തോളം ചെലവഴിച്ച ശേഷം രൂപതാ ശുശ്രൂഷയിൽ പ്രവേശിച്ചു. പമ്പാ നദിമുതൽ വടക്കോട്ട് കർണ്ണാടക തമിഴ്നാട് അതിർത്തിവരെ വ്യാപിച്ചു കിടന്ന മിഷൻ പ്രദേശങ്ങൾ തിരുവല്ലാ രൂപതക്കാരുടേതായിരുന്നു. വടക്കേയറ്റത്തുള്ള വയനാട്ടിലെ മാനന്തവാടി കേന്ദ്രമായുള്ള 5 മിഷനുകളുടെ വികാരി ആയിരുന്ന ബഹു. ചെറിയാൻ മൈലക്കാട്ട് അച്ചന്റെ സഹവികാരിയായിട്ടായിരുന്നു തോമസച്ചന്റെ ആദ്യത്തെ നിയമനം. നടന്നും, ആറും തോടും കടന്നും, പാടങ്ങളിലൂടെ നടന്നും കുറച്ചു ദൂരം മാത്രം ബസ്സിലും വേണമായിരുന്നു അന്നത്തെ യാത്ര. വളരെ ആനന്ദകരമായി സ്വന്തം വികാരിക്കും, ഏൽപ്പിക്കപ്പെട്ട ജനത്തിനും ശുശ്രൂഷിച്ച് ബഹു. തോമസച്ചൻ അവിടെ ജീവിച്ചു.

www.malankaralibrary.com



ഒരു വർഷം കഴിഞ്ഞപ്പോൾ ബഹു. ചെറിയാനച്ചൻ കടവനാട് എസ്റ്റേറ്റിന്റെ മാനേജരായി നിയോഗിക്കപ്പെട്ടു. മാനന്തവാടിക്കു സമീപമുള്ള ആറാട്ടുതറയിൽ താമസസ്ഥലത്തും സമീപത്തുമായി രൂപത വക 20 ഏക്കറോളം കാപ്പിക്കൃഷിയുള്ളതും, തരിശ്ശായി കിടക്കുന്നതുമായി ഉണ്ടായിരുന്നു. ഞായറാഴ്ചകളിൽ പള്ളികളിൽ രണ്ടോ മൂന്നോ വിശുദ്ധ കുർബ്ബാന ചൊല്ലുന്നതൊഴിച്ചാൽ ബാക്കി മുഴുവൻ ചുമതലയും ബഹു. പടിഞ്ഞാറേക്കൂറ്റിലച്ചന്റേതായിരുന്നു. സ്ഥലവാസികളായ നാനാജാതി മതസ്ഥരുമായും തലശ്ശേരി രൂപത വക മാനന്തവാടി ഫെറോനാ ഇടവകക്കാരുമായും ബഹു. അച്ചൻ വലിയ ബന്ധം പുലർത്തിയിരുന്നു. കുടിയേറ്റക്കാരായിരുന്നു സ്ഥലവാസികൾ. ബഹുഭൂരിപക്ഷവും കൃഷിക്കാരും. അവരുടെയൊക്കെ മക്കൾ വിദ്യാഭ്യാസത്തിനായി രാവിലെയും വൈകിട്ടും കൂട്ടംകൂട്ടമായി ഉൾനാടൻ റോഡിലൂടെ നടക്കുന്നതു കാണുമ്പോൾ ബഹു. പടിഞ്ഞാറേക്കൂറ്റിലച്ചന്റെ മനസ്സ് വേദനിക്കുമായിരുന്നു. രൂപത വക സ്ഥലം ധാരാളമുള്ളതുകൊണ്ട് ആ വിദ്യാർത്ഥികൾക്കായി ഒരു സ്കൂൾ രൂപത വകയായി ആരംഭിക്കണമെന്ന ആശയം മനസ്സിൽ പ്രവേശിച്ചു. മാനന്തവാടിയിലെ നേതാക്കളും രാഷ്ട്രീയമായി തലയെടുപ്പുള്ളവരുമായി തന്റെ ആഗ്രഹം പങ്കുവെച്ച് സ്കൂളിനുള്ള പരിശ്രമം ആരംഭിച്ചു. അന്നു കേരളഭരണം ഇടതുപക്ഷ പാർട്ടികളുടേതായിരുന്നു. പ്രതീക്ഷയ്ക്കെതിരായിരുന്നിട്ടും ഭരണകക്ഷിയിൽപ്പെട്ട നേതാക്കളുമായി തിരുവനന്തപുരത്തു പോയി വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദ്കോയയെ കണ്ടു അനുവാദം അപേക്ഷിച്ചത് ഞാൻ ഓർക്കുന്നു. തന്റെ ആഗ്രഹം അന്നു ഫലവത്തായില്ലെങ്കിലും പിൽക്കാല ജീവിതത്തിൽ ആ യാത്ര പ്രയോജനകരമായിത്തീർന്നു. മാനന്തവാടിയിലെ ശുശ്രൂഷ 4 വർഷമായപ്പോൾ അദ്ദേഹത്തെ തിരുവല്ലായ്ക്ക് തിരിച്ചുവിളിച്ചു. റാന്നിയിൽ പൂഴിക്കുന്ന് രണ്ട് ഇടവകകളുടെ ശുശ്രൂഷയോടൊപ്പം പൊതുരംഗത്തും കൂടുതൽ പ്രവർത്തനാവസരം ഉണ്ടായിരുന്നു. റാന്നി കൺവൻഷൻ, വത്തിക്കാൻ സുന്നഹദോസിനു ശേഷം ആരംഭിച്ച എക്യുമെനിക്കൽ പ്രസ്ഥാനം, വിവിധ കത്തോലിക്കാ രൂപതാ വൈദികരുടെ വിയാനിയൻ എന്ന സംഘടന, അക്കാലത്താരംഭിച്ച ബാലദീപം, യുവദീപം എന്ന രണ്ട് രൂപതാ സംഘടനകൾ എല്ലാത്തിലും ബഹു. തോമസച്ചൻ നിതാന്തജാഗ്രതയുള്ള വൈദികൻ ആയിരുന്നു. റാന്നിയിൽ ജനങ്ങളുടെ ഇടയിൽ ബഹു. തോമസച്ചൻ അറിയപ്പെടുന്ന വൈദികശ്രേഷ്ഠനായിരുന്നു. നാലു വർഷക്കാലമായിരുന്നു റാന്നിയിലെ ശുശ്രൂഷ. ചുങ്കപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചത് തോമസച്ചന്റെ വിദ്യാഭ്യാസ മേഖലയോടുള്ള താൽപര്യം വ്യക്തമാക്കുന്നു.



1975 മെയ് മാസമായപ്പോൾ കോട്ടയത്തിനടുത്തുള്ള രണ്ടിടവകകളുടെ ചുമതലകളുമായി ബഹു. അച്ചനെ നിയമിച്ചു. തിരുവല്ലാ രൂപതയുടെ രണ്ടാം ദശകത്തിൽ തന്നെ ആരംഭിച്ച കീച്ചാൽ ഇടവകയായിരുന്നു ഒന്ന്. വിദ്യാഭ്യാസപരമായി ഉന്നതമായ നിലവാരം പുലർത്തുന്ന ഒട്ടേറെപ്പേർ ഇടവകയിൽ ഉണ്ടായിരുന്നു. രൂപതാവക എൽ. പി., യു.പി. ഉൾപ്പെടുന്ന സ്കൂളും ഇടവകാതിർത്തിയിൽ ഉണ്ടായിരുന്നു. നേരിട്ടുള്ള ചുമതല ഇല്ലെങ്കിലും വികാരിയെന്ന നിലയിൽ സ്കൂളിലെ അദ്ധ്യാപകരും കുട്ടികളുമായി ബഹു. അച്ചൻ സഹകരിച്ചിരുന്നു. പുതുപ്പള്ളി ചെറിയ ഒരു പട്ടണമായി വികസിക്കാൻ ആരംഭിച്ച പ്രദേശമായിരുന്നു. അവിടുത്തെ മലങ്കര കത്തോലിക്കാ പള്ളി പുതുതായി ആരംഭിച്ചതും അംഗസംഖ്യയിൽ വളരെ കുറവുള്ളതും ആയിരുന്നു. ടൗണിനടുത്തുണ്ടായിരുന്ന പള്ളിക്ക് ഒൻപതേക്കറോളം സ്ഥലമുണ്ടായിരുന്നു. മിഷനെ ഊർജ്ജസ്വലമാക്കുന്നതോടൊപ്പം വിദ്യാഭ്യാസപരമായി ആ പ്രദേശത്തെ കൂടുതൽ ഉയർന്നതാക്കണമെന്ന ആഗ്രഹവും ബഹു. പടിഞ്ഞാറേക്കൂറ്റച്ചനിൽ ഉളവായി. വിദ്യാഭ്യാസപരമായി ഗവൺമെന്റിന്റെയും മറ്റു സഭകളുടെയും സംഘടനകളുടെയും ഒക്കെ സ്കൂളുകൾ ഉണ്ടായിരുന്നെങ്കിലും രണ്ടുപ്രകാരത്തിൽ ലേശം കുറവുള്ളതായി ശ്രദ്ധയിൽപെട്ടു. ഒന്നാമത് അന്നു ജനത്തിനു ഹരമായി മാറിയിരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂൾ. രണ്ടാമത് വിദ്യാഭ്യാസ തലത്തിൽ കേരളമൊട്ടുക്ക് മുന്നിൽ നിൽക്കുന്ന കത്തോലിക്കാ സഭവക വിദ്യാലയത്തിന്റെ അഭാവം. വിദേശജോലിക്കാർക്കും വിദേശത്ത് കുടിയേറാൻ ആഗ്രഹിക്കുന്നവർക്കും ഈ സ്കൂൾ വളരെ പ്രയോജനകരമായിരിക്കും എന്നു ബഹു. അച്ചന്റെ മനസ്സിലുറച്ചു. അക്കാലത്ത് കേരള രാഷ്ട്രീയത്തിലേക്ക് ഉയർന്നു വന്നിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ കുടുംബവും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുമൊക്കെ അച്ചന്റെ സുഹൃദ് വലയത്തിൽ ഉണ്ടായിരുന്നു. അവരുമായി തന്റെ ആഗ്രഹം പങ്കുവച്ചു അവരുടെ സഹകരണം തേടി.

www.malankaralibrary.com



പുതുപ്പള്ളിയിൽ സ്കൂളിനാവശ്യമായ ക്ലാസ്സ് മുറികൾ, അദ്ധ്യാപകർക്കുള്ള വിശ്രമകേന്ദ്രം, കുട്ടികൾക്ക് വേണ്ട ശുചിമുറികൾ, കുടിക്കാൻ ആവശ്യമായ ജലം, യാത്രയ്ക്കാവശ്യമായ സൗകര്യം, കുട്ടികൾക്ക് വിശ്രമിക്കാനും കുളിക്കാനും പാർക്കിംഗിനുമുള്ള സൗകര്യം, റോഡ്, ആവശ്യങ്ങളുടെ നീണ്ട നിര. ബഹു. അച്ചന്റെ വ്യക്തിപരമായ കഴിവുകൾ കൊണ്ട് കൃത്യസമയത്തുതന്നെ എല്ലാം സജ്ജീകരിച്ച് സ്കൂൾ ആരംഭിച്ചു. ആരോഗ്യപരമായ കാരണങ്ങൾകൊണ്ട് ബഹു. മാത്യൂസ് ഒ.എഫ്.എം. കപ്പൂച്ചിനെ സ്കൂളിന്റെ ചുമതല ഏൽപ്പിച്ച് ബഹു. അച്ചൻ തിരുവല്ലായ്ക്ക് തിരിച്ചുപോയി. ഒന്നുരണ്ടുവർഷം കഴിഞ്ഞപ്പോൾ സ്കൂളിന്റെ നടത്തിപ്പ് ലോകമെമ്പാടും സഭക്കാരുടെ കാര്യത്തിൽ മുൻപിൽ നിൽക്കുന്ന സലേഷ്യൻ സഭക്കാരുടെ മേൽനോട്ടത്തിൽ ഏൽപ്പിക്കപ്പെട്ടു. പുതുപ്പള്ളി സ്കൂൾ ഇന്ന് ഡോൺ ബോസ്കോ ഇംഗ്ലീഷ് മീഡിയം ഹയർസെക്കണ്ടറി സ്കൂൾ ആയിട്ട് പുതുപ്പള്ളിയ്ക്കും ചുറ്റുമുള്ള പ്രദേശങ്ങൾക്കും പ്രകാശഗോപുരമായി വിരാജിക്കുന്നു.

അല്പകാലത്തെ വിശ്രമത്തിനുശേഷം ബഹു. പടിഞ്ഞാറേക്കൂറ്റച്ചനെ തിരുവല്ലാ രൂപതയുടെ ആരംഭകാലം മുതൽ പ്രവർത്തനസജ്ജമായിരുന്ന ചുങ്കപ്പാറ പള്ളിയുടെയും പള്ളിവക സെന്റ് ജോർജ്ജ് ഹൈസ്കൂളിന്റയും ചുമതല ഏൽപ്പിച്ച് അങ്ങോട്ടയച്ചു. ബഹു. അച്ചനെ കാത്ത് ഒട്ടേറെ കാര്യങ്ങൾ അവിടെയും ഉണ്ടായിരുന്നു. പള്ളിയും, വൈദികമന്ദിരവും, ശവക്കോട്ടയുമെല്ലാം പുതുക്കിപ്പണിക്കുകാത്തുകിടക്കുകയായിരുന്നു. ബഹു. തോമസച്ചൻ ആദ്യം ആ ചുമതലകൾക്ക് പ്രാധാന്യം നൽകി. എല്ലാത്തിനും പുതിയ മുഖം ദൃശ്യമായി. സ്വന്തമായുള്ള വാസസ്ഥലത്തിന്റെ ഉപയോഗക്ഷമത ചിന്തയിലായപ്പോൾ പുതുപ്പള്ളിയിലെ അനുഭവവും ഉള്ളിൽ ഊർജ്ജസ്വലമായി. താമസിയാതെ ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂൾ സ്വന്തം കെട്ടിടത്തിലും ബഥനി മഠം വക കെട്ടിടത്തിലുമായി ആരംഭിച്ച ക്രിസ്തുരാജ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആദ്യമെ സൂചിപ്പിച്ച ഇടവകയിലെ അംഗങ്ങളുടെ പ്രവർത്തനക്ഷമതയും ആലോചനാവൈഭവവും തുണയായി വന്നു. സ്കൂൾ അനുദിനം വളരാൻ തുടങ്ങി. ഗവൺമെന്റ് അനുവാദമായി. വാഹനസൗകര്യമായി, അദ്ധ്യാപകരുടെയും ബഥനി സിസ്റ്റേഴ്സിന്റെയും സർവ്വാത്മനാ ഉള്ള പിന്തുണ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ ഗീവർഗീസ് മാർ തിമൊത്തിയോസ് തിരുമനസ്സിലെ നിർല്ലോഭമായ സാമ്പത്തിക സഹായം, എല്ലാം സംഘടിപ്പിക്കാൻ ബഹു. തോമസച്ചന്റെ വൈഭവം! നോക്കി നിന്ന നേരം കൊണ്ട് ക്രിസ്തുരാജ സ്കൂൾ നാടിന് ഐശ്വര്യമായി വളർന്നുവന്നു. രാഷ്ട്രീയ നേതാക്കൾ സംസ്ഥാന ഭരണാധികാരികൾ, സഭാനേതൃത്വത്തിലെ പിതാക്കന്മാർ, ബഹു. അച്ചന്റെ സുഹൃത്തുക്കളും സ്നേഹിതരും എല്ലാവരും ക്രിസ്തുരാജാ സ്കൂളിലെ സന്ദർശകരും അഭ്യുദയകാംക്ഷികളുമായി ബഹു. അച്ചൻ 12 വർഷമായിരുന്നു ചുമതലക്കാരൻ. ക്രിസ്തുരാജ സ്കൂൾ ഹൈസ്കൂൾ സി. ബി. എസ്. ഇ. തലം വരെ ഉയർന്നു. സംസ്ഥാന തലത്തിൽ ഉന്നതവിജയികളായ വിദ്യാർത്ഥികളുടെ മാതാവായി മാനേജർക്കും വളർച്ച സ്വാഭാവികമായി സഭാധികാരികളുടെ ചിന്തയിൽ വന്നു. ബഹു. തോമസച്ചനെ കാത്ത് അതിരൂപതാ കോർപ്പറേറ്റു മാനേജർ സ്ഥാനം കിടക്കുകയായിരുന്നു. 1991-ാം വർഷം അതിരൂപതാ കേന്ദ്രത്തിൽ കോർപ്പറേറ്റ് സ്കൂൾ മാനേജരായും കേന്ദ്രത്തോടടുത്തുള്ള പൈതൃകവും പ്രാമണ്യവുമുള്ള ഇടവകയായ തോട്ടഭാഗം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയുടെ വികാരി ആയും ബഹു. തോമസച്ചൻ ചാർജ്ജെടുത്തു. ചുങ്കപ്പാറ ഇടവകയ്ക്കും ബഹു. അച്ചന്റെ പുതിയ നിയമനത്തിൽ ആഹ്ലാദം



www.malankaralibrary.com







ആണെന്ന് ബോദ്ധ്യപ്പെടുന്ന തക്ക വിധത്തിലും തിരുവല്ല രൂപതയിൽ മറ്റൊരു വൈദികനും ലഭിക്കാത്ത വിധം ഒരു യാത്രയയപ്പും അകമ്പടി യാത്രയും അവർ സംഘടിപ്പിച്ചത് ഇന്നും ഓർമ്മയിൽ നിൽക്കുന്നു.

തനിക്കു ലഭിച്ച വലിയ ശുശ്രൂഷാ നിയോഗം ആരംഭം മുതൽ ബഹു. തോമസച്ചനെ പ്രവർത്ത നിരതൻ ആക്കി. അഡ്മിഷൻ, അദ്ധ്യാപക നിയമനം, സ്ഥലംമാറ്റം, അവധി പെൻഷൻ പ്രശ്നങ്ങൾ, കെട്ടിടനിർമ്മാണം, കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, വാഹനസൗകര്യം എല്ലാം കോർപ്പ റേറ്റു മാനേജരുടെ പക്കൽ എത്തു മല്ലോ? പ്രശ്നങ്ങൾ തന്റെ മുമ്പിൽ എത്തുന്നതൊക്കെ സ്വതസിദ്ധ മായ ശൈലിയിൽ കൈകാര്യം ചെയ്ത് ഏവർക്കും പ്രിയങ്കരനാകാൻ ശ്രദ്ധിച്ചിരുന്നു പുതിയതായി ഇടവകയിലേക്കു വന്ന വൈദികൻ എന്ന നിലയിൽ തോട്ടഭാഗം ഇടവകയിലും തന്റെ ശ്രദ്ധ ബഹു. തോമസച്ചൻ ഒട്ടും കുറവു വരുത്താതെ നിലനിർത്തി യിരുന്നു. അങ്ങനെ മേലധികാരി കൾക്കും, സഹവൈദികർക്കും, തോട്ടഭാഗം ഇടവകക്കാർക്കും, ഇട പെടുന്നവർക്കെല്ലാം പ്രിയങ്കരനായി ജീവിക്കുന്ന കാലം ഒരു ദിവസം ചെങ്ങരൂർ ഉള്ള വീട്ടിൽ പോയി അത്താഴം കഴിച്ച് മടങ്ങുംവഴി പഴയ സുഹൃത്തായ എന്റെ പക്കൽ കടമാൻകുളം പള്ളിയിൽ വന്നു. അല്പസമയം മുറിക്കുള്ളിൽ നിന്നു സംസാരിച്ച ശേഷം മുറ്റത്തിറങ്ങി ഞങ്ങൾ സംസാരം തുടർന്നു. ഇന്നിവിടെ കിടക്കാം എന്ന് ഞാൻ പറഞ്ഞു. കൈയ്യിൽ സാമാന്യം നല്ല ഒരു പായ്ക്കറ്റുയർത്തിക്കാട്ടി പറഞ്ഞു. പറ്റുകയില്ല ഇത് എന്റെ പയ്യന്മാർക്കുള്ള ഭക്ഷണമാണ്. ഇതവർക്ക് കൊണ്ടുക്കൊടുക്കണം ഞാൻ തടസ്സമൊന്നും പറഞ്ഞില്ല. ആ വാത്സല്യത്തെ അംഗീകരി ക്കാതിരിക്കാനൊക്കുമോ? പിന്നെ കേട്ടത്........ ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചൻ തോട്ട ഭാഗത്തു ചെന്നിട്ട് അഞ്ചുമാസമേ ആയിരുന്നുള്ളു. അവിടെ ബഹു. അച്ചനോടൊപ്പം ശുശ്രൂഷകരായി അമിത സ്വാതന്ത്ര്യം അനുഭവിച്ചു കഴിഞ്ഞ കുഞ്ഞുമക്കൾ ഉറക്ക ത്തിൽ അച്ചനെ മർദ്ദിച്ചു വധി ക്കുകയായിരുന്നു. രണ്ടു ദിവസം മുമ്പ് അവർക്കു അത്താഴ വുമായി പോയ സ്നേഹ ത്തിനു ലഭിച്ച പ്രതിസ്നേഹം.


പിറ്റേന്ന് പ്രഭാതത്തിൽ മാത്രമേ ആ വാർത്ത ഞാൻ കേട്ടുള്ളു. സ്നേഹ മയനായ വൈദികശ്രേഷ്ഠൻ, പ്രവർത്തനിരതനായ മിഷനറി, ഇടവക വികാരി, വിദ്യാഭ്യാസ പ്രവർത്തകൻ, എവിടെയെല്ലാം ജീവിച്ചോ, അവിടെയെല്ലാം പ്രകാശം പരത്തി ജീവിച്ച ഒരു നല്ല മനുഷ്യൻ. മരണത്തിലും എല്ലാ വർക്കും വേണ്ടി മരിച്ച യേശു വിന്റെ പിൻഗാമി. കടന്നു പോന്ന ഇടങ്ങളിലൊക്കെ വിദ്യാഭ്യാസ രംഗത്ത് പ്രകാശം പരത്തിയ വിജ്ഞാന നക്ഷത്രം. കർത്താവ് സമ്മാനം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

www.malankaralibrary.com





# യുവജനങ്ങളുടെ സുഹൃത്തും വഴികാട്ടിയും



ജോമോൻ മനപ്പുറത്ത്
ചുങ്കപ്പാറ

ഭാഗ്യസ്മരണാർഹനായ പടിഞ്ഞാറേക്കൂറ്റച്ചന്റെ ചരമ രജത ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയിൽ ഈ അനുസ്മരണം എഴുതുവാൻ ലഭിച്ച അവസരം ഏറ്റവും വലിയ ഒരു അംഗീകാരമായി ഞാൻ കരുതുന്നു. അച്ചന്റെ വ്യക്തി ജീവിതത്തെ വളരെ അടുത്ത് അറിഞ്ഞ ഒരു വ്യക്തി എന്ന നിലയിൽ ഇത് എന്റെ കടമയും ഉത്തരവാദിത്വവുമായി ഞാൻ ഏറ്റെടുക്കുന്നു. ബഹു. അച്ചൻ ചുങ്കപ്പാറ ഇടവകയിൽ സേവനം അനുഷ്ഠിച്ച ദീർഘകാലയളവിൽ അദ്ദേഹത്തോടൊപ്പം യുവദീപം (എം. സി. വൈ. എം) പ്രസിഡന്റ്, ഇടവക സെക്രട്ടറി, ക്രിസ്തുരാജ സ്കൂളിലെ അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിച്ച സമയങ്ങളിലെ ദീപ്തസ്മരണകൾ ധാരാളമാണ്. അച്ചൻ വികാരിയായി വന്നതിനുശേഷം പ്രഥമവും പ്രധാനവുമായ പരിഗണന കൊടുത്തത് യുവജനങ്ങളെ സംഘടിപ്പിക്കുവാനും യുവജനശേഷി ഇടവകയുടെയും നാടിന്റെയും വികസനത്തിനും പുരോഗതിയ്ക്കും വേണ്ടി ഉപയോഗപ്പെടുത്തുവാനുമാണ്. തിരുവല്ലാ അതിരൂപതയിലെ അന്നത്തെ ഔദ്യോഗിക യുവജന പ്രസ്ഥാനമായിരുന്ന യുവദീപത്തിന്റെയും ദീപിക യൂത്ത് ലീഗിന്റെയും (ഡി.വൈ.എൽ) ബാനറിൽ യുവജനങ്ങളെ പ്രവർത്തന സജ്ജരാക്കി. അവരുടെ സമഗ്ര വളർച്ചയ്ക്ക് ഉതകുന്ന വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഇടവകയുടെ വിവിധ പ്രവർത്തന മേഖലകളിൽ യുവജന സാന്നിദ്ധ്യവും നേതൃത്വവും ഉറപ്പാക്കുന്നതിൽ

www.malankaralibrary.com



അച്ചൻ ബദ്ധശ്രദ്ധനായിരുന്നു. യുവജനങ്ങളുടെ കലാകായിക കഴിവുകൾ പരിപോഷിപ്പിക്കുവാൻ ഉതകുന്ന വിവിധ മത്സരങ്ങളും പരിശീലന പരിപാടികളും, യുവദീപത്തിന്റെയും ഡി. വൈ. എൽ-ന്റെയും ആഭിമുഖ്യത്തിൽ ധാരാളമായി നടത്തപ്പെട്ടു. യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സമാഹരണത്തിനായി വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ പ്രത്യേകമായി ശ്രദ്ധിച്ചിരുന്നു. ആയതിലേക്ക് സ്റ്റീൽ പാത്ര ചിട്ടി മുതലായ പരിപാടികൾ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. യുവജനങ്ങൾക്ക് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ആഭിമുഖ്യം ഉണ്ടാകുന്നതിനും അവർക്ക് സാമൂഹ്യ അവബോധം ഉണ്ടാകുന്നതിനും വേണ്ടി ആടുവിതരണ പദ്ധതി, ഭവനനിർമ്മാണ പദ്ധതി മുതലായവ നടപ്പിലാക്കി. ഇതിലൂടെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വരെയും അധഃസ്ഥിതരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യവും അച്ചൻ മുന്നിൽ കണ്ടിരുന്നു. യുവജനങ്ങളുടെ സഭാത്മക ജീവിതത്തിലുള്ള ആഭിമുഖ്യവും താത്പര്യവും വർദ്ധിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അച്ചൻ സവിശേഷമായ ശ്രദ്ധയും താത്പര്യവും കാണിച്ചിരുന്നു.

സഭയുടെ വിശ്വാസ സത്യങ്ങളും ആദ്ധ്യാത്മികതയും സ്വായത്തമാക്കുവാൻ യുവജനങ്ങളെ സഹായിക്കുന്ന വിധത്തിലുള്ള വിവിധ പരിശീലന പരിപാടികളും ക്ലാസ്സുകളും ചർച്ചാവേദികളും ഇടവക തലത്തിൽ ധാരാളമായി സംഘടിപ്പിക്കപ്പെട്ടു. യുവജനങ്ങളുടെ വ്യക്തിത്വ വികസനത്തിനും സമഗ്രവളർച്ചയ്ക്കും ഉതകുന്ന പരിശീലന പരിപാടികളിലും മറ്റും അവരെ പങ്കെടുപ്പിക്കുവാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഉദാഹരണമായി ഈ ലേഖകനെ എറണാകുളം പി. ഒ. സി. യിൽ വെച്ചു നടത്തപ്പെട്ട മൂന്നുമാസം ദീർഘിച്ച ബൈബിൾ പരിശീലന പരിപാടിയിലും ബാംഗ്ലൂർ എൻ. ബി. സി. എൽ. സി. യിൽ വെച്ച് നടത്തപ്പെട്ട പതിനഞ്ചു ദിവസം ദീർഘിച്ച ദേശീയ അൽമായ സെമിനാറിലും പങ്കെടുക്കുവാൻ അയച്ചത് നന്ദിയോടെ അനുസ്മരിക്കുന്നു. യുവദീപത്തിന്റെയും ഡി. വൈ. എൽ. ന്റെയും നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ വെച്ച് നടത്തപ്പെട്ടിരുന്ന ട്രെയിനിംഗുകളിലും കലാകായിക മത്സരങ്ങളിലും യുവജനങ്ങളെ പങ്കെടുപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇതിന് വേണ്ട വാഹനസൗകര്യങ്ങളും മറ്റും അച്ചൻ തന്നെ മുൻകൈ എടുത്ത് ക്രമീകരിച്ചിരുന്നു. അച്ചൻ ഞങ്ങളുടെ ഇടവകയിൽ വികാരിയായിരുന്ന 12 വർഷക്കാലവും സായാഹ്നങ്ങളിൽ പള്ളിമേടയും പരിസരവും യുവജനങ്ങളാൽ സമൃദ്ധമായിരുന്നു. ആ സമ്മേളനങ്ങൾ പ്രാർത്ഥയ്ക്കും വിവിധ വിനോദ പരിപാടികൾക്കും വിജ്ഞാനപ്രദമായ സംവാദങ്ങൾക്കും വേദിയായിരുന്നു. അന്നത്തെ കൂടിവരവുകൾ ഞങ്ങളുടെ മനസ്സുകളിൽ ഇന്നും ജ്വലിച്ചുനിൽക്കുന്നു.

ഇടവകയുടെ നേതൃത്വത്തിലേക്ക് യുവജനങ്ങളെ കൈപിടിച്ചു കൊണ്ടുവരുവാൻ അച്ചൻ പ്രത്യേകം താല്പര്യം കാണിച്ചു. അന്താരാഷ്ട്ര യുവജന വർഷത്തോടനുബന്ധിച്ച് രണ്ടു യുവാക്കളെ ഇടവക കമ്മറ്റിയിലേക്കും ഒരാളെ ഇടവക സെക്രട്ടറിയായും നിയമിച്ചു. അങ്ങനെ സെക്രട്ടറിയായി നിയോഗിക്കപ്പെട്ടത് ഈ ലേഖകനാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. തുടർന്നുള്ള എല്ലാ വർഷങ്ങളിലും ഒരു യുവജന പ്രതിനിധിയെങ്കിലും ഇടവക കമ്മറ്റിയിൽ ഉണ്ടായിരിക്കണം എന്ന ഒരു കീഴ്വഴക്കം തന്നെ സൃഷ്ടിക്കപ്പെട്ടു. തന്റെ സ്വാധീനം ഉപയോഗിച്ച് അച്ചൻ ഇടവകാംഗങ്ങളും അല്ലാത്തവരുമായ ധാരാളം യുവജനങ്ങൾക്ക് ജോലി നേടികൊടുക്കുവാൻ സഹായിച്ചിട്ടുണ്ട്. അച്ചൻ ഡ്രൈവിംഗ് പഠിപ്പിച്ച് അതിലൂടെ ഉയർച്ചയുടെ പടവുകൾ സ്വായത്തമാക്കിയവരും ധാരാളമുണ്ട്. അവരുടെയൊക്കെ മനസ്സുകളിൽ അച്ചൻ എന്നും ചിരംജീവി ആയിരിക്കും.

ഇടവകയിലെ യുവജന പ്രസ്ഥാനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് പണത്തിന്റെ ലഭ്യത പ്രതിബന്ധമാകുവാൻ അച്ചൻ ഒരിക്കലും അനുവദിച്ചിരുന്നില്ല. ഇടവകയുടെ ഫണ്ടിൽ നിന്നും ആവശ്യമായ പണം ലഭ്യമാക്കിയിരുന്നു. അത്യാവശ്യസന്ദർഭങ്ങളിൽ സ്വന്തം പോക്കറ്റിൽ നിന്നുപോലും ചിലവാക്കിയിരുന്നു.


1980-ൽ കോട്ടയത്തുവെച്ച് നടന്ന പുനരൈക്യ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് ചുക്കാൻ പിടിച്ച കമ്മറ്റികളിൽ ഒന്നിന്റെ ചുമതല അച്ചനിൽ നിക്ഷിപ്തമായിരുന്നു. പ്രസ്തുത കമ്മറ്റിയുടെ ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് യുവജന കർമ്മശേഷി ശരിയായി വിനിയോഗിക്കുവാൻ അച്ചനു സാധിച്ചു. 1989-ൽ ചുങ്കപ്പാറ ഇടവകയുടെയും ഹൈസ്കൂളിന്റെയും സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായി നടത്തപ്പെട്ട ഒരുക്കങ്ങൾക്കും താറുമാറായി കിടന്നിരുന്ന പള്ളിയുടെ സമീപത്തിനും കൂടിയുള്ള റോഡിന്റെ പുനരുദ്ധാരണത്തിനും ഇടവകയിലെ യുവാക്കൾ ഒറ്റക്കെട്ടായി ബഹുമാനപ്പെട്ട അച്ചനോടൊപ്പം അത്യദ്ധ്വാനം ചെയ്തതും ആഘോഷ പരിപാടികൾ ഒരു ചരിത്രസംഭവമായി മാറ്റാൻ കഴിഞ്ഞതും പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. അച്ചൻ ചുങ്കപ്പാറ വികാരിയായിരുന്ന കാലങ്ങളിലെല്ലാം ഞാൻ അദ്ദേഹത്തിന്റെ സഹചാരിയായിരുന്നു. അദ്ദേഹത്തിന്റെ ഒട്ടുമിക്ക യാത്രകളിലും എന്നെയും ഉൾപ്പെടുത്തുമായിരുന്നു. എന്റെ വ്യക്തിപരമായ വളർച്ചയിലും സഭയോടുള്ള ആഭിമുഖ്യത്തിലും അദ്ദേഹം വഹിച്ച സ്വാധീനം എടുത്തുപറയാതിരിക്കുവാൻ തരമില്ല. അച്ചൻ വിദേശ പര്യടനത്തിനു പോയ സമയത്ത് ഇടവകയെ സംബന്ധിച്ചും ക്രിസ്തുരാജാ സ്കൂളിനെ സംബന്ധിച്ചും സുപ്രധാനമായ പല ചുമതലകളും ഉത്തരവാദിത്വങ്ങളും

www.malankaralibrary.com



ഒരു യുവാവായിരുന്ന എന്നെ ഭരമേൽപ്പിച്ചിരുന്നത് നന്ദിയോടെ ഓർക്കുന്നു. ജോലി സംബന്ധമായി ഞാൻ വിദേശത്തായിരുന്നതിനാൽ അദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിക്കാതെ പോയത് ഒരു വലിയ ദുഃഖമായി ഇന്നും അവശേഷിക്കുന്നു. ആ കാലയളവിൽ അച്ചൻ എനിക്കയച്ച കത്ത് നിധിപോലെ ഞാനിന്നും സൂക്ഷിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ മരണത്തിനു ഒരാഴ്ച മുമ്പ് ഞാൻ അച്ചനയച്ച ക്രിസ്തുമസ് കാർഡ് അദ്ദേഹം കൈപ്പറ്റിയിരുന്നോ എന്ന് അറിഞ്ഞുകൂടാ. അച്ചന്റെ ചരമ രജതജൂബിലി സമുചിതമായി ആചരിക്കുവാനുള്ള കുടുംബത്തിന്റെയും ഇടവകയുടെയും തീരുമാനം ഏറ്റം അനുചിതമാണ്. ആ ധന്യാത്മന്റെ ദീപ്ത സ്മരണകൾക്കു മുൻപിൽ അശ്രുപൂജകൾ അർപ്പിക്കുന്നു.

**അച്ചൻ എനിക്കയച്ച കത്ത് നിധിപോലെ ഞാനിന്നും സൂക്ഷിച്ചിരിക്കുന്നു.**



REV. Fr. THOMAS PADINJAREKUT
ST. GEORGE'S MALANKARA CATHOLIC CHURCH
CHUNKAPPARA - 686 547
PHONE: 32

Date ...


Dear Joseph,

[illegible]

Yours in O. Lord,
T. Thomas Padinjarekut

www.malankaralibrary.com






# SHALOM
# KARUNYA BHAVAN

Chengaroor P.O, Nellimoodu, Mallappally
Pathanamthitta, Pin : 689594
Ph : 9656574832, 0469-288999
Email : shalomkarunyatrust@gmail.com
www.shalomkarunyabhavan.org

**ശാലോം കാരുണ്യഭവന്റെ മക്കൾക്കായ് നൽകി വരുന്ന ശുശ്രൂഷകൾ**


ആഴ്ചയിലൊരിക്കൽ മനോവിദഗ്ദന്റെ പരിശോധനയും നിർദ്ദേശങ്ങളും, രാപ്പകൽ മെഡിക്കൽ ആന്റ് സൂപ്പർ വിഷൻ ടീമുകൾ, പ്രവർത്തിപരിചയ തൊഴിലധിഷ്ഠിത പരി ശീലനം, വിനോദോപാധികൾ, യോഗ എന്നിവ നൽകിവരുന്നു.

**കൂടാതെ ശാലോം കാരുണ്യ ട്രസ്റ്റ്**

- സൗജന്യ വീൽചെയർ വിതരണം
- സൗജന്യ ഭക്ഷണം
- സൗജന്യ ആംബുലൻസ് സർവ്വീസ്
- മൊബൈൽ മോർച്ചറി
- പ്രയർസെൽ

**Spiritual Director**
Rt.Rev. Msgr.Cherian Ramanalil Cor Episcopa
(Thiruvalla Athiroopatha)

**Managing Trustee**
Eappan Cherian (Biju)
Mankuzhiyil
Mob : 9656574832

www.malankaralibrary.com



# യഥാർത്ഥ പുരോഹിതൻ



വന്ദ്യ തോമസ് കൊടിനാട്ടുംകുന്നേൽ കോർ എപ്പിസ്കോപ്പാ

ഭാഗ്യസ്മരണാർഹനായ തോമസ് പടിഞ്ഞാറേക്കൂറ്റച്ചനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യമായി മനസ്സിൽ തെളിയുന്ന ചിത്രം കാര്യപ്രാപ്തിയും സ്നേഹധനനുമായ ഒരു വികാരിയച്ചന്റെ പുഞ്ചിരിക്കുന്ന മുഖമാണ്. പ്രഥമവും പ്രധാനവുമായി ആത്മീകതയക്ക് ഊന്നൽ നൽകിയ ഒരു ശൈലിയും കാഴ്ചപ്പാടുമായിരുന്നു അദ്ദേഹത്തിന്റേത്. ആരാധന കാര്യങ്ങളിൽ തികച്ചും പാരമ്പര്യവാദിയും പൗരസ്ത്യസുറിയാനി ക്രമം നിർവിഘ്നം പരിപാലിക്കുവാൻ ദത്തശ്രദ്ധനുമായിരുന്നു. വിശ്വാസികളുടെ ആത്മീക ദൈവാലയ സംബന്ധമായും കുടുംബാത്മീകതാപരമായും ഏറ്റവും സജീവ കരുതൽ അദ്ദേഹം കാണിച്ചിരുന്നു. കുടുംബാംഗങ്ങളെയും ജനങ്ങളെയും വ്യക്തിപരമായി പരിചയപ്പെടുവാനും സ്ഥായിയായി ഹൃദയത്തോടു ചേർത്തുനിർത്തുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. വികാരി എന്ന നിലയിൽ സമൂഹത്തിന്റെ നേതാവ് എന്ന ആധികാരികത വാക്കിലും പ്രവർത്തിയിലും ആഴമായി അദ്ദേഹത്തിൽ നിഴലിച്ചിരുന്നു.

യേശുവിന്റെ പൗരോഹിത്യത്തിലെ പങ്കാളിത്തമോ തുടർച്ചയോ ഒക്കെ ആയി പൗരോഹിത്യത്തെ വിലയിരുത്താറുണ്ടല്ലോ. എന്നാൽ നാം സാധാരണ വിവക്ഷിക്കുന്ന രീതിയിൽ യേശു പുരോഹിതനായിരുന്നില്ല. പഴയ നിയമത്തിന്റെ സാങ്കേതികതയിൽ യേശുവിന്റെ പൗരോഹിത്യത്തെ വിശദമാക്കുക ക്ലേശകരമാണ്. താൻ ബലി അർപ്പിച്ചതായോ, ദൈവാലയത്തിൽ പ്രവേശിച്ചു കർമ്മാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചിരുന്നതായോ വചനത്തിൽ സൂചനയില്ല. ജറുസലേം ദൈവാലയത്തിലെ തന്റെ സാന്നിദ്ധ്യം അക്കാലത്തെ ബലിയേയും സംവിധാനങ്ങളെയും വെല്ലുവിളിക്കുകയും ദൈവാലയം തന്നെ തകർക്കുകയെന്ന ശൈലിയിലുമായിരുന്നു പിതാവിന്റെ ഭവനത്തെ പ്രാർത്ഥനയുടെ ഔന്നത്യത്തിന്റെ സാന്നിദ്ധ്യവും ആലയവുമായിട്ടാണ് യേശു വിവക്ഷിച്ചത്. അനുബ

www.malankaralibrary.com




ന്ധമായ എല്ലാ വ്യവഹാരങ്ങളെയും അവൻ ചോദ്യം ചെയ്തു. പിതാവിന്റെ ഹിതം തിരിച്ചറിഞ്ഞ് നിറവേറ്റുന്നതായിരുന്നു പുതിയ നിമയ പൗരോഹിത്യം. ജനങ്ങളിൽ നിന്നും ജനങ്ങൾക്കും ദൈവത്തിനുംവേണ്ടി ദൈവത്തോട് സംവദിക്കുകയും അങ്ങനെ ദൈവത്തിനായി ഒരു ജനതയെ വളർത്തിയെടുക്കുകയും ചെയ്തതുകൊണ്ട് ആ വൈദികൻ ജനകീയനും ദൈവജനത്തിന്റെ മണവും നിറവും ആവാഹിക്കുന്ന പുരോഹിതനുമായിത്തീരുന്നു. സാങ്കേതികമായി യേശു പുരോഹിതനല്ലെങ്കിലും ഹെബ്രായ ലേഖനത്തിൽ വിവക്ഷിക്കുന്നതുപോലെ ആഴമായ, യഥാർത്ഥമായ അർത്ഥത്തിൽ അവൻ നിത്യ പുരോഹിതനാകുന്നു. അപ്പോസ്തലൻമാരെപ്പോലെ അയക്കപ്പെട്ടവരാകായാൽ വൈദികർ ആ ദൗത്യത്തിൽ പങ്കുകാരാകുന്നു. പടിഞ്ഞാറേക്കൂറ്റച്ചൻ പൗരോഹിത്യത്തിന്റെ അനുഷ്ഠാന ബന്ധനങ്ങളിൽ തളയ്ക്കപ്പെടാതെ സുവിശേഷത്തെ ജീവിത ബന്ധിയാക്കി, അതിനെ ജീവിക്കുവാനും പ്രഘോഷിക്കുവാനും ദത്തശ്രദ്ധനായിരുന്നു. നിത്യപുരോഹിതനായ യേശു ലേവായ ക്രമപ്രകാരമായിരുന്നില്ല മറിച്ച് മെൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായിട്ടാണ് അവതരിച്ചത്. ഈ പൗരോഹിത്യത്തിൽ ഭാഗഭാക്കാക്കുകയെന്നത് ആചാരാനുഷ്ഠാന ബന്ധിയായി മാത്രം ജീവിച്ചുതീർക്കുന്ന ഒരു പൗരോഹിത്യജീവിതമല്ല. ബഹു. അച്ചൻ താൻ ശുശ്രൂഷ ചെയ്ത എല്ലാ സ്ഥലത്തും നാടിന്റെ വികസനത്തിനായി അത്യദ്ധ്വാനം ചെയ്തിരുന്നതായി നാം തിരിച്ചറിയുന്നു.

വിദ്യാഭ്യാസത്തിലൂടെ വളർച്ച എന്ന ലക്ഷ്യപ്രാപ്തിക്കായിട്ടാണ് ബഹു. അച്ചൻ പള്ളിയോടു ചേർന്ന് പള്ളിക്കൂടങ്ങൾക്ക് പ്രാധാന്യം നൽകിയത്. ചുങ്കപ്പാറയിലെ ക്രിസ്തുരാജ സ്കൂൾ ഇതിന് ഒരു ഉദാഹരണം മാത്രം. തിരുവല്ല രൂപതയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് മാനേജരായി അദ്ദേഹം നിയമിതനായത് ഈ പ്രതിബദ്ധത പരിഗണിച്ചുകൊണ്ടാണ്. അദ്ദേഹത്തിന്റെ അവസാന നാളുകളിൽ വികാരിയായിരുന്ന തോട്ടഭാഗത്ത് ഒരു സ്കൂൾ സ്ഥാപിക്കുവാൻ ശ്രമിച്ചത് ഇടവകജനങ്ങൾ ഇന്നും അനുസ്മരിക്കുന്നു. പൊതുജനത്തിന്റെ ആവശ്യം മനസ്സിലാക്കിയാണ് അന്ന് അദ്ദേഹം തോട്ടഭാഗത്ത് ഒരു ഓഡിറ്റോറിയം നിർമ്മിച്ചത്. പാവങ്ങളോടും വേദനിക്കുന്നവരോടുമുള്ള അദ്ദേഹത്തിന്റെ കരുതൽ എടുത്തുപറയേണ്ടതുതന്നെ. ഈ ദയാദാക്ഷിണ്യത്തെ അനേകർ മുതലാക്കിയതിന്റെ പരിണിതിയായി പലരും അദ്ദേഹത്തിന്റെ ദാരുണ അന്ത്യത്തെ വിലയിരുത്തിയിട്ടുണ്ട്. പ്രകൃതിയോടു സമരസപ്പെട്ട ഒരു വ്യക്തിയായിരുന്നു അദ്ദേഹം. കൃഷികാര്യങ്ങളിലും നല്ല പൂന്തോട്ട നിർമ്മിതിയിലും പരിസരത്തെ പ്രകൃതിയോട് ചേർന്ന് അദ്ദേഹം സംരക്ഷിച്ചിരുന്നു. യുവജനങ്ങളോടും കുട്ടികളോടും ചേർന്ന് സഭയെ വളർത്തുകയെന്ന ശൈലിയാണ് ബഹു. അച്ചൻ അവലംബിച്ചിരുന്നത്. സഹവൈദികരോടും മറ്റു സഹപ്രവർത്തകരോടും അദ്ദേഹം കാണിച്ചിരുന്ന സൗഹൃദവും സ്നേഹവും എടുത്തു പറയേണ്ടതു തന്നെയാണ്. തിരുവല്ലാ രൂപതയിൽ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിനോടു ചേർന്ന് വികാരി ജനറാളായി ഞാൻ പ്രവർത്തിച്ചിരുന്നപ്പോഴാണ് ബഹു. അച്ചന്റെ മരണവും അനുബന്ധ കർമ്മങ്ങളും. ക്രൂരമരണമായിരുന്നെങ്കിലും തുടർന്നു നടന്ന എല്ലാ ചടങ്ങുകളും എത്രയോ ശ്രേഷ്ഠവും രാജകീയവുമായിരുന്നു എന്ന് ഇപ്പോൾ പ്രത്യേകം അനുസ്മരിക്കുന്നു. കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടു വന്ന് മാതൃകാപരമായി ശിക്ഷിക്കുവാൻ സർക്കാരും വിവിധ ഡിപ്പാർട്ടുമെന്റുകളും രൂപതയോടു സഹകരിച്ചത് ഓർക്കുന്നു. തോട്ടഭാഗം ഇടവകയെ സംബന്ധിച്ചിടത്തോളം ബ. അച്ചന്റെ വേർപാടു തീവ്രവും ഒരിക്കലും ഉണങ്ങാത്തതുമായ ഒരു മുറിവാണ്. ഒരു വലിയ സമർപ്പണത്തിന്റെ, അതെ രക്തസാക്ഷിത്വത്തിന്റെ സ്മരണയാണ് ബ. അച്ചന്റെ ചൈതന്യമായി ഇവിടെ അവശേഷിക്കുന്നത്. വി.കുർബ്ബാന അർപ്പണത്തിലൂടെയും സമൂഹ ശുശ്രൂഷകളിലുടെയും വിശിഷ്യാ വൈദിക വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കുന്നതിലൂടെയും ബ. അച്ചനോടുള്ള കടപ്പാടും പ്രതിബദ്ധതയും പരിമിതമായിട്ടാണെങ്കിലും ഇടവകജനങ്ങൾ സജീവമായി നിലനിർത്തുന്നു. ബ. അച്ചന്റെ നിര്യാണത്തിന്റെ രജത ജൂബിലിയിൽ അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും തന്റെ ആചാര്യന്മാർക്കായി സ്വർഗ്ഗീയ ബലിപീഠങ്ങൾ ഒരുക്കിയിരിക്കുന്ന നീതിയുടെ കിരീടം നിത്യപുരോഹിതനായ യേശു അദ്ദേഹത്തെ അണിയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



www.malankaralibrary.com





# ഒരു സഹപാഠിയുടെ അനുസ്മരണകൾ



വന്ദ്യ തോമസ് താന്നിക്കാക്കുഴി
കോർ എപ്പിസ്കോപ്പാ

1958 ജൂൺ 3-നാണ് ഞാൻ തിരുവല്ല രൂപതയുടെ വക ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായി പ്രവേശിച്ചത്. മൈനർ സെമിനാരി റെക്ടർ ബ. ജോർജ്ജ് ചുണ്ടേവാലേൽ അച്ചൻ പുതിയ വിദ്യാർത്ഥികളെ സ്വീകരിച്ച് രൂപതാദ്ധ്യക്ഷൻ സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ മുറിയിൽ കൊണ്ടുപോകുകയും കൈമുത്തി അനുഗ്രഹം പ്രാപിക്കുകയും ചെയ്തതിനു ശേഷമാണ് സെമിനാരിയിൽ പ്രവേശിപ്പിച്ചിരുന്നത്. ബ്രദർ പടിഞ്ഞാറേക്കൂറ്റാണ് പുതിയ വിദ്യാർത്ഥികൾക്ക് താമസത്തിനുള്ള ക്രമീകരണങ്ങൾ കാണിച്ചു തന്നിരുന്നത്. അന്ന് മൈനർ സെമിനാരിയിൽ രണ്ട് വർഷക്കാലത്തെ പരിശീലനമേ ഉണ്ടായിരുന്നുള്ളു. രണ്ടാം വർഷക്കാരായി എട്ട് പേരും ഒന്നാം വർഷക്കാരായി ഞങ്ങൾ ഒമ്പത് പേരും അന്ന് പഠിച്ചിരുന്നു. ലത്തീൻ, സുറിയാനി, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളും ആരാധനാക്രമത്തിന്റെ വിവിധ ഭാഗങ്ങളും ബൈബിളും ആദ്ധ്യാത്മികതയും എല്ലാം പഠനവിഷയങ്ങളായിരുന്നു. നമസ്കാരങ്ങളെല്ലാം സുറിയാനിയിൽ തന്നെയാണ് ചൊല്ലിയിരുന്നത്. രാവിലെ 5:15ന് ഉണർന്ന് വൈകിട്ട് ഒൻപതുമണിക്ക് ആരംഭിക്കുന്ന രാത്രി പ്രാർത്ഥനയുടെ നാലു കൗമകളും ധൂപപ്രാർത്ഥനയും നടത്തിയിട്ടാണ് ഉറങ്ങാൻ പോയിരുന്നത്. രാവിലത്തെ ധ്യാനം മുട്ടിന്മേൽ നിന്നാണ് നടത്തിയിരുന്നത്. വൈദിക വിദ്യാർത്ഥികൾ ഓരോ ആഴ്ചയിലും ചെയ്യേണ്ടിയിരുന്ന ജോലികൾ നിർദ്ദേശിക്കുന്നത് പ്രീഫെക്റ്റായിരുന്ന പടിഞ്ഞാറേക്കൂറ്റ് ബ്രദർ ആയിരുന്നു.സെമിനാരിയിലെ നിയമ പഠനവും മറ്റ് അനുഷ്ഠാനങ്ങളും വീഴ്ച വരാതെ ശ്രദ്ധിക്കുന്നതിനും പ്രീഫെക്റ്റിന് ചുമതലയുണ്ടായിരുന്നു. കത്തോലിക്കാ സഹോദരങ്ങളെ വിശ്വാസത്തിലേക്ക് കൊണ്ടുവരാൻ ഉപയുക്തമായ വിധത്തിൽ പത്രമാസികകളും മറ്റും ശേഖരിച്ച് അവർക്ക് തപാൽ വഴി അയച്ചുകൊടുക്കുന്ന ഒരു പരിപാടി മൈനർ സെമിനാരികൾ നടത്തിയിരുന്നു. അതിന്റെ ചുമതല ഒന്നാം വർഷ വിദ്യാർത്ഥിയായ എന്നെ ഏൽപ്പിച്ചത് ബ്രദർ പടിഞ്ഞാറേക്കൂറ്റായിരുന്നു. മൈനർ സെമിനാരിക്കാലത്ത് അനുഭവപ്പെട്ട ചില അസുഖങ്ങൾ കാരണം ബ്രദർ ചുരുങ്ങിയകാലം ചികിത്സയിലായിരുന്നത് ഓർക്കുന്നു.

www.malankaralibrary.com


1959 മാർച്ച് മാസത്തോടെ ഞങ്ങളുടെ മുതിർന്ന സഹോദരന്മാർ ഓരോരുത്തരും തുടർ പഠനത്തിനായി മേജർ സെമിനാരിയിലേയ്ക്കുള്ള പ്രവേശനപരീക്ഷകളെഴുതി ജയിക്കേണ്ടിയിരുന്നു. ബ്രദർ പടിഞ്ഞാറേക്കുറ്റും ശാമുവേൽ നിലയ്ക്കൽ ശെമ്മാശനും തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിലാണ് പ്രവേശനം നേടിയത്. ജൂൺ മാസത്തിലെ ആദ്യവാരം അവർ അവിടേക്ക് യാത്രയാവുകയും ചെയ്തു. അടുത്ത ബാച്ചിൽ ബ്രദർ മാത്യു തെങ്ങുംതോട്ടത്തിലും ഞാനും 1960 ജൂൺ മാസത്തിൽ ബ. ചുണ്ടമണ്ണിൽ ശെമ്മാശൻ, നിലയ്ക്കൽ ശെമ്മാശൻ എന്നിവരോടൊപ്പം തൃശ്ശിനാപ്പള്ളി സെമിനാരിയിലേക്ക് യാത്ര തിരിച്ചു. യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തുതന്നത് ബ്രദർ പടിഞ്ഞാറേക്കൂറ്റായിരുന്നു. രാത്രി പതിനൊന്നുമണിക്ക് ഞങ്ങളുടെ ട്രെയിൻ തൃശ്ശിനാപ്പള്ളിയിലെത്തി. ഞങ്ങൾ പെട്ടിയും ചുമന്ന് പുറത്തിറങ്ങി. കാളവണ്ടിയിൽ കയറി 'ഗുരുമഠത്തിൽ' എത്തി. മുൻപരിചയമുള്ള ബ്രദർ പടിഞ്ഞാറേക്കൂറ്റ് ഞങ്ങൾക്കുവേണ്ട താമസ സൗകര്യങ്ങൾ കാണിച്ചുതന്നു. പിറ്റേദിവസം രാവിലെ വിശുദ്ധ കുർബ്ബാനയും പ്രഭാത ഭക്ഷണവും കഴിഞ്ഞ് തിരുവല്ലക്കാർ ഞങ്ങൾ അഞ്ചുപേരും ബ. റെക്ടറച്ചനെയും മറ്റ് ഗുരുക്കന്മാരെയും കണ്ട് പരിചയപ്പെട്ടു. തുടർന്ന് ഏഴ് വർഷക്കാലത്തെ സെമിനാരി ജീവിതത്തിൽ ആറു വർഷവും ഞങ്ങളുടെ ലീഡർ പടിഞ്ഞാറേക്കൂറ്റ് ശെമ്മാശനായിരുന്നു. മൂന്നാംവർഷ ദൈവശാസ്ത്ര പഠനകാലത്ത് ശെമ്മാശൻ സെമിനാരിയിലെ സബ്-ബീഡ്ൽ ആയി പ്രവർത്തിച്ചിരുന്നു.



സഹോദര തുല്യനായ അച്ചന്റെ ദേഹവിയോഗം സഭയ്ക്ക് നികത്താനാവാത്ത നഷ്ടമായി കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലവും അവശേഷിക്കുന്നു.

1961 മാർച്ച് മാസം അവസാനം ശെമ്മാശനും ഞാനും ആ വർഷത്തെ ഹാശാ ആഴ്ചയിൽ വൈദികരെ സഹായിക്കുന്നതിനായി രൂപതാധികാരികളുടെ നിർദ്ദേശമനുസരിച്ച് ബത്തേരിയിലേക്ക് യാത്രതിരിച്ചു. കോയമ്പത്തൂർ, മേട്ടുപ്പാളയം, കുന്നൂർ വഴി ഞങ്ങൾ സന്ധ്യകഴിഞ്ഞ് ഊട്ടിയിലെത്തി. രാത്രി ചെലവഴിച്ചത് ഊട്ടി ബിഷപ്പ്സ് ഹൗസിലായിരുന്നു. അന്ന് ഊട്ടി മെത്രാനായിരുന്ന അഭിവന്ദ്യ ആന്റണി പടിയറ പിതാവ് ഞങ്ങൾക്കുവേണ്ട എല്ലാ കാര്യങ്ങളും ചെയ്ത് തന്നത് നന്ദിയോടെ ഓർക്കുന്നു. രാവിലെ ഊട്ടിയിൽ നിന്നും തിരിച്ച് ഗൂഡല്ലൂർ എത്തിയ ഞങ്ങൾ സന്ധ്യവരെ അവിടെയുണ്ടായിരുന്ന പത്രവിൽപനക്കാരൻ ജോസഫ് ചേട്ടന്റെ കടയിൽ ചെലവഴിച്ചു. ഉച്ചകഴിഞ്ഞ് ഒരു വണ്ടി മാത്രമെ അന്ന് ബത്തേരിയ്ക്ക് ഉണ്ടായിരുന്നുള്ളു.

വലിയ അവധിക്കാലത്ത് ശെമ്മാശന്മാർ എല്ലാവരും മെയ് രണ്ടിന് മാർ അത്തനാസിയോസ് പിതാവിന്റെ ഫീസ്റ്റ് ആഘോഷങ്ങൾക്ക് അരമനയിൽ ഒത്തുകൂടുക പതിവായിരുന്നു. അതിനുശേഷം മേജർ സെമിനാരി വിദ്യാർത്ഥികൾക്ക് എടത്തിക്കാവിൽ രണ്ടാഴ്ചക്കാലത്തെ ഒരു ക്യാമ്പും നടത്തിയിരുന്നു. വെച്ചൂച്ചിറ വരെ ഞങ്ങൾ ബസിന് പോയിട്ട് അവിടെനിന്നും എടത്തിക്കാവുവരെ എല്ലാ സാധനസാമഗ്രികളും ചുമന്നുകൊണ്ടു വനത്തിലൂടെ നടന്നാണ് പോയിരുന്നത്. നാലുമണി കാപ്പികഴിഞ്ഞ് ഞങ്ങൾ വോളിബോൾ കളിച്ചിരുന്നു.

www.malankaralibrary.com





1966 മാർച്ച് മാസം പടിഞ്ഞാറേക്കൂറ്റ് ശെമ്മാശൻ വൈദികപട്ടം സ്വീകരിച്ച് പുരോഹിതനായി. വൈദിക ശുശ്രൂഷയ്ക്കായി കൊച്ചച്ചൻ മാനന്തവാടിയിലേക്കാണ് അയയ്ക്കപ്പെട്ടത്. ആറാട്ടുതറ പള്ളിയിൽ താമസിച്ചുകൊണ്ട് കമ്മനപ്പള്ളിയിലും കോറോം പള്ളിയിലും അച്ചൻ ശുശ്രൂഷ ചെയ്തിരുന്നു. പുഴ നീന്തിക്കടന്നാണ് കമ്മനപ്പള്ളിയിൽ പോയിക്കൊണ്ടിരുന്നത്. സ്വന്തം വാഹനമൊന്നും ഇല്ലാതിരുന്നതിനാൽ ഏതാണ്ട് ഇരുപത്തിയഞ്ച് കിലോമീറ്റർ ദൂരെയുള്ള കോറോം പള്ളിയിൽ ശുശ്രൂഷയ്ക്കായി തലേന്നുതന്നെ മക്കിയാട് ആശ്രമത്തിൽ പോയി താമസിച്ച് രാവിലെ മൂന്നുകിലോമീറ്റർ വയലിൽക്കൂടി നടന്ന് കോറോം പള്ളിയിൽ എത്തിയിരുന്നു. ഉച്ചകഴിഞ്ഞാണ് തിരികെവന്ന് കമ്മനപ്പള്ളിയിൽ വിശുദ്ധ ബലിയർപ്പിച്ചിരുന്നത്.



1966 ഡിസംബറിൽ ഞാനും വൈദികനായി, അഭിഷിക്തനായി. 1967 മാർച്ച് മാസം ഞാൻ തിരുവല്ലയിലെത്തി. ബഹു പടിഞ്ഞാറേക്കൂറ്റച്ചന്റെ ആഗ്രഹപ്രകാരം 1967 ഏപ്രിൽ രണ്ട് പുതു ഞായറാഴ്ച ഞാൻ കോറോം പള്ളിയിലും അന്ന് ഉച്ചകഴിഞ്ഞ് കമ്മനപ്പള്ളിയിലും വിശുദ്ധ കുർബ്ബാന അർപ്പിക്കുകയുണ്ടായി. ഏപ്രിൽമാസത്തിൽ കന്നഡ മിഷൻ തുടങ്ങുന്നതിനായി അഭിവന്ദ്യ പിതാവ് എന്നെ നിയോഗിക്കുകയും ഏപ്രിൽ 18 ന് ഞാൻ യാത്രയാവുകയും ചെയ്തു. അതിന് ശേഷം തിരുവല്ലയിൽ ഒത്തുകൂടിയിരുന്നത് വൈദികരുടെ വാർഷിക ധ്യാനത്തിനു മാത്രമാണ്. അധികം താമസിയാതെ ബഹു. അച്ചൻ തിരുവല്ലായിലേക്ക് തിരിച്ചുപോവുകയാണുണ്ടായത്. ഒടുവിൽ ഏതാണ്ട് ഇരുപത്തിയഞ്ചു വർഷങ്ങൾക്ക് മുമ്പ് ബഹു. അച്ചന്റെ ദാരുണമായ മരണവാർത്തയാണ് അറിയുന്നത്. കബറടക്ക ശുശ്രൂഷയിൽ ചെങ്ങരൂർ പള്ളിയിൽ പോയി സംബന്ധിച്ചിരുന്നു. കഴിഞ്ഞവർഷം ചെങ്ങരൂർ പള്ളിയിൽ വിശുദ്ധകുർബ്ബാന അർപ്പിക്കുകയും ബഹു. അച്ചന്റെ കബറിങ്കൽ പ്രാർത്ഥിക്കുകയും ചെയ്തു. മൈനർ സെമിനാരിക്കാലം മുതൽ ബഹു. പടിഞ്ഞാറേക്കൂറ്റച്ചനുമായി ഊഷ്മളമായ ബന്ധം കാത്തുസൂക്ഷിക്കാൻ എനിക്ക് സാധിച്ചിരുന്നു. സഹോദര തുല്യനായ അച്ചന്റെ ദേഹവിയോഗം സഭയ്ക്ക് നികത്താനാവാത്ത നഷ്ടമായി കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലവും അവശേഷിക്കുന്നു. അച്ചന്റെ ആത്മാവിന്റെ നിത്യതയ്ക്കായി പ്രാർത്ഥനകൾ നേരുന്നു.



www.malankaralibrary.com





www.malankaralibrary.com



# കുടുംബ ബന്ധങ്ങളെ ഊട്ടിഉറപ്പിച്ചിരുന്ന ജ്യേഷ്ഠസഹോദരൻ

1993 ഡിസംബർ 12-ാം തീയതി തിങ്കളാഴ്ച രാവിലെ സമയം 6 മണി. ടെലഫോൺ ബെല്ലടിക്കുന്ന ശബ്ദം കേട്ടുകൊണ്ടാണ് അന്ന് ഞാൻ ഉറക്കത്തിൽനിന്നും ഉണരുന്നത്. ഫോണിൽ ബഹു. രാമനാലിൽ അച്ചനായിരുന്നു. അച്ചൻ മല്ലപ്പള്ളി പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്ന കാലം. ഫോണിലൂടെ അച്ചനോട് ഞാൻ സംസാരിച്ചു. എത്രയും പെട്ടെന്ന് മല്ലപ്പള്ളി പള്ളിയിൽ എത്തണമെന്നായിരുന്നു മറുപടി. ഞാൻ കഴിവതും വേഗം പള്ളിയിൽ ചെന്നു. അപ്പോഴേക്കും അച്ചൻ കാറുമായി എന്നെ പ്രതീക്ഷിച്ച് നിൽക്കുകയായിരുന്നു. എന്നെ കാറിൽ കയറ്റി അച്ചൻ യാത്ര തിരിച്ചു. എങ്ങോട്ടാണ് അച്ചാ പോകുന്നത്? ഞാൻ തിരക്കി. തോമ്മാച്ചന് ഒരു അപകടമുണ്ടായെന്നറിഞ്ഞു. ആ വിവരം അറിയാൻ നമുക്ക് തോട്ടഭാഗം വരെ പോകാമെന്നു പറഞ്ഞു. പടിഞ്ഞാറേക്കൂറ്റ് അച്ചനെ അന്ന് തോമ്മാച്ചൻ എന്നായിരുന്നു അച്ചൻ വിളിച്ചിരുന്നത്. അപകടമെന്ന് കേട്ടപ്പോൾ എനിക്ക് എന്തെന്നില്ലാത്ത പ്രയാസമായി. ഞങ്ങൾ തോട്ടഭാഗം പള്ളിയോട് അടുത്തെത്തിയപ്പോൾ, ആയിരക്കണക്കിനാളുകൾ തിങ്ങി നിൽക്കുന്ന കാഴ്ചയാണ് കണ്ടത്. കാർ നിർത്തി ജനക്കൂട്ടത്തിനിടയിലൂടെ വളരെ കഷ്ടപ്പെട്ട് ഞങ്ങൾ പള്ളിമുറ്റത്തെത്തി. പടിഞ്ഞാറേക്കൂറ്റ് അച്ചന്റെ മുറിയുടെ മുന്നിൽ, ഒരു കസേരയിൽ തിമോത്തിയോസ് പിതാവ് ഇരിപ്പുണ്ടായിരുന്നു. ഞാൻ അച്ചന്റെ മുറിയിലേക്ക് ചെന്നു. എന്റെ കണ്ണുകൾക്ക് വിശ്വസിക്കാൻ പറ്റാത്തവിധം, എന്റെ ജ്യേഷ്ഠസഹോദരന്റെ ചേതനയറ്റ ശരീരമാണ് ഞാൻ കാണുന്നത്. ഉടൻതന്നെ പിതാവ് എന്നെ കെട്ടിപ്പിടിച്ച്, പള്ളിയിൽ കൊണ്ടുപോയി ഇരുത്തി. അൾത്താരയുടെ മുമ്പിൽ പിതാവ് മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചു. പിന്നെ ഒന്നും എനിക്ക് ഓർമ്മയില്ലായിരുന്നു. കഴിഞ്ഞ 25 വർഷങ്ങളായി ഞങ്ങൾ സഹോദരങ്ങളും കുടുംബവും അച്ചനുമായുള്ള ഓർമ്മകൾ പങ്കുവെച്ച് ജീവിക്കുന്നു.



കുഞ്ഞുമോൻ പടിഞ്ഞാറേക്കൂറ്റ്

പടിഞ്ഞാറേക്കൂറ്റ് തോമസ് - തങ്കമ്മ ദമ്പതികൾക്ക് മൂന്നു പുത്രൻമാരും, രണ്ട് പുത്രികളുമായിരുന്നു. രണ്ടുപുത്രിമാരും ഇന്ന് ജീവിച്ചിരിപ്പില്ല. മൂത്തപുത്രി അമ്മിണി വിവാഹിതയായിരുന്നു. മാവേലിക്കര, പുതുപ്പുരയ്ക്കൽ സാമുവേലാണ് വിവാഹം കഴിച്ചിരുന്നത്. ഇവർക്ക് രണ്ട് ആൺമക്കളും നാല് പെൺമക്കളും. മൂത്തമകൾ മോനിയെ അടൂർ പുത്തൻപറമ്പിൽ പരേതനായ ജോയിക്കുട്ടി വിവാഹം കഴിച്ചു.

www.malankaralibrary.com





ഇവർക്ക് സജി (ദുബായ്), സുനി (നഴ്സ്, കുവൈറ്റ്) എന്നീ രണ്ടു മക്കളുണ്ട്. രണ്ടാമത്തെ മകൾ പൊന്നമ്മയെ നീലഗിരി നെൻമേനിക്കുന്നേൽ ജോൺ (ഫാർമർ) വിവാഹം കഴിച്ചു. ഇവർക്ക് സുജ (നഴ്സ്) സോജാ, പരേതനായ അജി എന്നീ മൂന്ന് മക്കളുണ്ട്. മൂന്നാമത്തെ മകൾ ലിസിയെ ചെറിയനാട് നടുവാക്കാട്ട് പ്രസാദ് (കുവൈറ്റ്) വിവാഹം കഴിച്ചു. ഇവർക്ക് ലെയ (എം.എസ്.സി ബയോകെമിസ്ട്രി യു. കെ), പ്രദീപ് (അക്കൗണ്ടന്റ് കുവൈറ്റ്) എന്നീ രണ്ടു മക്കളുണ്ട്. നാലാമത്തെ മകൻ രാജൻ (ഫാർമർ) നീലഗിരി ചേലക്കൽമാക്കൽ ഗ്രേസിയെ വിവാഹം കഴിച്ചു. ഇവർക്ക് സാം ജോസഫ് (പഠനം) എന്ന ഒരു മകൻ ഉണ്ട്. അഞ്ചാമത്തെ മകൾ റോളിയെ കൊട്ടാരക്കര വലിയ വീട്ടിൽ അച്ചൻകുഞ്ഞ് (സൗദി) വിവാഹം കഴിച്ചു. ഇവർക്ക് അനൂപ് (അക്കൗണ്ടന്റ്) ഏബൻ (പഠനം) എന്നീ രണ്ട് ആൺമക്കളുണ്ട്. ആറാമത്തെ മകൻ ബാബുജി ബത്തേരി (കുവൈറ്റ്) വടുവൻചാൽ പായിക്കാട്ട് ബീനയെ (നഴ്സ് കുവൈറ്റ്) വിവാഹം കഴിച്ചു. ഇവർക്ക് ബിബിൻ, ബിനിത, ബിജില (മൂവരും പഠനം) എന്നീ മൂന്ന് മക്കളുണ്ട്. ബാബുജിയെ സംബന്ധിച്ചിടത്തോളം അച്ചന്റെ പിൻഗാമി എന്ന നിലയിൽ മലങ്കര സഭയുമായും, അഭിവന്ദ്യ പിതാക്കൻമാരുമായും ഏറ്റവും അധികം ബന്ധം പുലർത്തുന്നയാളാണ്. സാമൂഹിക സേവന രംഗങ്ങളിൽ അച്ചന്റെ ഉത്തമനായ പിൻഗാമി. തന്റെ ഇപ്പോഴത്തെ കർമ്മമണ്ഡലം കുവൈറ്റ് ആണെങ്കിലും അവിടെയും സഭയുമായി ചേർന്ന് കുവൈറ്റ് മലങ്കര റൈറ്റ് മൂവ്മെന്റിന്റെ പ്രസിഡന്റ് ആയും ബാബുജി പ്രവർത്തിച്ചിട്ടുണ്ട്. രണ്ടാമത്തെ മകൻ കുഞ്ഞൂഞ്ഞുകുട്ടി എന്ന് വിളിപ്പേരുള്ള തോമസ് കുര്യനാണ്. കുഞ്ഞൂഞ്ഞുകുട്ടി വിവാഹം കഴിച്ചത് കോട്ടാങ്ങൽ പനംതോട്ടത്തിൽ ആനവേലിൽ നിന്നും ആണ്. കുഞ്ഞമ്മയാണ് ഭാര്യ. കുഞ്ഞൂഞ്ഞു കുട്ടി-കുഞ്ഞമ്മ ദമ്പതികൾക്ക് അഞ്ച് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ട്. മൂത്തമകൾ ഓമന (സ്റ്റാഫ് നഴ്സ് എക്സ് ജർമ്മനി)യെ റാന്നി ഇടശ്ശേരി ഏബ്രഹാം (എക്സ് ജർമ്മനി) ആണ് വിവാഹം കഴിച്ചിരിക്കുന്നത്. അവരുടെ ഏകമകൻ കെവിൻ (എൻജിനീയർ) വിവാഹം കഴിച്ചിരിക്കുന്നത് കട്ടപ്പന കിഴക്കേക്കര ഭവനത്തിൽ അനുവിനെയാണ്. രണ്ടാമത്തെ മകൻ ടോമി ആനിക്കാട് കോഴിമണ്ണിൽ ലിസിയെ വിവാഹം ചെയ്തു. അവരുടെ ഏകമകൾ ബേബിന (എ.എഡ്. സ്റ്റുഡന്റ്) ഡൽഹിയിൽ പഠിക്കുന്നു. ടോമിയും കുടുംബവും ഇപ്പോൾ ഡൽഹിയിലാണ് താമസം. മൂന്നാമത്തെ മകൻ രാജൻ ബാല്യത്തിലെ മരിച്ചു. നാലാമത്തെ മകൻ ബാബു (പി. ഡബ്ല്യു. ഡി. കോൺട്രാക്റ്റർ) വെച്ചൂച്ചിറ ഇടിമണ്ണിക്കൽ ജെസ്സിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കളാണ്. മകൻ ജോയൽ (എൻജിനീയർ ദുബായ്)

www.malankaralibrary.com



ഇളയമകൾ ജെനീന (അസിസ്റ്റന്റ് പ്രൊഫസർ ബസേലിയോസ് കോളേജ്, തിരുവനന്തപുരം). അഞ്ചാമത്തെ മകൻ ഡൊമനിക് (ബിസിനസ്സ്) ചങ്ങനാശ്ശേരി പ്ലാമൂട്ടിൽ സാലിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് പെൺമക്കളാണ്. മൂത്തമകൾ ഡലീന (ബി. എസ്.സി. അനസ്തേഷ്യ) മദ്രാസ് അപ്പോളോയിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ മേഘന (ഫാം. ഡി സ്റ്റുഡന്റ്). ആറാമത്തെ മകൻ കൊച്ചുമോൻ (ബിസിനസ്സ്) ചങ്ങനാശ്ശേരി മണത്തുരുത്തി ഷേർലിയെ (ടീച്ചർ) വിവാഹം ചെയ്തു. അലീന, അജീന എന്നീ രണ്ട് പെൺമക്കളും, അരുൺ എന്ന മകനും (വിദ്യാർത്ഥികൾ), ഏഴാമത്തെ മകൾ ബീനായെ പാലാ വെച്ചൂർ ചെരുവിൽ ജോൺ (ബിസിനസ്സ്) വിവാഹം ചെയ്തു. മക്കൾ അലൻ, അശ്വിൻ, അലീന്റെ (മൂവരും വിദ്യാർത്ഥികൾ). ഏറ്റവും ഇളയമകൾ അനില (ടീച്ചർ)യെ നെടുംകുന്നം കാരുവേലിൽ സന്തോഷ് (ബിസിനസ്സ്) വിവാഹം ചെയ്തു. മക്കൾ എൻജോ, മെൽജോ (വിദ്യാർത്ഥികൾ). തോമസ്-തങ്കമ്മ ദമ്പതികളുടെ നാലാമത്തെ മകനായിരുന്നു പരേതനായ റവ. ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ്, അഞ്ചാമത്തെ മകനായി ജോർജ്ജ് തോമസ് (കുഞ്ഞുമോൻ) ലേഖകൻ പുറമറ്റത്ത് കോഴിമണ്ണിൽ കുടുംബത്തിൽ നിന്ന് വിവാഹം ചെയ്തു. ആനിയമ്മ (സ്റ്റാഫ് നഴ്സ്, എക്സ് ജർമ്മനി)യാണ് ഭാര്യ. രണ്ട് പെൺമക്കളാണ്. മൂത്തമകൾ ഹേമയെ (ബി.എസ്.സി നഴ്സ്) പുതുശ്ശേരി മൂവക്കോട്ട് കുന്നേൽ കുടുംബത്തിൽ ജോൺസൺ (എച്ച്. ആർ. മാനേജർ, പുഷ്പഗിരി) വിവാഹം ചെയ്തു. ഇവർക്ക് ജോഹൻ എന്ന മകനും ജെനി എന്ന മകളും ഉണ്ട് (വിദ്യാർത്ഥികൾ). ഇളയമകൾ രജനി(ബി.എസ്.സി., എം.എൽ.റ്റി ബഹ്റിൻ) യെ പനയമ്പാല നടുക്കേൽ ബിനു (എൻജിനീയർ ബഹ്റിൻ) വിവാഹം ചെയ്തു. ഇവർക്ക് ലിയ എന്ന മകളും ലിയോ എന്ന മകനും ഉണ്ട്.



ഞങ്ങളുടെ ബാല്യകാലത്തെ ഗ്രാമീണ ജീവിതരീതി ഇന്നത്തേതിലും വളരെ വ്യത്യസ്ഥമായിരുന്നു. ഇലക്ട്രിസിറ്റി ഈ പ്രദേശങ്ങളിലെങ്ങും ലഭ്യമല്ലായിരുന്നു. റേഡിയോ എന്ന് കേട്ടിട്ടുള്ളതല്ലാതെ, കണ്ടിട്ടില്ലായിരുന്നു. ടെലിവിഷനെപ്പറ്റി കേട്ടുകേൾവി പോലും ഇല്ലായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ അനന്തര ഫലമായി നിത്യോപയോഗസാധനങ്ങൾ പോലും ലഭിക്കുന്നത് പ്രയാസമായിരുന്നു. പെട്രോളിയം ഇന്ധനങ്ങളുടെ കുറവു മൂലവും സാമ്പത്തികമായ ചുറ്റുപാടുകൾ കൊണ്ടും ബസുകൾ ഉൾപ്പെടെ വാഹനങ്ങൾ കുറവായിരുന്നു. കരിഗ്യാസ് കൊണ്ട് ഓടിക്കുന്ന ബസുകൾ.. അന്ന് സാധാരണമായിരുന്നു. അവനവന്റെ പുരയിടത്തിൽ കൃഷി ഇറക്കി അതിന്റെ ആദായത്തിൽ നിന്ന് നിത്യവൃത്തി കഴിയുന്ന ഒരു ജീവിത ശൈലി ആയിരുന്നു അന്നത്തേത്. പടിഞ്ഞാറേക്കൂറ്റ് കുടുംബവും ഇതിൽ നിന്നൊക്കെ വ്യത്യസ്ഥമല്ലായിരുന്നു. അന്നത്തെ ലളിതജീവിതത്തിന്റെ സ്വാധീനം കുടുംബബന്ധങ്ങളിലും പ്രത്യക്ഷമായിരുന്നു. മാതാപിതാക്കളോടുള്ള ബഹുമാനവും, സഹോദരങ്ങൾ തമ്മിലുള്ള സ്നേഹബന്ധവും വളരെ ദൃഢവും ഊഷ്മളവും ആയിരുന്നു. ഞങ്ങൾ സഹോദരങ്ങൾ തമ്മിലുള്ള പ്രായവ്യത്യാസം സാധാരണയിൽ വളരെ കൂടുതലായിരുന്നു. എങ്കിലും ബഹു. അച്ചൻ ജന്മം കൊണ്ടു മാത്രമല്ല, കർമ്മം കൊണ്ടും ഞങ്ങളുടെ മദ്ധ്യസ്ഥനായി എന്നും നിലകൊണ്ടിരുന്നു. നടുവിലത്തെ ആ കണ്ണി ഞങ്ങൾക്ക് വളരെ ബലവത്തായിരുന്നു. ആ കണ്ണി വേർപെട്ട് പോയപ്പോഴാണ്, അതിന്റെ മാഹാത്മ്യം മനസ്സിലാക്കാൻ സാധിച്ചത്. അച്ചന്റെ സഹകരണ മനോഭാവവും കരുതലും, സ്വന്തം കുടുംബത്തോടു മാത്രം ഒതുങ്ങി നിൽക്കുന്നതല്ലായിരുന്നു. അയൽവാസികളോടും സ്ഥലവാസികളോടും അച്ചൻ ശുശ്രൂഷ ചെയ്തിരുന്ന ഇടവകകളോടും അവിടുത്തെ സ്ഥലവാസികളോടും എപ്പോഴും ഇപ്രകാരമാണ് പെരുമാറിയിരുന്നത്. പടിഞ്ഞാറേക്കൂറ്റച്ചൻ 1939 മാർച്ച് 4-ാം തീയതിയാണ് ജാതനായത്.

www.malankaralibrary.com



ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1959-ൽ വൈദികപഠനത്തിനായി തിരുവല്ല മൈനർ സെമിനാരിയിൽ ചേർന്നു. അതിനുശേഷം തൃശ്ശിനാപ്പള്ളി മേജർ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ അച്ചൻ 1966 മാർച്ച് 26-ാം തീയതി വൈദിക പട്ടം സ്വീകരിച്ചു. ഉടനെ തന്നെ, വൈദിക ശുശ്രൂഷയ്ക്കായി വയനാട് പ്രദേശങ്ങളിലേക്ക് നിയുക്തനായി. തന്റെ സംഘാടക പാടവവും, മറ്റുള്ളവരോടുള്ള ആത്മാർത്ഥമായ സഹകരണവും സമീപനവും, ലളിതമായ ജീവിതരീതിയും ജന മദ്ധ്യത്തിൽ വളരെ ആകർഷണീയനാക്കി. ഈ അവസരത്തിൽ എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയായിരുന്നു. തുടർന്നുള്ള പഠനത്തിന് അനുയോജ്യമായ സാഹചര്യം അച്ചന്റെ കൂടെയുള്ളതായിരിക്കുമെന്നതിനാൽ ഞാൻ അച്ചനോടൊപ്പം പോയി. അത് എന്റെ ജീവിതശൈലിയെ കാര്യമായി സ്വാധീനിച്ചു എന്നത് വളരെ കൃതജ്ഞതയോടെ ഞാൻ സ്മരിക്കാറുണ്ട്. അവരുടെ എല്ലാവരുടെയും സ്നേഹത്തിനും, സഹകരണത്തിനും പാത്രീഭൂതനാകുവാൻ സാധിച്ചിട്ടുണ്ട്. ജോലിത്തിരക്കിനിടയിലും സ്വന്തം മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും കാര്യങ്ങളിൽപ്പോലും വേണ്ടത്ര ശ്രദ്ധയും കരുതലും നൽകുവാൻ അച്ചൻ സദാ സന്നദ്ധനായിരുന്നു. എന്റെ വിവാഹകാര്യത്തിലും അച്ചനാണ് മുൻകൈ എടുത്ത് അനുയോജ്യമായ ഒരു വധുവിനെ തെരഞ്ഞെടുത്ത് തന്നത്. വീട്ടുകാരുടെയും നാട്ടുകാരുടെയും ഇടവകക്കാരുടെയും സഹവർത്തിത്തോടും കൂടെ മുന്നേറുവാനായി ബലമുള്ള നടുക്കത്തെ കണ്ണിയായി പ്രവർത്തിച്ചിരുന്ന അച്ചൻ 1993 ഡിസംബർ മാസം 12-ാം തീയതി തോട്ടഭാഗം പള്ളിയുടെ വികാരിയായി ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ ആകസ്മികമായി ഇഹലോകവാസം വെടിഞ്ഞു. കൈപിടിച്ച് നടത്തിയ അച്ചൻ ഇന്നും ഒരു ദീപമായി ഒരു കെടാവിളക്കായി ഒരു വഴിവിളക്കെന്നോണം വഴികാട്ടി ഞങ്ങളെ മുന്നോട്ട് നയിക്കുന്നു.



www.malankaralibrary.com



# ജനഹൃദയങ്ങളിൽ എന്നും ഇടമുള്ള പ്രിയങ്കരൻ



റ്റി. സി. അലക്സാണ്ടർ
തൈക്കാട്ടിൽ, ചെങ്ങരൂർ

ബഹുമാനപ്പെട്ട തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചനും, ലേഖകനുമായി വളരെ ചുരുങ്ങിയ കാലത്തെ പരിചയമേ ഉള്ളു. ആ ചുരുങ്ങിയ കാലത്തെ പരിചയം, എന്നെന്നും നിലനിൽക്കുന്നഒരു വലിയ ആത്മബന്ധത്തിനു കാരണമായി. ബഹു. അച്ചന്, പ്രഥമദൃഷ്ട്യാ വളരെ ഗാംഭീര്യമുള്ള മുഖഭാവം ആയിരുന്നതു കൊണ്ട്, അടുത്ത് ഇടപെടുന്നതിനും, പരിചയപ്പെടുന്നതിനും ഞാൻ ശ്രമിച്ചിരുന്നില്ല. ഞാൻ ബഹു. അച്ചനെ അടുത്തു പരിചയപ്പെടുന്നത്, 1993 മെയ് 14-ാം തീയതി അദ്ദേഹത്തിന്റെ ഇളയ സഹോദരൻ ശ്രീ. ജോർജ്ജ് തോമസിന്റെ (കുഞ്ഞുമോൻ) ഭവനത്തിൽ വെച്ചാണ്. ശ്രീ. ജോർജ്ജ് തോമസിന്റെ വിവാഹ വാർഷിക ദിനത്തിൽ അത്താഴവിരുന്നിന്, ഞാൻ കുടുംബസമേതം പങ്കെടുക്കുകയുണ്ടായി. അവടെ ബഹു. അച്ചനും സന്നിഹിതനായിരുന്നു. അദ്ദേഹം വളരെ സ്നേഹത്തോടും വാത്സല്യത്തോടും ഞങ്ങളോടു പെരുമാറുകയും എന്റെ അടുത്തു വന്നിരുന്ന് ദീർഘമായി സംസാരിക്കുകയും എന്റെ കുടുംബ വിവരങ്ങൾ തിരക്കി എന്റെ മകളെ (അന്നു നാലു വയസ്സ്) അടുത്തു വിളിച്ചിരുത്തി, കളിപ്പിക്കുകയും, ലാളിക്കുകയും ചെയ്തത് ഞാൻ ഇപ്പോഴും ഓർക്കുന്നു. ഭക്ഷണം കഴിഞ്ഞ്, ബഹു. അച്ചൻ അന്ന് വികാരിയിരുന്ന തോട്ടഭാഗം ദൈവാലയത്തിലേക്ക് പോകുന്നതിനു മുമ്പ്, ഒരു ഭക്ഷണപ്പൊതി കൂടി ആ ഭവനത്തിൽ നിന്നും വാങ്ങിക്കുകയുണ്ടായി. എനിക്ക് സഹായത്തിനായി അവിടെ ഒരു പയ്യൻ ഉണ്ട്. ഞാൻ എവിടെ പോയാലും ഇതുപോലൊരു ഭക്ഷണപ്പൊതി അവനു വേണ്ടി കരുതാറുണ്ട് എന്ന് ബഹു. അച്ചൻ ഞങ്ങളോടു പറഞ്ഞു. ഇങ്ങനെ സ്നേഹിച്ചു വളർത്തിയ ആ മകന്റെ കൈകൊണ്ട് തന്നെ രക്തസാക്ഷിത്വം വരിക്കേണ്ടി വന്നതും ദൈവഹിതമാകാം. ബഹു. അച്ചന്റെ വ്യക്തിത്വം, വളരെ

www.malankaralibrary.com



മധുരവും ആകർഷകവുമായിരുന്നു. വളരെ ഹൃദ്യമായ പുഞ്ചിരി, ഭംഗിയുള്ള ചലനങ്ങൾ, ആരേയും ആകർഷിക്കുന്ന രീതിയിലുള്ള സംഭാഷണ ശൈലി. ഇതെല്ലാമടങ്ങിയ ബഹു. അച്ചൻ ഏതൊരാളെയും പെട്ടെന്ന് തന്നിലേക്ക് ആകർഷിച്ചിരുന്നു. ഈ സ്വഭാവ വൈശിഷ്ട്യങ്ങൾ ബഹു. അച്ചന് ജനഹൃദയങ്ങളിൽ നല്ല സ്വാധീനം നേടാൻ ഇടയാക്കി.

ബഹു. അച്ചൻ കോർപ്പറേറ്റ് മാനേജർ ആയിരുന്ന സമയം, വളരെ നീതിപൂർവ്വം കാര്യങ്ങൾ കൈകാര്യം ചെയ്യുകയും, പാവങ്ങളോടു പരിഗണന കാണിക്കുകയും, ബലഹീനർക്ക് ആശ്വാസം പകരുകയും ചെയ്തിരുന്നു. ശാരീരിക ബലഹീനത ഉള്ള ഒരു അദ്ധ്യാപികയ്ക്ക്, ദൂരെ സ്ഥലത്തു നിന്നും, നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ടുതന്നെ, വീടിനടുത്തുള്ള ഒരു സ്കൂളിലേക്ക് സ്ഥലംമാറ്റം കൊടുത്തത് ഞാൻ ഓർക്കുന്നു

എല്ലവരെയും ഒരുപോലെ കാണുകയും, ചെറുതിനെയും, ചെറിയവരെയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു സ്വഭാവം ആയിരുന്നു ബഹു. അച്ചന്റേത്. ആരെയും മാറ്റി നിർത്താതെ, തന്റെ പക്കലേക്ക് വരുന്ന എല്ലാവർക്കും നിറസാന്നിദ്ധ്യമായി, സഹായമായി, സാന്ത്വനമായി, ആശ്വാസമായി കടന്നുചെല്ലാൻ കഴിവുള്ള ഒരു വലിയ മനസ്സിനുടമയായിരുന്നു. ബഹു. അച്ചൻ ദൈവപരിപാലനയിൽ താൻ ഏറ്റെടുത്ത എല്ലാ ശുശ്രൂഷകളും എളിമയോടും, വിശ്വസ്തതയോടും കൂടി നിർവ്വഹിക്കുവാൻ ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിന്റെ ഓരോ നിലപാടിലും, സ്നേഹത്തിന്റെ കൈയ്യൊപ്പ് പതിഞ്ഞിരുന്നു. സിദ്ധാന്തങ്ങളുടെ സങ്കീർണ്ണതയില്ലാത്ത ഹൃദയത്തിന്റെ ഭാഷ, ബഹു. അച്ചന് സ്വന്തമായിരുന്നു. തന്റെ ആശയങ്ങളെ എതിർക്കുന്നവരെ പോലും, ഹൃദയത്തോടു ചേർത്തുവയ്ക്കാനുള്ള, മനസ്സിന്റെ വിശാലത അദ്ദേഹം കാണിച്ചിരുന്നു. എല്ലാവരോടും ഒരു ഹൃദയ അടുപ്പം കാണിക്കുവാൻ, ബഹു. അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ പ്രത്യേകതകൾ ജനഹൃദയങ്ങളിൽ ബഹു. അച്ചന് ഒരു പ്രത്യേക സ്ഥാനം നേടിക്കൊടുത്തു.



1993 ഡിസംബർ 12 പ്രഭാതം, ഞങ്ങളെ സംബന്ധിച്ച്, ഞെട്ടിപ്പിക്കുന്ന വാർത്തയുമായാണ് കടന്നുവന്നത്. ബഹു. അച്ചൻ, തലേരാത്രിയിൽ കൊല ചെയ്യപ്പെട്ടു എന്ന ദുഃഖവാർത്ത വളരെപ്പെട്ടെന്നു നാടെങ്ങും അറിഞ്ഞു. ഈ നാടിനെ ഇത്രയേറെ ദുഃഖത്തിലാഴ്ത്തിയ, ഒരു മരണം ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം. അറിഞ്ഞവർ, അറിഞ്ഞവർ കണ്ണുനീരോടെ ബഹു. അച്ചന്റെ ഭൗതീക ശരീരം കാണാൻ തോട്ടഭാഗത്തേക്കു പോയി. പോലീസ് നടപടികൾക്കും, പോസ്റ്റുമോർട്ടത്തിനും ശേഷം ബഹു. അച്ചന്റെ ഭൗതീകശരീരം അന്നു വൈകിട്ടോടെ വിലാപയാത്രയായി അദ്ദേഹത്തിന്റെ ചെങ്ങരൂർ ഉള്ള ഭവനത്തിലേക്ക് കൊണ്ടുവന്നു. ബഹു. അച്ചന്റെ മൃതശരീരം ഒരുനോക്ക് കാണാൻ, റോഡിന്റെ ഇരുവശവും അച്ചൻ സ്നേഹിച്ച, ശുശ്രൂഷിച്ച ആളുകൾ തിങ്ങി നിറഞ്ഞിരുന്നു. എങ്ങും ദുഃഖം തളം കെട്ടി നിന്നിരുന്നു. മൃതശരീരം ഭവനത്തിലെത്തിയതോടെ ഒരു കൂട്ടക്കരച്ചിലായി. ബഹു. വൈദീകരും സിസ്റ്റേഴ്സും അവിടെ കൂടിയിരുന്ന മുഴുവൻ ജനങ്ങളും കരയുന്നത് കാണാനിടയായി

അന്നു രാത്രി മുഴുവൻ, ബഹു. അച്ചന്റെ മൃതശരീരം കാണാൻ, ജനങ്ങളുടെ ഒഴുക്കുതന്നെയായിരുന്നു. ബഹു. അച്ചന്റെ സംസ്കാരം 1993 ഡിസംബർ 14 ന് ചെങ്ങരൂർ മലങ്കര കത്തോലിക്കാ ദൈവാലയത്തിലെ കുടുംബക്കല്ലറയിൽ നടത്തപ്പെട്ടു. അന്നു കേരളത്തിന്റെ നാനാ ഭാഗത്തുനിന്നും ബഹു.അച്ചൻ ശുശ്രൂഷ ചെയ്ത ദൈവാലയങ്ങളിൽ നിന്നുമുള്ള ആളുകളെ കൊണ്ട് ചെങ്ങരൂർ പ്രദേശം തിങ്ങിനിറഞ്ഞു. ജനങ്ങളുടെ ബാഹുല്യം നിമിത്തം ബഹു.അച്ചന്റെ മൃതശരീരം ദൈവാലയത്തിലേക്ക് പ്രവേശിപ്പിക്കുവാൻ സാധിക്കുമോ എന്ന് ഭയപ്പെട്ട് ദൈവാലയം നേരത്തെതന്നെ അടച്ചിടേണ്ടി വന്നു. മൃതശരീരം ദൈവാലയത്തിൽ കൊണ്ടു വന്നതിനു ശേഷം ദൈവാലയത്തിലെ വാതിലുകൾ തുറന്ന്, പൊതുജനങ്ങൾക്കു കാണുവാൻ സൗകര്യമൊരുക്കുകയുണ്ടായി. ജനബാഹുല്യം നിമിത്തം ജനങ്ങളെ നിയന്ത്രിക്കുവാൻ അന്നു വികാരിയായിരുന്ന, ബഹു. ബഹനാൻ ചെറുപാലത്തിൽ അച്ചനും, ഇടവക സെക്രട്ടറിയായിരുന്ന എനിക്കും മറ്റു കമ്മറ്റി അംഗങ്ങൾക്കും നന്നേ കഷ്ടപ്പെടേണ്ടിവന്നു.

ശ്രീ. ജോർജ്ജ് തോമസ് പടിഞ്ഞാറേക്കൂറ്റ് ആയിരുന്നു അന്നു ഇടവക ട്രസ്റ്റി. അങ്ങനെ ചെങ്ങരൂർ മലങ്കര കത്തോലിക്കാ ഇടവകയും പ്രദേശവും ഒരു രക്തസാക്ഷിയുടെ കബറടക്കത്തിനു സാക്ഷിയായി ശരീരം കൊണ്ട് നമ്മിൽ നിന്നും അകന്നുപോയെങ്കിലും ഒത്തിരി മധുരസ്മരണകൾ ബാക്കിയാക്കി ആത്മീയമായി എന്നും നമ്മോടൊപ്പമുള്ള ബഹു. അച്ചന്റെ സ്നേഹസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. രക്തസാക്ഷിയായ ഒരു വിശുദ്ധനായിട്ടാണ് ഞാൻ എന്നും ബഹു. അച്ചനെ ഓർക്കുന്നത്. ഞാൻ പള്ളിയിൽ പോകുമ്പോഴെല്ലാം ബഹു. അച്ചന്റെ കബറിടത്തിൽ പ്രാർത്ഥിക്കുകയും മദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യാറുണ്ട്.

www.malankaralibrary.com



# തോമസച്ചൻ മാതാപിതാക്കളോടൊപ്പം



www.malankaralibrary.com



# ചുങ്കപ്പാറയുടെ അസ്തമിക്കാത്ത സൂര്യൻ



റവ. ഫാ. ഡോ. ചെറിയാൻ കോട്ടയിൽ
(ചാൻസിലർ, തിരുവല്ല അതിരൂപത)

ആദരവോടും ഏറെ സ്നേഹത്തോടും കൂടി എന്നും ഹൃദയത്തിൽ സൂക്ഷിക്കുന്ന മറക്കാനാവാത്തതും മായ്ക്കാനാവാത്തതുമായ സ്മരണയാണ് പടിഞ്ഞാറേക്കൂറ്റ് വന്ദ്യ തോമസ് അച്ചനെപ്പറ്റിയുള്ളത്.

അനേകരുടെ ഹൃദയങ്ങളിൽ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ശോഭയാർന്ന വെളിച്ചം പകർന്ന ആ ധന്യ ജീവിതം ഒരു ഗ്രാമത്തിന്റെ മാത്രമല്ല ഒരു തലമുറയുടെ മുഴുവനും ദീപ്തമായ സ്മരണയാണ്. ചുങ്കപ്പാറ ഇടവകയിലും ഈ പ്രദേശത്തിനാകമാനവും അദ്ദേഹം നൽകിയ ഊർജ്ജസ്വലമായ നേതൃത്വം, മനുഷ്യത്വം നിറഞ്ഞ ഒരു നല്ല തലമുറയ്ക്ക് അടിത്തറ പാകി. ഈ ധന്യ ജീവിതം വാക്കുകളിൽ വരച്ചെടുക്കാൻ ആവില്ലെങ്കിലും അച്ചനെ അക്കാലത്ത് അടുത്തറിഞ്ഞ ചില യുവാക്കളുടെ പ്രതിനിധിയായി ഏതാനും കാര്യങ്ങൾ കുറിക്കുന്നത് ഏറെ ധന്യമെന്ന് കരുതുന്നു.

ആലുവ മംഗലപ്പുഴ സെമിനാരിയിലേക്ക് പ്രൊഫസറായി സ്ഥലം മാറി പോകുന്ന പ്രഗത്ഭ വാഗ്മിയും പണ്ഡിതനുമായ ഞങ്ങളുടെ വന്ദ്യ വികാരി ബഹു. വർഗീസ് കിളിച്ചിമല അച്ചൻ 1979-ൽ തനിക്ക് പകരക്കാരനായി ചുങ്കപ്പാറയിൽ വികാരിയായി എത്തിച്ചേർന്ന തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചനെ സ്വാഗതം ചെയ്ത് സംസാരിച്ചു. 'ചുങ്കപ്പാറ ഇടവകയ്ക്ക് യുവത്വത്തിന്റെ ഊർജ്ജസ്വലതയും കണ്ണുകളിൽ ആത്മവിശ്വാസത്തിന്റെ കറ തീർന്ന പ്രകാശമുള്ള ഒരു യുവ വൈദികനെ ലഭിച്ചിരിക്കുന്നു. ഈ ഇടവകയ്ക്ക് മാത്രമല്ല ഈ പ്രദേശത്തിന് മുഴുവൻ വെളിച്ചം പകരാൻ അച്ചന് കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്.' ബഹു. കിളിച്ചിമല അച്ചന്റെ ഈ വാക്കുകൾ തികച്ചും പ്രവചന ശബ്ദമായിരുന്നു എന്ന് ഈ പ്രദേശത്തെ സകല ജനങ്ങളും വന്ദ്യ തോമസച്ചന്റെ പന്ത്രണ്ട് വർഷത്തെ ശുശ്രൂഷകളിലൂടെ തിരിച്ചറിഞ്ഞു. സംതൃപ്തമായ മനസ്സാണ് സന്തോഷത്തിന്റെ ആത്മാവ് എന്ന തത്വം എന്നും ജീവിതത്തിൽ കാത്തു സൂക്ഷിച്ചിരുന്നത് കൊണ്ട് ലഭിച്ചതിനെപ്പറ്റി നന്ദിയോടും സംതൃപ്തിയോടും കൂടി ജീവിച്ചു. തന്റെ ദൈനംദിന ജീവിതം ഉത്സവമായി ആഘോഷിക്കാൻ ഏറെ ശ്രദ്ധിച്ചിരുന്നു എന്ന് അച്ചനെ അടുത്തറിയാവുന്നവർക്കെല്ലാം ബോധ്യമുണ്ട്. ഒന്നിനെപ്പറ്റിയും പരാതികളില്ലാതെ ചെയ്യേണ്ടതും ചെയ്യാനുള്ളതുമായ കാര്യങ്ങളിൽ പരിപൂർണ്ണ ശ്രദ്ധ പതിപ്പിച്ച് ജീവിതത്തെ അർത്ഥപൂർണ്ണമാക്കി. ഹൃദയത്തിൽ സന്തോഷവും സംതൃപ്തിയും നിറച്ചിരുന്നത് കൊണ്ട് കണ്ടുമുട്ടുന്ന വേദനിക്കുന്നവരിൽ ആശ്വാസവും, നിരാശരിൽ പ്രത്യാശയുടെ പൊൻപുലരിയും സമ്മാനിക്കാൻ അച്ചന് കഴിഞ്ഞു. അതുകൊണ്ട്

www.malankaralibrary.com



തന്നെ അച്ചനെപ്പറ്റിയുള്ള നമ്മുടെ സ്മരണകൾ കാലം കഴിയും തോറും മങ്ങുന്നില്ല എന്ന് മാത്രമല്ല ഏറെ ശോഭയുള്ളതാകുന്നു എന്ന് അദ്ദേഹം ഭൗതികമായി പിരിഞ്ഞ് 25 വർഷങ്ങൾ പൂർത്തിയാകുമ്പോഴും നാം തിരിച്ചറിയുന്നു.

ആഹ്ലാദത്തോടെ കുത്തിയൊഴുകുന്ന നീർച്ചാൽ എവിടെയും അലസമായി തങ്ങിനിൽക്കാത്തത് കൊണ്ട്, മാലിന്യം കൊണ്ട് മരണം ജനിപ്പിക്കുന്ന വെള്ളക്കെട്ടുകളായ് മാറുന്നില്ലല്ലോ; എന്നത് പോലെ, പൗരോഹിത്യത്തോടുള്ള വിശ്വസ്തതയും കാര്യക്ഷമതയും സർഗ്ഗാത്മകതയും ഒന്നിച്ച് ചേർന്ന ഈ ജീവിതം, കണ്ടുമുട്ടിയവരിൽ എല്ലാം ജീവന്റെയും പ്രത്യാശയുടെയും മുകുളങ്ങൾ ജനിപ്പിക്കാനും വളർത്താനും ഒരു നല്ല നീർച്ചാലായി ശക്തിയോടെ ഒഴുകി; അതെ മരണം വരെ മലിനമാകാതെ ഒഴുകി... മറ്റുള്ളവരുടെ വേദനകൾ തൊട്ടറിയാനും ആശ്വസിപ്പിക്കാനും ആവശ്യക്കാരുടെ മുന്നിൽ തനിക്കുള്ളതെല്ലാം തുറന്ന് നൽകാനുമായി ഒരിക്കലും അച്ചൻ മടി കാണിച്ചിരുന്നില്ല.

യുവജനങ്ങളെ ഒന്നിച്ചു ചേർക്കുവാനും അവരിലെ സർഗ്ഗാത്മക കഴിവുകളെ പൊതുവേദികളിൽ അവതരിപ്പിക്കാനും അച്ചൻ എടുത്ത ത്യാഗങ്ങൾ വളറെ വലുതാണ്. ഇടവകയിലെ യുവാക്കളെ ഒന്നിച്ചു ചേർത്ത് കേരളത്തിലെ കത്തോലിക്ക യുവജനപ്രസ്ഥാനത്തിന്റെ പൊതുവേദികളിൽ എത്തിക്കാനും അവരുടെ കലാപരമായ അഭിരുചികൾ കൊച്ചിയിലെ പി. ഒ. സി. പോലെയുള്ള സഭയുടെ സുപ്രധാന കേന്ദ്രങ്ങളിൽ പ്രകടിപ്പിക്കാനുമുള്ള സാഹചര്യങ്ങൾ അച്ചൻ ഒരുക്കിയിട്ടുണ്ട് എന്ന കാര്യം മറക്കാനാവില്ല. സ്വന്തം ഇടവകയ്ക്ക് പുറത്തുള്ള സകല ജനത്തിന്റെയും സമഗ്ര പുരോഗതി അദ്ദേഹം ലക്ഷ്യം വെച്ചിരുന്നു. ക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം സ്വകാര്യ സ്വത്തല്ല മറിച്ച് അവൻ സകല ജനത്തിന്റെയും രക്ഷകൻ ആണ് എന്ന വേദപുസ്തക പാഠം ഏറെ ആഴത്തിൽ അച്ചൻ മനസ്സിലാക്കിയിരുന്നു. സാമ്പത്തിക പിന്നോക്കാവസ്ഥ ഏറെയുണ്ടായിരുന്ന ചുങ്കപ്പാറ പോലെയുള്ള ഒരു ഗ്രാമത്തിൽ അടുത്ത തലമുറ മെച്ചപ്പെട്ട വിദ്യാഭ്യാസം നേടണമെന്ന അച്ചന്റെ തീരുമാനം ചുങ്കപ്പാറയിൽ ക്രിസ്തുരാജ ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിക്കാൻ അദ്ദേഹത്തെ സന്നദ്ധനാക്കി. കഴിഞ്ഞ മുപ്പതിലേറെ വർഷങ്ങളിലായി സകലർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകി ഈ സ്ഥാപനം നാടിന് മുഴുവൻ അഭിമാനവും വെളിച്ചവുമായി പ്രശോഭിക്കുന്നു. ഈ സ്ഥാപനത്തിലൂടെ പഠിച്ചിറങ്ങിയ അനേകർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെ മെച്ചപ്പെട്ട ജോലികളിൽ മുഴുകിയിരിക്കുന്നു എന്ന കാര്യം അച്ചന്റെ സ്മരണകൾ ഏറെ ദീപ്തമാക്കുന്നു. ഒരു ജനതയുടെ സമഗ്രമായ വളർച്ചയ്ക്കും പുരോഗതിക്കുമായി അച്ചൻ ഏറ്റെടുത്ത ത്യാഗങ്ങളും വേദനകളും ഏറെ നന്ദിയോടെ ഓർക്കുന്നു. സ്വന്തം ആവശ്യങ്ങളിൽ ഏറെ ലാളിത്യം പുലർത്തിയ അച്ചൻ ചില വ്യക്തിപരമായ ദർശനങ്ങളിലും മൂല്യങ്ങളിലും ജീവിതത്തെ ഉറപ്പിച്ചു. ഈ ഓർമ്മക്കുറിപ്പെഴുതുന്ന എന്നെ സെമിനാരിയിലേക്ക് അയച്ചതും പന്ത്രണ്ട് വർഷങ്ങളുടെ നീണ്ട പരിശീലനത്തിൽ സഹയാത്രികനായിരുന്ന് സ്നേഹിച്ചും കരുതി വളർത്തിയതും അച്ചനാണ്. അച്ചൻ കാണിച്ച വലിയ സ്നേഹവും അതിലുപരിയായ തിരുത്തലുകളും മറക്കാനോ മായിക്കാനോ ആവില്ല. ആ പുണ്യപിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു. അച്ചന്റെ ഓർമ്മകൾ മുന്നോട്ട് യാത്ര ചെയ്യാനുള്ള വെല്ലുവിളിയും ഊർജ്ജവുമാണെന്ന് ഞാൻ വ്യക്തിപരമായി നന്ദിയോടെ സാക്ഷ്യപ്പെടുത്തുന്നു.











www.malankaralibrary.com





BETHANY SISTERS
THIRUVALLA PROVINCE
Ph: 0469 2630229



With Best compliments and Prayerful wishes...
MOOLEILPALLATHU FAMILY

www.malankaralibrary.com



# വയനാടിന്റെ പ്രിയങ്കരൻ

തിരുവല്ലാ രൂപതയുടെ മെത്രാൻ ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി 1958 ആരംഭത്തിൽ രൂപതാ പ്രവർത്തനങ്ങൾ മലബാർ ഭാഗത്തുകൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചു. അന്ന് രൂപതയിൽ സേവനം അനുഷ്ഠിച്ചിരുന്ന പ്രഗത്ഭ വൈദികരിൽ ഒരാളായിരുന്ന ബഹുമാനപ്പെട്ട തോമസ് നേര്യപറമ്പിലച്ചനെ ആ ചുമതല ഏൽപ്പിച്ചു. അദ്ദേഹം മാനന്തവാടി പട്ടണത്തിൽ നിന്നും ഏകദേശം 1 മൈൽ ദൂരെ ആറാട്ടുതറയിൽ ഒരു വീട് വാങ്ങി താമസിച്ചുകൊണ്ട് അവിടെ ഒരു ചാപ്പൽ പണിയിച്ച് പ്രവർത്തനം ആരംഭിച്ചു. അതിന്റെ ഫലമായി വയനാടിന്റെ വിവിധ ഭാഗങ്ങളിൽ ദൈവാലയങ്ങൾ സ്ഥാപിച്ചു. വയനാടിന്റെ പിന്നോക്കാവസ്ഥയും കാലാവസ്ഥയും രോഗങ്ങളും സഭയുടെ ബാലാരിഷ്ടതകളും വക വെയ്ക്കാതെ 1967-ൽ യുവ വൈദികനായ ബഹുമാനപ്പെട്ട തോമസ് പടിഞ്ഞാറേക്കൂറ്റച്ചൻ വയനാട്ടിൽ എത്തി മാനന്തവാടിയിലെ ആറാട്ടുതറയിൽ താമസിച്ചുകൊണ്ട് കമ്മന, കോറോം, എന്നീ ഇടവകകളിൽ തന്റെ സ്തുത്യർഹമായ സേവനങ്ങൾക്ക് തുടക്കം കുറിച്ചു. ഓരോ ഇടവകയും സ്വയം പര്യാപ്തമാകണമെന്നായിരുന്നു അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ കാഴ്ചപ്പാട്. ആ ലക്ഷ്യം സാധ്യമാകുന്നതിനു വേണ്ടി പ്രഗത്ഭരായ മുൻവികാരിമാരുടെ കാൽപ്പാടുകൾ പിൻതുടർന്നുകൊണ്ട് പള്ളിക്ക് സ്വത്തുവകകൾ കണ്ടെത്തുന്നതിനും പുരയിടത്തിൽ പരമാവധി ആദായം പിടിപ്പിക്കുന്നതിനും മറ്റും ഇടവക ജനങ്ങളുടെ ആത്മാർത്ഥമായ സഹായസഹകരണത്തിന് അച്ചൻ അക്ഷീണം പരിശ്രമിച്ചു. മലബാർ മേഖലയിലെ മലങ്കര സുറിയാനി കത്തോലിക്കർക്കു മാത്രമല്ല നാനാജാതി മതസ്ഥരായ ആളുകളുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ കൊണ്ട് അന്നാട്ടിലെ സഭാ പ്രവർത്തനങ്ങൾ കഴിവതും മെച്ചമാക്കാൻ അച്ചന് സാധിച്ചു. വയനാട് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമായിരുന്നു അന്ന്. കുന്നും, മലകളും, വയലേലകളും നിറഞ്ഞ വയനാട്ടിൽ റോഡുകളോ ഗതാഗത സൗകര്യങ്ങളോ വളറെ കുറവായിരുന്നു. കബനി നദി വലിയ മഴക്കാലത്ത് ഭീതിജനകമാം വിധം കരകവിഞ്ഞൊഴുകുമ്പോൾ ചെറിയ തോണിയിൽ സഞ്ചരിച്ചാണ് കമ്മന പള്ളിയിൽ എത്തിയിരുന്നത്. ആ സാഹചര്യത്തിലും മാനന്തവാടി, കമ്മന, കോറോം എന്നീ പള്ളികളിൽ എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വി. കുർബ്ബാന മുടക്കം കൂടാതെ നടത്തിയിരുന്നു എന്നത് ബഹു. അച്ചന്റെ ദൗത്യത്തെക്കുറിച്ചുള്ള ബോദ്ധ്യം വെളിപ്പെടുത്തുന്ന ഒന്നാണ്.

ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റച്ചന്റെ സേവനകാലത്ത് മലബാർ റീത്തിന്റെ പ്രവർത്തനം തലശ്ശേരിയിൽ നിന്നായിരുന്നു. മലബാർ റീത്തിന്റെ കീഴിലുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും മറ്റും അച്ചന്റെ സേവനം പ്രയോജനപ്പെടുത്തിയിരുന്നു. 1967-ൽ തുടങ്ങിയ മാനന്തവാടി മേഖലയിലെ ബഹു. അച്ചന്റെ സ്തുത്യർഹമായ സേവനം 1970-ൽ പര്യവസാനിച്ചു. അച്ചൻ തൃക്കോമല വികാരിയായിരുന്ന അക്കാലത്ത് ഞാൻ തൃക്കോമല പള്ളി ഇടവകയിൽ ഒരംഗമായി താമസിച്ച് പഠിക്കുകയും അദ്ധ്യാപക പരിശീലനം പൂർത്തിയാക്കി വയനാട്ടിലേക്ക് മടങ്ങുകയും ചെയ്തു. അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ നമ്രശിരസ്കനാകുന്നു. കേവലം ഒരു വിദ്യാർത്ഥിയായിരുന്ന കാലത്ത് നടന്ന ഓർമ്മകൾ ചിക്കിചികഞ്ഞുകൊണ്ട് ആണ് ഇത്രയും കുറിച്ചത്.



പി. പി. മാത്തുക്കുട്ടി മാസ്റ്റർ
അഞ്ച്കുന്ന്

www.malankaralibrary.com






www.malankaralibrary.com



# ഏവർക്കും പ്രിയങ്കരനായ തോമസ് പടിഞ്ഞാറേക്കൂറ്റച്ചൻ



വന്ദ്യ ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പാ

മലങ്കര കത്തോലിക്കാസഭ, 1980 കൾ വരെ സ്വയം പരിചയപ്പെടുത്തിയിരുന്നതും മറ്റുള്ളവർ അംഗീകരിക്കണമെന്ന് പ്രതീക്ഷിച്ചതും ഇന്ത്യയിലെ പുനരൈക്യ പ്രസ്ഥാനമെന്നാണ്. സഭയിലെ പിതാക്കന്മാരുടെ നിയോഗവും ഈ ദൗത്യമായിരുന്നു. കൂനൻകുരിശു സത്യത്തിനുശേഷം കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദയനീയമായ വിഭജനത്തിനൊരു പരിഹാരമെന്ന നിലയിൽ, വിഭജിച്ചു നിന്നവർ ഒരു കൂട്ടായ്മയിലേക്ക് മടങ്ങണമെന്നും അത് കത്തോലിക്കാ സഭയുടെ മടിത്തട്ടിൽ നിറവേറണമെന്ന് പിതാക്കന്മാർ കണ്ടെത്തി. സാക്ഷ്യത്തിലൂടെയും, പ്രബോധനത്തിലൂടെയും തങ്ങൾക്കതിന്റെ മുന്നോടികളാകാൻ സാധിക്കുമെന്നും ഉറച്ചുവിശ്വസിച്ചു. എന്നാൽ ഒരു പ്രസ്ഥാനത്തിൽ നിന്നും, കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ വളർന്ന്, ഒരു പൗരസ്ത്യ കത്തോലിക്കാ സഭയായി ഉയരാൻ സാധിച്ചത്, വത്തിക്കാൻ കൗൺസിലിന്റെ ദർശനം, കത്തോലിക്കാ സഭയെന്നാൽ സഭകളുടെ കൂട്ടായ്മയാണെന്നുമുള്ള ദർശനങ്ങളാണ്. അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുടെ പ്രബോധനത്തിന്റെയും അവസരോചിത ഇടപെടലിന്റെയും കൂടി ഫലമാണ്. പുനരൈക്യത്തിനപ്പുറത്ത് മലങ്കരയിലെ ചെറുസമൂഹം ഒരു സഭാസമൂഹമായി സ്വയം കാട്ടിക്കൊടുത്തും റീത്തുകാർ എന്ന വിളിപ്പേര് മാറിക്കിട്ടിയതും അതിനുശേഷമാണ്. എന്നാൽ മറ്റു സഭാദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ രൂപം കൊണ്ട പ്രസ്ഥാനങ്ങൾ പലതും ഇന്നും അവരുടെ തനിമ കണ്ടെത്താൻ സാധിക്കാതെ അന്വേഷണ പാതയിലാണ്. കാലഘട്ടമുകളിൽ പറയാൻ ശ്രമിച്ച സഭാ ദൗത്യങ്ങൾ വൈദികരുടെ പ്രേഷിത പ്രവർത്തന ശൈലിയിലും മാറ്റം കുറിച്ചു. ഒറ്റപ്പെട്ട പുനരൈക്യത്തിനു വേണ്ടിയുള്ള ശ്രമങ്ങൾക്കപ്പുറത്ത് ഒരു സഭയെന്ന നിലയിൽ തങ്ങൾക്കൊരു ദൗത്യം നിർവ്വഹിക്കാനുണ്ടെന്ന തിരിച്ചറിവ്, സമൂഹത്തോട് കൂടുതൽ പ്രതിബദ്ധത വളർത്താൻ സഹായിച്ചു. തങ്ങളുടെ പൗരസ്ത്യ പൈതൃകം, ഭാരതം മുഴുവനിലും, മലങ്കരമക്കൾ പ്രവർത്തിക്കുന്ന എല്ലായിടങ്ങളിലും സാക്ഷ്യപ്പെടുത്താനുള്ള ദൗത്യമായി നീങ്ങി. മുഴുവൻ സമൂഹത്തോടും തങ്ങൾക്കൊരു ദൗത്യമുണ്ടെന്ന തീക്ഷ്ണത വൈദീകരെ കൂടുതൽ കർമ്മോന്മുഖരാക്കി.

ബ. തോമസ് പടിഞ്ഞാറേക്കൂറ്റ് അച്ചൻ മലബാർ പ്രദേശത്ത് വിശിഷ്യ മാനന്തവാടിയിൽ നിർവ്വഹിച്ച ശുശ്രൂഷകളെ സ്മരിക്കുന്നു. വളരെ പരിമിതങ്ങളായ ജീവിതസാഹചര്യങ്ങളിൽ ചിതറിക്കിടന്ന അന്നത്തെ മിഷൻ കേന്ദ്രങ്ങളെ വളർത്തിയ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ സ്മരിക്കുന്നു. സ്വന്തം കുടുംബത്തിൽ നിന്നും വിശിഷ്യ പിതാവ് തോമാച്ചനിൽ നിന്നും ലഭിച്ച സഭാസ്നേഹം പുനരൈക്യ ശുശ്രൂഷയ്ക്ക് ഏറെ പ്രേരകമായി. റാന്നി മേഖലയിലും വിശിഷ്യ കോട്ടയത്തും അദ്ദേഹത്തിന്റെ സേവനങ്ങൾ സഭയുടെ ഉപരിവളർച്ചയ്ക്ക് വഴിതെളിച്ചു. സഭയ്ക്ക് പുറത്തുള്ളവർ ബഹു. അച്ചന്റെ ശുശ്രൂഷയ്ക്ക് ഏറെ പാത്രീഭൂതരായി. മതത്തിന്റെയും വർഗ്ഗത്തിന്റെയും അതിർത്തികൾക്കപ്പുറത്ത് ദൈവമുഖം ദർശിച്ച്, തന്റെ ശുശ്രൂഷ നടത്തിയ കാലഘട്ടത്തെയും സ്മരിക്കുന്നു. അകാലത്തിലുള്ള ദേഹവിയോഗം ദൈവിക ഭാഗമായി നാം കാണുന്നു. വൈദിക കൂട്ടായ്മകളിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നു. നല്ല ശമറായന്റെ ഉപമ മറ്റുള്ളവരുമായി അദ്ദേഹം പലപ്പോഴും പങ്കുവെച്ചിരുന്നു. അയൽക്കാരൻ എന്ന സങ്കല്പത്തിൽ അടങ്ങിയിരുന്ന സങ്കുചിത ചിന്തകൾക്കപ്പുറത്ത്, സഹായം ആവശ്യമുള്ളവരെ ജാതി മതഭേദ ചിന്തകൾക്കപ്പുറമായി സഹോദരനായി കരുതാനുള്ള ദർശനം അദ്ദേഹം പരിശീലിക്കുകയും കാരുണ്യപൂർവ്വമായ പ്രവർത്തികളിലൂടെ പ്രായോഗികമാക്കുകയും ചെയ്തത് ഓർത്ത് ദൈവത്തിനു നന്ദി പറയുന്നു.

www.malankaralibrary.com





അശ്വിൻ വി. ജോണി



# സ്നേഹത്തിന്റെ ദീപനാളം

നമ്മുടെ ജീവിതകാലം മുഴുവൻ സന്തോഷം ആഗ്രഹിക്കുന്നവരാണ് നമ്മൾ. ഈ കാര്യത്തിൽ നമ്മുടെ കുടുംബത്തിനാണ് പ്രാധാന്യം. കാരണം, സ്നേഹവും സന്തോഷവും കൊടുത്ത് ഒരു കുട്ടിയെ ഒരു നല്ല മനുഷ്യനാക്കി വാർത്തെടുക്കുന്നതിൽ കുടുംബം ഒരു വലിയ പങ്കുവഹിക്കുന്നുണ്ട്. എന്നാൽ കുടുംബം അച്ഛനും അമ്മയും സഹോദരങ്ങളും മാത്രം ആണെന്ന് വാദിക്കുന്നവരും വിശ്വസിക്കുന്നവരും ഉണ്ട്. അങ്ങനെയെങ്കിൽ ഒരാൾ ദിവസവും ചൊല്ലുന്ന ഇന്ത്യൻ പ്രതിജ്ഞയിൽ കൊടുത്തിരിക്കുന്ന എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ് എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കുന്നില്ലല്ലോ. കുടുംബത്തെപ്പറ്റിയാണല്ലോ പറഞ്ഞുവന്നത് എന്റെ കുടുംബത്തിലെ ഒരാളുടെ ഒഴികെ മറ്റെല്ലാവരുടെയും സ്നേഹം എനിക്ക് അനുഭവിക്കാനായിട്ടുണ്ട്. കാരണം ഞാൻ ജനിക്കുന്നതിനു മുമ്പേ അദ്ദേഹം നിത്യപുരോഹിതനായ ഈശോയുടെ അടുത്ത് എത്തിച്ചേർന്നിരുന്നു.

അതെ ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ് എന്റെ അമ്മ വിളിച്ചിരുന്ന ബേബിച്ചായൻ അഥവാ, അമ്മയുടെ അപ്പന്റെ അനിയൻ. എനിക്കദ്ദേഹത്തെ കാണാനുള്ള ഭാഗ്യം ലഭിച്ചിട്ടില്ല. ഒരു വ്യക്തിയിലൂടെ എങ്ങനെ ജീവിതം പഠിക്കാം എന്നതിന്റെ ഒരു ഉദാഹരണമാണ് പടിഞ്ഞാറേക്കൂറ്റച്ചൻ.


അമ്മ പറഞ്ഞത് കേട്ടനുസരിച്ചു അവർ അച്ചനെ 'അച്ചനപ്പച്ചൻ' എന്നാണ് വിളിച്ചിരുന്നത്. അതുകൊണ്ട് അച്ചനപ്പച്ചനെ കണ്ടിട്ടുപോലുമില്ലാത്ത ഞാൻ അദ്ദേഹത്തെപ്പറ്റി പറയുമ്പോഴും ആ പേരാണ് ഉപയോഗിച്ചിരുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് ഏറ്റവും കൂടുതൽ ഞാനറിഞ്ഞത് അമ്മയിൽ നിന്നാണ്. അമ്മ സൂക്ഷിച്ചുവച്ച അദ്ദേഹത്തിന്റെ മരണവാർത്തയുള്ള പത്രക്കുറിപ്പുകളിൽ നിന്നുമാണ്.

ആ പത്രത്തിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാനാവും എങ്ങനെയുള്ള ഒരു ജീവിതമാണ് അദ്ദേഹം നയിച്ചതെന്ന്. ഒരു കുടുംബത്തിലായിരിക്കുമ്പോൾ ഒരു കുടുംബാംഗത്തെപ്പോലെയും, ഒരു സമൂഹത്തിലായിരിക്കുമ്പോൾ എല്ലാവർക്കും ഒരു നല്ല സുഹൃത്തിനെപ്പോലെയുമാണ് അദ്ദേഹം ജീവിച്ചതെന്ന് ഞാൻ കേട്ടിട്ടുണ്ട്. ഒരാളുടെ മുഖത്ത് നോക്കുമ്പോൾ നമുക്ക് അയാളുടെ സ്വഭാവം അറിയാം. എപ്പോഴും പുഞ്ചിരിയോടെ നടക്കുകയും എല്ലാവരോടും അടുത്തിടപഴകുകയും ചെയ്യുന്ന അച്ചനെപ്പോലെ ഒരാളുടെ മുഖത്ത് അങ്ങനെയൊരു ശാന്തത ഇല്ലാതിരിക്കുമോ. അദ്ദേഹത്തെ ഫോട്ടോയിൽ മാത്രം കണ്ടിട്ടുള്ള എനിക്ക് ഈ അറിവുകളൊക്കെ വെച്ച് ഒരു നല്ല ജീവിതത്തിന് ഉത്തമ മാതൃകയാണ് എന്റെ അച്ചനപ്പച്ചൻ അഥവാ മലങ്കര കത്തോലിക്ക സഭയ്ക്ക് ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റ് എന്ന് മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല. അച്ചനപ്പച്ചന്റെ അനുഭവങ്ങൾ കേട്ടും മാതൃക സ്വീകരിച്ചുമാണ് എന്റെ ചേട്ടൻ സെമിനാരിയിൽ പോയത്. ചുരുക്കി പറഞ്ഞാൽ ചേട്ടായി പോലുമറിയാതെ ചേട്ടായിയുടെ ആത്മീയ ഗുരുവായിരുന്നു അച്ചനപ്പച്ചൻ. അങ്ങനെ സ്നേഹത്തിന്റെ ദീപനാളമായി ജ്വലിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു അച്ചനപ്പച്ചൻ. ദൈവത്തിനുവേണ്ടി ജീവിച്ച് അവിടുത്തെ ജനങ്ങൾക്കുവേണ്ടി ബലിയർപ്പിച്ച് ഒരു നല്ല പുരോഹിതനായിരുന്ന അച്ചന്റെ 25-ാം ചർമവാർഷികത്തിൽ അദ്ദേഹത്തിന്റെ ഒരിക്കലും അസ്തമിക്കാത്ത സ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനാമഞ്ജരികൾ.

www.malankaralibrary.com



# ചില ഓർമ്മ ചിത്രങ്ങൾ



www.malankaralibrary.com



ബഹുമാനപ്പെട്ട തോമസച്ചൻ ചുങ്കപ്പാറ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ പള്ളിയുടെ വികാരിയായി അദ്ദേഹത്തിന്റ 13-ാം പൗരോഹിത്യ വർഷത്തിൽ കടന്നു വരികയും ഏകദേശം ഒരു വ്യാഴ വട്ടക്കാലം (1979 ജൂൺ മാസം 6 മുതൽ 1991 വരെ) സേവനം അനുഷ്ഠിക്കുകയും ചെയ്തു. ഈ കാലഘട്ടം ഇടവകയുടെ സുവർണ്ണ കാലമായിരുന്നു. ഇടവക യിൽ ഒരു നവചൈതന്യം സൃഷ്ടിക്കാൻ ബഹു. അച്ചന് സാധിച്ചു. ഇടവകയിൽ നേരത്തെതന്നെ നടത്തിക്കൊണ്ടിരുന്ന സംഘടനകൾക്ക് ഊടുംപാവും നൽകി നവീകരിച്ചു. അദ്ദേഹത്തിന്റെ പ്രേഷിത തീഷ്ണതയാൽ ഇടവകയ്ക്കും അയൽ ഇടവകകൾക്കും നാടിനും നാട്ടുകാർക്കും പുരോഗതിയും പ്രയോജനവും ഉളവാക്കുന്ന അനേകം കാര്യങ്ങൾ നടപ്പിലാക്കി. ഇതിന്റെയെല്ലാം പിന്നിൽ അദ്ദേഹത്തിന്റെ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും സ്ഥിരപരിശ്രമവും സ്വയം ത്യജിച്ചു കൊണ്ടുള്ള അർപ്പണവും ഉണ്ടായിരുന്നു. ഇടവകയുടെ ഒമ്പതാമത്തെ വികാരിയായി സേവനം അനുഷ്ഠിച്ച അദ്ദേഹത്തെ ഒരുനാളും ഇടവക മക്കൾക്ക് മറക്കാൻ സാധിക്കയില്ല. അദ്ദേഹത്തിന്റെ സ്നേഹത്തോടുകൂടിയ പെരുമാറ്റരീതികൾ ഇടവകജനങ്ങളും വളരെയധികം വളർത്തിയിരുന്നു.

അദ്ദേഹം മികച്ച ഒരു സംഘാടകൻ ആയിരുന്നു. 1980 ഡിസംബർ 20 ന് കോട്ടയത്തുവെച്ച് നടത്തപ്പെട്ട പുനരൈക്യ കനകജൂബിലി ആഘോഷങ്ങൾക്ക് കാര്യമായ ചുമതല നിർവ്വഹണത്തിൽ പങ്കുചേരുകയും ഇടവക ജനങ്ങളെ മുഴുവൻ അതിൽ പങ്കെടുപ്പിക്കുകയും ചെയ്തു. ബഹു. അച്ചന്റെ നേതൃത്വശേഷി എടുത്തു പറയേണ്ട ഒരു വസ്തുതയാണ്. രൂപതാ യുവജന സംഘടനയായ യുവദീപ്തി ഇടവകയിൽ സ്ഥാപിച്ചതും ബഹു. അച്ചന്റെ പരിശ്രമത്താലാണ്. ക്രിസ്തുമസ്സിനോട നുബന്ധിച്ച് ഇടവകയിലെ മുഴുവൻ പ്രവാസികൾക്കും ബഹു. അച്ചന്റെ കൈപ്പടയിൽത്തന്നെ ക്രിസ്തുമസ് ആശംസാ കാർഡുകൾ അയച്ച് ഇടവകക്കൂട്ടായ്മയുടെ സ്നേഹസ്പന്ദനം അവരെ അറിയിച്ചിരുന്നു.



സിസ്റ്റർ ഡെൽഫിന
എസ്. ഐ. സി.

# മികച്ച സംഘാടകൻ

www.malankaralibrary.com



അയൽ ഇടവകകളോടും നാട്ടുകാരോടും വളരെ നല്ല ഒരു സുഹൃത്ബന്ധം സ്ഥാപിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു. ഇടവകയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയ്ക്ക് വളരെയധികം പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയുണ്ടായി. ഇടവകയുടെ ആദ്ധ്യാത്മിക കൂദാശകളുടെ അനുഷ്ഠാനത്തിൽ പ്രത്യേകിച്ച് വിശുദ്ധ കുർബ്ബാനയിലാണല്ലോ അധിഷ്ഠിതമായിരിക്കുന്നത്. തന്റെ പൗരോഹിത്യ ശുശ്രൂഷയ്ക്ക് അതീവ മുൻഗണന നൽകി ശ്രദ്ധയോടെ നിർവ്വഹിച്ച ഒരു പുരോഹിതൻ എന്ന നിലയിൽ, അതിൽ അനുഗ്രഹീതനായിരുന്നു അദ്ദേഹം. എല്ലാ ദിവസവും രാവിലെ 6:30 ന് വിശുദ്ധ ബലി അർപ്പിക്കുന്ന കാര്യത്തിൽ വളരെ നിഷ്ഠ വച്ചിരുന്നു. വി. കുർബ്ബാനയിൽ എന്നും കുറച്ചുപേർ പങ്കെടുത്തിരുന്നു. ശനിയാഴ്ചത്തെ കുർബ്ബാന കുട്ടികൾക്കുവേണ്ടി അർപ്പിച്ചിരുന്നു എന്നത് കുട്ടികളുടെ ആത്മീയ വളർച്ചയിൽ ബ. അച്ചനുണ്ടായിരുന്ന പ്രത്യേക ശ്രദ്ധ വെളിവാക്കുന്നു. കൂദാശപരമായ കാര്യങ്ങൾ ഇടവകജനങ്ങൾ നിഷ്ഠയോടെ നിർവ്വഹിക്കുന്നതിന് ബ. അച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. ആണ്ടുതോറും നടത്തികൊണ്ടിരുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന കൺവൻഷൻ വളരെ കൃത്യമായിത്തന്നെ ബ. അച്ചന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. ഇതിൽ ഇടവകജനങ്ങൾ മാത്രമല്ല ചുറ്റുപാടുള്ളവരെല്ലാം പങ്കെടുത്തിരുന്നു. എല്ലാവരെയും ദൈവമക്കളാക്കി വളർത്താൻ ബഹു. അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അഭിവന്ദ്യ മാർ അത്താനാസിയോസ് പിതാവിന്റെ അനുഗ്രഹാശ്ശിസ്സുകളോടെ 1973-ൽ ചുങ്കപ്പാറ ഇടവകയുടെ വികാരിയായിരുന്ന ജേക്കബ് വലിയപറമ്പിലച്ചന്റെ അനുവാദത്തോടുകൂടി ബഥനി സിസ്റ്റേഴ്സ് പള്ളിയിൽ മാതൃസമാജത്തിന് തുടക്കം കുറിച്ചു. സ്ത്രീ ശാക്തീകരണത്തിനാവശ്യമായ വിഷയങ്ങൾ മീറ്റിംഗിൽ അവതരിപ്പിച്ചിരുന്നു. അങ്ങനെ മാതൃസമാജത്തിന്റെ ആഭിമുഖ്യത്തിൽ എട്ട്നോമ്പ് നടത്തപ്പെട്ടുവന്നു. നോമ്പ് ദിവസങ്ങളിൽ പല വിശിഷ്ട വ്യക്തികൾ വന്ന് ധ്യാനം, മദ്ധ്യസ്ഥ പ്രാർത്ഥന, എന്നിവ നടത്തിയിരുന്നു. നോമ്പിന്റെ സമാപന ദിവസം അയൽ ഇടവകകളെക്കൂടി സംബന്ധിപ്പിച്ച് വൈകിട്ട് മെഴുകുതിരി കത്തിച്ച് പിടിച്ചുകൊണ്ടുള്ള പ്രദക്ഷിണം വളരെ ഭക്തിനിർഭരമായി നടത്തുന്നതിന് ബ. തോമസ് അച്ചൻ നന്നായി പ്രയത്നിച്ചിട്ടുണ്ട്. നിത്യസഹായ മാതാവിന്റെ വലിയ ഒരു ഛായാചിത്രം പള്ളിയിൽ സ്ഥാപിച്ചതും ബ. അച്ചന്റെ മാതൃഭക്തിയെ വിളിച്ചറിയിക്കുന്നതാണ്.

മദർ മോനിക്കയുടെയും ചുങ്കപ്പാറ മഠത്തിൽ അന്നുണ്ടായിരുന്ന സിസ്റ്റേഴ്സിന്റെയും ശ്രമഫലമായി ഒരു നഴ്സിംഗ് സ്കൂൾ മഠത്തോടനുബന്ധിച്ച് 1974 മുതൽ നടത്തുന്നുണ്ടായിരുന്നു. ബഹു. തോമസച്ചന്റെ അഭ്യർത്ഥനപ്രകാരം 1980-ൽ ഈ സ്കൂൾ ഇടവകതലത്തിൽ നടത്തുന്നതിന് വിട്ടുകൊടുക്കുകയാണ് ചെയ്തത്. 1980 ജൂൺ 6-ാം തീയതി 'ക്രിസ്തുരാജാ ഇംഗ്ലീഷ് മീഡിയം സ്കൂൾ' എന്ന പേരിൽ, ഈ സ്കൂൾ 1973-ൽ ബ. ജേക്കബ് വലിയ പറമ്പിലച്ചൻ പണി കഴിപ്പിച്ച പാരീഷ് ഹാളിൽ സ്ഥാപിതമായി. സ്കൂളിനാവശ്യമായ കെട്ടിടങ്ങൾ പണിയിക്കുന്നതിനും വളർത്തുന്നതിനും ദൈവത്തിൽ പൂർണ്ണമായി ആശ്രയം വച്ചുകൊണ്ട് പ്രവർത്തിച്ച ബഹു. അച്ചനെ ദൈവം വളരെയധികം അനുഗ്രഹിച്ചു. സ്കൂളിന്റെ ആവശ്യത്തിനുവേണ്ട കെട്ടിടം പണിയുന്നതിനും വൈദിക മന്ദിരം, ഇടവകപ്പള്ളിയുടെ എക്സ്റ്റൻഷൻ എന്നിവയ്ക്കു വേണ്ടിയും മറ്റും സാമ്പത്തിക സഹായത്തിനായി 1985-ൽ രണ്ടു പ്രാവശ്യം ബഹു. അച്ചൻ വിദേശത്തുപോയി. ക്രിസ്തുരാജാ സ്കൂളിന്റെ ആരംഭം മുതൽ ഇന്നുവരെ സ്കൂളിന്റെ ചുമതല ഏറ്റെടുത്ത് നടത്തുന്നത് ബഥനി സിസ്റ്റേഴ്സാണ് എന്ന കാര്യം എടുത്തു പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്.

ബ. പടിഞ്ഞാറേക്കൂറ്റ് അച്ചൻ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ വളരെയധികം തല്പരനായിരുന്നു. അഭിവന്ദ്യ തിമോത്തിയോസ് പിതാവിന്റെ കാലത്ത് ദളിത് ക്രിസ്ത്യൻസിന്റെ ഉന്നമനത്തിനായുള്ള കർമ്മപരിപാടികൾ രൂപപ്പെടുത്തി. ദളിത് കുട്ടികളെ താമസിച്ച് പഠിപ്പിക്കുന്നതിനുവേണ്ടിയുള്ള ബോയ്സ് ഹോം ഈ ഇടവകയിൽ ബ. തോമസ് അച്ചനാണ് സ്ഥാപിച്ച് നടപ്പിലാക്കിയത്. ആ കുട്ടികൾക്കാവശ്യമായ വിദ്യാഭ്യാസവും സംരക്ഷണവും നൽകി വളർത്തി. ഇന്ന് അവരിൽ പലരും ഉയർന്ന നിലയിൽ മാതൃകാപരമായ കുടുംബജീവിതം നയിച്ച് ദൈവവിശ്വാസത്തിൽ വളരുന്നതായി കാണാൻ കഴിയുന്നുണ്ട്. 1989-ൽ ചുങ്കപ്പാറ ഇടവകയുടെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് പാവപ്പെട്ടവർക്ക് വീട് വെച്ചുകൊടുക്കൽ, ആടുവിതരണം, തീർത്ഥാടനം, ജൂബിലി കൺവൻഷൻ, മെഡിക്കൽ ക്യാമ്പ്, ജൂബിലി സ്മാരക കുരിശടി നിർമ്മാണം, വിവാഹസഹായം, ചികിത്സാസഹായം മുതലായവ ചെയ്തിരുന്നു. ചുങ്കപ്പാറ ഇടവകയെ മലങ്കര കത്തോലിക്കാ സഭയുടെ വ്യക്തിത്വത്തിലും തനിമയിലും സംരക്ഷിച്ച് അതിന്റെ നാനാവിധമായ വളർച്ചയക്ക് അഹോരാത്രം പരിശ്രമിച്ച ഒരു മഹാവ്യക്തിയാണ് ബ. തോമസ് പടിഞ്ഞാറേക്കൂറ്റച്ചൻ. അദ്ദേഹത്തിന്റെ ഭാഗ്യസ്മരണ നിലനിർത്തുന്നതിന് കർത്തവ്യബോധത്തോടെ നമുക്കും പരിശ്രമിക്കാം.




www.malankaralibrary.com







# The Haven of Heavenly Harmony




**Nest 'n Mist**
Haven of Heavenly Harmony

A Leisure Hotel, Vaduvanchal - Wayanad

**Nest 'N Mist** is a leisure hotel exclusively designed to relax you from the everyday strenuous routine. We believe that worry free slices of time away from the tense city climate are indispensable for sustenance in our rush through life channels.

We provide you with 13 luxurious tastefully appointed and fully air conditioned suite rooms that come packed with the most modern of amenities that is sure to take you into a serene state of pleasure.

At the cradle of nature, overlooking stunning locations complete with tea plantations, lush green fields, mountains and caves along with the ever omnipresent tint of mist and dew, we set stage for brilliant holidays for you and family and friends alike.


Ph: 0493 6217 131, Fax: 0493 6217 133
Viduvanchal P.O-Wayanad, Kerala 673581- India
nm@nestinmist.com / www.nestinmist.com

www.malankaralibrary.com





# ഒരു കർമ്മയോഗിയുടെ കാൽപ്പാടുകൾ



വർഗീസ് ജോർജ്ജ്, കിണറ്റുകര
(ഐക്കരമേപ്രത്ത് കുടുംബയോഗം പ്രസിഡന്റ്)

ഏതൊരു വ്യക്തിയെക്കുറിച്ചു പ്രതിപാദിക്കുമ്പോഴും ആ വ്യക്തിയുടെ കുടുംബ പശ്ചാത്തലം, മാതാപിതാക്കൾ, വളർന്ന സാഹചര്യം, വിദ്യാഭ്യാസം, പ്രവർത്തനമേഖലകൾ, സാമൂഹ്യവും വ്യക്തിപരവുമായ ബന്ധങ്ങൾ-ഇവയെല്ലാം ആ വ്യക്തിയിൽ ചെലുത്തുന്ന സ്വാധീനമാണ് വ്യക്തിത്വ രൂപീകണത്തിലെ പ്രധാനഘടകങ്ങൾ എന്ന വസ്തുത വിസ്മരിക്കാനാവില്ല. അതുകൊണ്ടുതന്നെ വ്യക്തിയെക്കുറിച്ചുള്ള അനുസ്മരണയിൽ മേൽപ്പറഞ്ഞ വസ്തുതകൾ എല്ലാം തന്നെ പ്രതിപാദ്യവിഷയങ്ങളാകാറുണ്ട്. ഫാ. തോമസ് പടിഞ്ഞാറേക്കൂറ്റിനെപ്പറ്റി എഴുതുമ്പോഴും അവയൊക്കെ കടന്നുവരുന്നത്- അഥവാ വരേണ്ടത് തികച്ചും സ്വാഭാവികം മാത്രം. മാർത്തോമ്മൻ പാരമ്പര്യത്തിൽ കൊടുങ്ങല്ലൂരിനു സമീപമുള്ള പാലിയൂരിൽ നിന്നും വന്ന പകലോമറ്റം തറവാട്ടിലെ പൂർവീകരിൽ ഒരാൾ കുറവിലങ്ങാട്ടിനു സമീപമുള്ള കടുത്തുരുത്തിയിൽ 'തൂറയിൽ' എന്ന വീട്ടുപേരിൽ താമസിച്ചു. അവിടെ നിന്നും തുടർന്നുള്ള ജീവിതായോധനത്തിൽ സ്ഥലം തേടി പുറപ്പെട്ട പൂർവ്വീകരിൽ ഗീവർഗീസ് എന്ന പിതാവ് മണിമലയാറിന്റെ തീരത്തുള്ള ഫലഭൂയിഷ്ഠമായ വായ്പൂര് എന്ന പ്രദേശത്തുവന്ന് താമസം തുടങ്ങി. ആ പിതാവിനു മൂന്നുപുത്രൻമാർ ഉണ്ടായിരുന്നതിൽ ദ്വിതീയ പുത്രൻ ഗീവർഗീസ് ഗീവർഗീസ് കീഴ്വായ്പൂരുള്ള ഒരിപ്രാമണ്ണിൽ മാത്തന്റെ കൊച്ചുമകൾ റാഹേലമ്മയെ വിവാഹം കഴിക്കുകയും അവരുടെ വിധവയായ മാതാവിന്റെ സഹായാർത്ഥം ഒരിപ്രാമണ്ണിനു സമീപത്തുള്ള താഴത്തേടം പുരയിടം വാങ്ങി അവിടെ താമസം തുടങ്ങുകയും ചെയ്തു. ഗീവർഗീസ് ഗീവർഗീസ് എന്ന ഈ പിതാവിനുണ്ടായ ദ്വിതീയ പുത്രൻ മാത്തൻ താഴത്തേടത്തു താമസം തുടർന്നപ്പോൾ സീമന്ത പുത്രനായ ഗീവർഗീസ് മല്ലപ്പള്ളി മണിമലയാറിന്റെ തീരത്തുള്ള

www.malankaralibrary.com



ഇപ്പോഴത്തെ പഴയ സുറിയാനി പള്ളിയുടെ സമീപം ഐക്കര തറവാടിന്റെ മേക്കുഭാഗത്ത് പുരയിടം സമ്പാദിച്ച് ഐക്കരമേപ്രത്ത് എന്ന വീട്ടുപേരിൽ താമസം തുടങ്ങി. അവിടെ നിന്നും ഐക്കരമേപ്രത്തു കുടുംബയോഗത്തിന്റെ ആരംഭം കുറിക്കപ്പെട്ടു. താഴത്തേടത്തു താമസിച്ച മാത്തന്റെ നാലു ആൺ മക്കൾ നടുക്കേക്കൂറ്റ്, കിഴക്കേക്കൂറ്റ്, പടിഞ്ഞാറേക്കൂറ്റ്, കിണറ്റുകര എന്നീ വീട്ടുപേരുകളിൽ മല്ലപ്പള്ളിയിൽ വന്ന് താമസം തുടങ്ങി. അവരുടെ ജ്യേഷ്ഠ സഹോദരന്റെ മക്കൾ തുടർന്നുള്ള കാലയളവിൽ മല്ലപ്പള്ളി പ്ലാച്ചിറയിലും പാമ്പാടി കിഴക്കയിലുമായി താമസം ആരംഭിച്ചു. പടിഞ്ഞാറേക്കൂറ്റ് താമസിച്ച ഈശോയുടെ മകൻ കുര്യന് അഞ്ചു പെൺമക്കൾ ഉണ്ടായിരുന്നതിൽ നാലാമത്തെ മകൾ തങ്കമ്മയെ കോട്ടയത്തെ പുരാതന കുടുംബമായ പാറയ്ക്കൽ കുര്യന്റെ ഏകമകൻ തോമസ് വിവാഹം കഴിച്ച് പടിഞ്ഞാറേക്കൂറ്റ് കുര്യന്റെ അനന്തരാവകാശിയായി മല്ലപ്പള്ളിയിൽ താമസം ആരംഭിച്ചു. തോമസ്-തങ്കമ്മ ദമ്പതികൾക്കു മൂന്നു പുത്രൻമാരും രണ്ടു പുത്രിമാരും ഉണ്ടായതിൽ ദ്വിതീയ പുത്രനാണ് ഫാദർ തോമസ് പടിഞ്ഞാറേക്കൂറ്റ് എന്ന വന്ദ്യവൈദീകൻ. അച്ചന്റെ പിതാവ് തോമസ് പടിഞ്ഞാറേക്കൂറ്റ് ഐക്കര മേപ്രത്തു കുടുംബയോഗത്തിന്റെ സംഘാടകരിൽ പ്രമുഖനായ ഒരു വ്യക്തിയായിരുന്നു. കുടുംബാംഗങ്ങളിൽ ഐക്യബോധം വളർത്തി കുടുംബയോഗം അഭംഗുരം മുൻപോട്ടു നടത്തിക്കൊണ്ടു പോകുന്നതിനുവേണ്ടുന്നതായ മാർഗനിർദ്ദേശം നൽകുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു.

1960 കാലയളവിൽ അദ്ദേഹത്തിന്റെ വിശാലമായ ഭവനാങ്കണത്തിലെ പന്തലിൽ കുടുംബയോഗം വാർഷികം നടത്തിയിരുന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഇദ്ദേഹത്തിന്റെ സീമന്തപുത്രൻ കുര്യൻ കുടുംബയോഗത്തിന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിക്കുകയും കുടുംബചരിത്രനിർമ്മാണത്തിന് വേണ്ടുന്നതായ വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. തികഞ്ഞ കുടുംബ സ്നേഹിയായിരുന്ന തോമസ് പടിഞ്ഞാറേക്കൂറ്റ് ഏവർക്കും പ്രിയങ്കരനും ഒരു നല്ല വാഗ്മിയും എക്യുമെനിക്കൽ പ്രസ്ഥാനം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്തിരുന്ന അൽമായ പ്രേഷിതനുമായിരുന്നു. വിവിധ സഭാംഗങ്ങൾ ഉൾക്കൊള്ളുന്ന കുടുംബയോഗത്തിൽ അദ്ദേഹം ഏവർക്കും സ്വീകാര്യനും പൊതുസമ്മതനും ആയിരുന്നു. വേദപുസ്തക പഠനത്തിലും സഭാചരിത്രത്തിലും ഏറെ താൽപര്യം പ്രകടിപ്പിച്ചിരുന്ന അദ്ദേഹം ചെങ്ങരൂർ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ഇടവകയിലെ അംഗമായിരുന്നു.

ഫാദർ തോമസ് പടിഞ്ഞാറേക്കൂറ്റിന്റെ ജ്ഞാനസ്നാനം നടന്നത് ഇരുപ്പക്കൽ അത്തനാസ്യോസ് കത്തോലിക്കാ പള്ളിയിൽ വെച്ചായിരുന്നു. അച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം സമീപത്തുള്ള എൽ.പി. സ്കൂളിലും സെക്കണ്ടറി വിദ്യാഭ്യാസം നെടുങ്ങാടപ്പള്ളി സി.എം. എസ്. ഇംഗ്ലീഷ് ഹൈസ്കൂളിലുമായിരുന്നു. ചെറുപ്പം മുതൽക്കെ സൗമ്യനും പക്വമതിയുമായിരുന്ന അച്ചൻ വിദ്യാർത്ഥികൾക്കിടയിൽ മാതൃകാ വിദ്യാർത്ഥിയും അദ്ധ്യാപകർക്ക് പ്രിയങ്കരനായ ശിഷ്യനും ആയിരുന്നു. തന്റെ പിതാവിൽ നിന്നും ആർജ്ജിച്ചെടുത്ത വാക്ചാതുര്യവും ഭാഷാനൈപുണ്യവും ചെറുപ്പം മുതൽ പ്രസംഗ മത്സരങ്ങളിലും മറ്റും പ്രശോഭിക്കുവാൻ ഇടയാക്കി. മാത്രമല്ല, വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ആത്മീയതയുടെ പരിലാളനവും അദ്ദേഹത്തിൽ പ്രകടമായിരുന്നു.

സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം തിരഞ്ഞെടുത്തത് വൈദീക വൃത്തിയിലേക്കുള്ള പ്രവേശനമായിരുന്നു. 1959-ൽ തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുവാൻ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ പ്രവേശനം നേടി. തുടർച്ചയായ 9 വർഷത്തെ വൈദീകപഠനത്തിനു ശേഷം 1966-ൽ അദ്ദേഹം വൈദീകപട്ടം സ്വീകരിച്ചു. മാനന്തവാടിയിലെ പ്രേഷിതവേലക്കായിരുന്നു അച്ചന്റെ ആദ്യ നിയമനം. പ്രേഷിത വേലയ്ക്കൊപ്പം രൂപതയുടെ വകയായുണ്ടായിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്ത് ആദായകരമാക്കുന്നതിലും, പലർക്കും ജോലിക്കുള്ള അവസരം സൃഷ്ടിക്കുന്നതിലും അച്ചൻ പ്രത്യേകം താൽപര്യം എടുത്തിരുന്നു. പിന്നീട് പ്രവർത്തിച്ച റാന്നി മേഖലയിലും അച്ചൻ തന്റെ ദൗത്യം വിജയകരമായി നിർവ്വഹിക്കുകയായിരുന്നു. അക്കൂട്ടത്തിൽ എക്യുമെനിക്കൽ പ്രസ്ഥാനവുമായി അദ്ദേഹത്തിനുണ്ടായിരുന്ന സജീവ സാന്നിദ്ധ്യവും എടുത്തുപറയത്തക്കതാണ്. തുടർന്നുള്ള അജപാലന ശുശ്രൂഷാവേദി കോട്ടയം ജില്ലയിൽ പുതുപ്പള്ളി വാകത്താനം പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു. ഇതര സഭാവിഭാഗങ്ങളും വ്യത്യസ്ഥ ജാതിമതസ്ഥരുമായും അടുത്ത് ഇടപഴകുവാനും സൗഹാർദ്ദം ഉറപ്പിക്കുവാനും ഈ കാലയളവിൽ കൂടുതൽ പ്രയോജനകരമായി. സഭാ സമുദായ ജാതിഭേദമെന്യേ എല്ലാവരെയും അദ്ദേഹം സ്നേഹിച്ചു. അതുപോലെ അവർ അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. 1991-ൽ അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി, സേവനം അനുഷ്ഠിച്ച മേഖലയിലും മാതൃഇടവകയിലും ജാതിമത ഭേദമെന്യേ ഏവരും ചേർന്ന് ആഘോഷിച്ചത് അദ്ദേഹത്തിന്റെ കർമ്മമണ്ഡലങ്ങളിലെ ഊഷ്മളബന്ധങ്ങളുടെ പ്രതിഫലനങ്ങൾ ആയിരുന്നു. അതോടൊപ്പം അദ്ദേഹത്തിന്റെ പ്രവർത്തന മികവുകളെ മാനിച്ചുകൊണ്ട് തിരുവല്ല രൂപതയുടെ വിദ്യാഭ്യാസമേഖലയിൽ കോർപറേറ്റ് മാനേജരായും സഭ അദ്ദേഹത്തെ നിയമിച്ചു. ആത്മീയതയ്ക്കൊപ്പം ജനങ്ങളുടെ ഭൗതീകോന്നമനവും ലക്ഷ്യമാക്കി പലപ്രസ്ഥാനങ്ങൾക്കും ആരംഭം കുറിക്കുവാൻ അച്ചനെക്കൊണ്ടു സാധിച്ചുവെന്നതും പ്രത്യേകം പരാമർശം അർഹിക്കുന്നു. പ്രവർത്തിച്ച മേഖലകളിൽ കാൽപാടുകൾ പതിപ്പിച്ച ആ കർമ്മയോഗിയുടെ ഭൗതികശരീരം പുരോഹിതർക്കായി പ്രത്യേകം തയ്യാറാക്കപ്പെട്ടിരുന്ന ചെങ്ങരൂർ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ പള്ളിയുടെ സെമിത്തേരിയിൽ നിത്യവിശ്രമം കൊള്ളുന്നു. വന്ദ്യവൈദികന്റെ വിയോഗത്തിന്റെ രജത ജൂബിലിവർഷ സ്മരണയിൽ അച്ചൻ രക്ഷാധികാരിയായി പരിപാലനം ചെയ്തിരുന്ന ഐക്കര മേപ്രത്തു കുടുംബയോഗത്തിന്റെ ആദരാഞ്ജലികൾ വിനയപൂർവ്വം അർപ്പിക്കുന്നു.

www.malankaralibrary.com







ബ്രദർ ജോർജ്ജ് വെച്ചൂർ

# ജീവിതമാകുന്ന യാത്രയിലൂടെ ഒരു ഇടയൻ

*പൗരോഹിത്യം ഒരു മഹാദാനമാണ്. അതുപോലെ തന്നെ പുരോഹിത ജീവിതവും മഹത്വമുള്ളതാണ്. ഒരു പുരോഹിതനായി ദൈവത്തിനും ദൈവജനത്തിനുവേണ്ടിയും ജീവിക്കാൻ സാധിക്കുക എന്നത് ദൈവാനുഗ്രഹമാണ്.*

പൗരോഹിത്യ ജീവിതത്തിന് രണ്ട് പ്രാധാന്യം നമുക്ക് ദർശിക്കാൻ സാധിക്കും. ഒന്നാമതായി ഈശോ മിശിഹാ പറഞ്ഞതുപോലെ സ്വർഗ്ഗരാജ്യത്തിലേക്കു ഇടുങ്ങിയതും വേദനകളും പ്രതിസന്ധികളുമാകുന്ന മുള്ളുകളും നിറഞ്ഞ ഒരു ജീവിതമാണ് വൈദികന്റെ ജീവിതം. എന്നാൽ അതോടൊപ്പം തന്നെ, രണ്ടാമതായി ഈ വേദനകളും പ്രതിസന്ധികളും നിറഞ്ഞ ജീവിതത്തെ ദൈവജനത്തിനുവേണ്ടി സഹിക്കുമ്പോഴുണ്ടാകുന്ന ആനന്ദം നിറഞ്ഞ ഒരു ആത്മീയ ജീവിതം. ഇവ രണ്ടും ഒരുപോലെ അരങ്ങേറുന്ന ഒരു വൈദികന്റെ ജീവിതം അലൗകീക ജീവിതം എന്ന വിശേഷണത്തിന് നൂറ് ശതമാനവും യോഗ്യമാണ്. ഇപ്രകാരം നാം കാണുന്ന ഓരോ വൈദികന്റെയും ജീവിതം നമ്മെ വളരെയധികം സ്വാധീനിക്കും. എനിക്ക് കാണാൻ സാധിച്ചിട്ടില്ലെങ്കിലും കേൾവിയിലൂടെ എന്നെ വളരെയധികം സ്വാധീനിക്കുകയും പൗരോഹിത്യത്തിന്റെ മഹത്ത്വം എന്താണ് എന്ന് തന്റെ ജീവിതത്തിലൂടെ മനസ്സിലാക്കിത്തന്ന വ്യക്തിയാണ് ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റച്ചൻ. അടിയുറച്ച ദൈവവിശ്വാസികളായ അദ്ദേഹത്തിന്റെ മാതാപിതാക്കൾ അദ്ദേഹത്തെ ഒരു ഉത്തമ ക്രൈസ്തവനായി ജീവിക്കാൻ പഠിപ്പിച്ചു. എന്നും ദൈവത്തോടും ദൈവാലയത്തോടും അടുത്ത് വർത്തിച്ചിരുന്ന അദ്ദേഹത്തിന് തന്റെ കൗമാരത്തിൽത്തന്നെ ഒരു വൈദികനായി തീരണമെന്ന ആഗ്രഹം മുളയെടുത്തു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഒരിക്കലും എതിർത്തതായി കേട്ടിട്ടില്ല.

നിനക്ക് പൂർണ്ണബോധ്യം ഉണ്ടെങ്കിൽ സെമിനാരിയിൽ ചേർന്നോ എന്നായിരുന്നു അദ്ദേഹത്തിന്റെ പിതാവിന്റെ അഭിപ്രായം എന്ന് അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളിൽ നിന്ന് ഞാൻ പറഞ്ഞു കേട്ടിട്ടുണ്ട്. തന്റെ ശുശ്രൂഷാ മേഖലകളിലെല്ലാം അദ്ദേഹം പ്രശോഭിച്ചു. തനിക്ക് ഏൽപ്പിക്കപ്പെട്ട ജനത്തോട് കരുതലും സ്നേഹവും അച്ചനുണ്ടായിരുന്നു. വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹം ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. അദ്ധ്യാപകർക്കും, കുട്ടികൾക്കും അദ്ദേഹം സ്നേഹസമ്പന്നനായ പിതാവായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ദൈവജനത്തിന് തന്നാൽ ആവുംവിധം ക്രിസ്തുവിനെ പകർന്നുകൊടുക്കാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. നാട്ടുകാർക്കും വീട്ടുകാർക്കും അദ്ദേഹത്തിന് ഏൽപ്പിക്കപ്പെട്ട ദൈവജനത്തിനും കുട്ടികൾക്കും അദ്ധ്യാപകർക്കും വളരെ പ്രിയങ്കരനായിരുന്നു. ഒടുവിൽ 1992 ഡിസംബർ 12-ാം തീയതി അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഏതൊരു മഹത്‌വ്യക്തിയെയും പോലെ ഇന്നും തോമസച്ചൻ അനേകരുടെ ഹൃദയത്തിൽ ജീവിക്കുന്നു. അച്ചന്റെ ജീവിതം ഇന്ന് അനേകം പേർക്ക് മാതൃകയാണ്. ഇടറുന്ന ഇടയന്മാരുള്ള ഈ നൂറ്റാണ്ടിൽ നല്ല 'വൈദികജീവിതം ലഭിക്കാൻ തോമസച്ചനെപ്പോലെയുള്ളവരുടെ ജീവിതം ഏവർക്കും ഒരു വഴികാട്ടിയാകട്ടെ എന്ന് നമുക്കാശംസിക്കാം.............. അതിനായി പ്രാർത്ഥിക്കാം..................

www.malankaralibrary.com



# വിശ്വസ്തനും വിവേകിയുമായ പുരോഹിതൻ

**1991**-ൽ തോട്ടഭാഗം ഇടവകയുടെ 18-ാമത്തെ വികാരിയായി ബഹു. തോമസ് പടിഞ്ഞാറേക്കൂറ്റച്ചൻ ചാർജ്ജെടുത്തു. ആത്മീയതയും ക്രിയാത്മകതയും നിറഞ്ഞ അജപാലന ശുശ്രൂഷ. ആധികാരികതയും പ്രാഗത്ഭ്യതയും നിറഞ്ഞ പ്രവർത്തനശൈലി. വിശ്വസ്തനും വിവേകിയുമായ പുരോഹിതനും തനിക്കേൽപ്പിക്കപ്പെട്ട ഇടവക ജനത്തിന്റെ ആത്മീയവും മാനസികവും ഭൗതികവുമായ ആവശ്യങ്ങൾ കണക്കി ലെടുത്ത് സമഗ്രവും നൂതനവുമായ പദ്ധതികൾ ക്രമീകരിച്ച് അർപ്പണ മനോഭാവത്തോടും കഠിനാദ്ധ്വാനത്തോടും കർമ്മ നിരതനായിരിക്കുന്നതാണ് അച്ചന്റെ അജപാലന ജീവതശൈലി.

ബഹു. അച്ചൻ തോട്ടഭാഗം ഇടവക വികാരി ആയിരുന്നപ്പോൾ ഇടവക ട്രസ്റ്റിയായി കൂടുതൽ അടുത്ത് ഇടപെടുവാൻ സാധിച്ചത് ഞാൻ അനുസ്മരി ക്കുന്നു. കർമ്മകുശലതയും സമർപ്പണവും അദ്ദേഹത്തിനെ വ്യത്യസ്ഥനാക്കി. മലങ്കര കത്തോലിക്കാ സഭയ്ക്കും ഇടവക സമൂഹത്തിനും പൊതുസമൂഹ ത്തിനും വളരെ സ്തുത്യർഹമായ ശുശ്രൂഷയാണ് അച്ചനിലൂടെ ലഭിച്ചത്.

മനുഷ്യജീവിത്തിന്റെ അർത്ഥവും വ്യാപ്തിയും പൂർണ്ണമാ കുന്നത് ദൈവനിയോഗം തിരിച്ചറിഞ്ഞ് കാര്യങ്ങൾ നടപ്പിലാക്കുമ്പോഴാണ്. ജീവിച്ചു തീർന്നു എന്നു പറയുന്നതിലല്ല എങ്ങനെ ജീവിച്ചു എന്നതിലാണ് ദൈവത്തിന്റെ മഹത്വം നിലനിൽക്കുന്നത്. ബഹു. അച്ചനെ സംബന്ധി ച്ചിടത്തോളം ഉയരങ്ങളിൽ നിന്ന് ലഭ്യമായ എല്ലാ കഴിവുകളും സമൂഹ നന്മയ്ക്കായി ഉപയോഗിച്ച കഠിനാദ്ധ്വാനിയായ ഒരു മനുഷ്യനായിരുന്നു. ഇടവകയ്ക്ക് ഒരു പാരീഷ് ഹാൾ പണിയുന്നതിന്റെ ആവശ്യകത മനസ്സി ലാക്കി അതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും വളരെ മനോഹര മായ ഒരു ഹാൾ പണിയുകയും ചെയ്തു. മതബോധനത്തിൽ പ്രത്യേക അടുക്കും ചിട്ടയും വരുത്തുന്നതിനും ബഹു. അച്ചന് സാധിച്ചു.

അച്ചന്റെ അതിദാരുണമായ അന്ത്യം ഇടവകയ്ക്കും സമൂഹത്തിനും ശാപമായിതീരാതെ പുണ്യമായിതീരുവാൻ നമുക്ക് പ്രാർത്ഥിക്കാം. ദാരുണമായ ഒരു മരണം എന്നു ചിന്തിക്കുമ്പോൾ പോലും യൂദാസിനെപ്പോലെയാണല്ലോ ഈ സഹചാരികൾ എന്നത് ഒരു വലിയ ത്യാഗത്തിന്റെ സൂചന തന്നെയാണ്.

"നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവി ച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ പിതാക്കന്മാരെ കുർബ്ബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം" എന്ന പ്രാർത്ഥന നമുക്ക് പ്രാവർത്തിക മാക്കാം. എല്ലാ വർഷവും ഡിസംബർ 12-ാം തീയതി തോട്ടഭാഗം ഇടവക ഒന്നാകെ ബഹു. അച്ചനുവേണ്ടി വിശുദ്ധ ബലി അർപ്പിക്കുകയും ധൂപാർപ്പണം നടത്തുകയും ചെയ്തു വരുന്നു. ബഹു. പടിഞ്ഞാറേക്കൂറ്റച്ചൻ വന്നത് - രാജകീയമായി - തിരികെയുള്ള 'സ്വർഗ്ഗീയയാത്ര' അതിലും എത്രയോ രാജകീയമായിരുന്നു.....



ഇ. ജെ. ഫിലിപ്പ്
തോട്ടഭാഗം

www.malankaralibrary.com



നന്ദിപൂർവ്വം

പടിഞ്ഞാറേക്കുറ്റ് കുടുംബാംഗങ്ങൾക്കെന്നും ആദ്ധ്യാത്മികവും ഭൗതികവുമായ മണ്ഡലങ്ങളിൽ വൈദികനായി, പിതാവായി, സഹോദരനായി ഞങ്ങളുടെ എല്ലാമെല്ലാമായിരുന്ന 'ബേബിച്ചായൻ' എന്നു വിളിക്കുന്ന ബഹു.തോമസ് പടിഞ്ഞാറേക്കുറ്റച്ചനെ ഞങ്ങൾക്ക് നൽകിയ കരുണാമയനായ ദൈവത്തെ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. ബേബിച്ചായൻ കുടുംബ ബന്ധത്തിന് എന്നും വിലകല്പിച്ചിരുന്നു. സ്നേഹനിധിയായ വ്യക്തിയായിരുന്നു. ഞങ്ങളുടെ കുടുംബത്തിലെ എല്ലാ തീരുമാനങ്ങൾക്കും ബേബിച്ചായന്റെ ആലോചന ഉണ്ടായിരുന്നു. ബേബിച്ചായന്റെ വേർപാട് ഞങ്ങൾക്ക് നികത്താനാവാത്ത വിടവാണ് സമ്മാനിച്ചത്.

മനുഷ്യസ്നേഹിയും, കുടുംബസ്നേഹിയും, സഭാസ്നേഹിയുമാക്കി ബേബിച്ചായനെ വളർത്തിയെടുത്തതിൽ തിരുവല്ല അതിരൂപതയ്ക്കും, വന്ദ്യപിതാക്കന്മാർക്കും, വന്ദ്യഗുരുഭൂതരായ വൈദികർക്കും വലിയ ഒരു പങ്കുണ്ട്. ഏവരേയും നന്ദിയോടെ സ്മരിക്കുന്നു. ബേബിച്ചായന്റെ അന്ത്യശുശ്രൂഷകൾ രാജകീയമായി നിർവ്വഹിക്കുവാൻ സഹായിച്ച ചെങ്ങരൂർ പ്രദേശത്തെ വിവിധ സഭാംഗങ്ങളെയും, ഇടവകാംഗങ്ങളെയും, മതമേലദ്ധ്യക്ഷന്മാരെയും, വൈദികരെയും, സിസ്റ്റേഴ്സിനെയും, രാഷ്ട്രീയ സാമൂഹിക നേതാക്കളെയും, നിയമപാലകരെയും ഏറ്റം സ്നേഹത്തോടെ നന്ദിയോടെ ഓർക്കുന്നു. കോടതി വ്യവഹാരത്തിൽ നീതി നടപ്പിലാക്കാൻ സഹായിച്ചവരെ നന്ദിയോടെയല്ലാതെ സ്മരിക്കാൻ നിർവ്വാഹമില്ല.

അച്ചന്റെ 25-ാം ചരമവാർഷിക ദിനത്തോടനുബന്ധിച്ച് ഒരു സ്മരണിക തയ്യാറാക്കുന്നതിൽ സഹായിച്ച ചീഫ് എഡിറ്ററെയും മറ്റ് സബ് എഡിറ്റേഴ്സിനെയും നല്ല അനുസ്മരണങ്ങളും ആശംസകളും സമയബന്ധിതമായി അയച്ചുതന്ന എല്ലാ പ്രിയപ്പെട്ടവരെയും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പ്രകാശിപ്പിക്കുന്നു. 25-ാം ചരമവാർഷികം ഏറ്റം അനുഗ്രഹദായകമായ രീതിയിൽ ക്രമീകരിക്കാൻ സഹായിച്ച വിവിധ കമ്മറ്റികളുടെ ചെയർമാൻമാരെയും കൺവീനേഴ്സിനെയും അംഗങ്ങളെയും പ്രത്യേകം കൃതജ്ഞത അറിയിക്കുന്നു. ഏവർക്കും ഹൃദ്യമായ നന്ദി.



പടിഞ്ഞാറേക്കൂറ്റ കുടുംബാംഗങ്ങൾ

www.malankaralibrary.com





www.malankaralibrary.com

# ST. GEORGE MALANKARA CATHOLIC CHURCH

# CHUNKAPPARA



www.malankaralibrary.com


In loving memory of our beloved founder Rev. Fr. Thomas Padinjarekuttu

## Christhuraja Public School

(Affiliated to C.B.S.E. New Delhi Reg. No. 930989)

CHUNKAPPARA P.O., PATHANAMTHITTA DIST., KERALA
Ph: 0469 - 2696171 (O), 2696232 (Manager)
E-mail: christhurajachunkappara@gmail.com
Website: www.christhurajapublicschool.com



Institutions run by Archdiocese of Thiruvalla

## Christhuraja

### English Medium U.P School

(RECOGNISED BY THE GOVT. OF KERALA)

CHUNKAPPARA
☎: Ph: 0469 - 26967032 (Office)
2696232 (Manager)



## OUR OBJECTIVES

- We believe in healthy innovation and in the pursuit of perfection
- We thrive to inculcate the spirit of learning and wisdom through regular computed-aided learning in collaboration with Educomp and Oxford
- Unfolding the potential & natural talents by giving special training in Drawing, Dance, Instrumental Music, Karate and Yoga
- Well equipped, composite Lab & Library
- Special coaching in Sports & Games
- Regular counselling classes for learners and parents
- We seek to ensure the full involvement of the parents at every stage of the children's education through regular class PTA